ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വാല്യം 85

ഒല്ലൂക്കര ബ്ലോക്ക്

(തൃശ്ശൂർ ജില്ല)

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

# കോലഴി ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന റിപ്പോർട്ട്











കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ നിർവഹിക്കപ്പെടാവുന്നതല്ല ശരിയായ ജനായത്തം. അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ താഴെ നിന്ന് നിർവഹിക്കപ്പെടണം.

**മഹാത്മാഗാന്ധിജി**

ഓരോരുത്തരും, പുരുഷനാവട്ടെ അല്ലങ്കിൽ സ്ത്രീയാവട്ടെ, അവന്റെ അല്ലെങ്കിൽ അവളുടെ ഉത്തരവാദിത്വം ബോധ്യപ്പെടണമെന്ന് ജനായത്തം ആവശ്യപ്പെടുന്നു. അതാണ് പഞ്ചായത്ത്രാജ് അർത്ഥമാക്കുന്നത്.

**ടെണ്ടുൽക്കർ**

ഗ്രാമങ്ങളെ അവയുടെ ദാരിദ്രത്തിൽ നിന്നും മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും.

**ലൂയി ഫിഷ**

85-1

# ജനകീയ ആസൂത്രണ പ്രസ്ഥാനം

## സമഗ്ര വികസന റിപ്പോർട്ട്

### കോലഴി പഞ്ചായത്ത്

### 1996

**മുഖചിത്രത്തിൽ..........**

1. ഗ്രാമപഞ്ചായത്ത് ഓഫീസ്
2. Panchayath Shopping complex
3. Nethalakavu temple, Kuttoor
4. St. Thomas Church, Thiroor

**ഉള്ളടക്കം**


- ജനപങ്കാളിത്തത്തോടൊപ്പം ബോധവൽക്കരണവും വേണം.
- വികസനറിപ്പോർട്ട് തയ്യാറാക്കൽ
- പൊതു വിവരണങ്ങൾ
- വാർഷിക റിപ്പോർട്ട്
- കോലഴി ഗ്രാമ പഞ്ചായത്ത് വിസകന റിപ്പോർട്ട് - 96
- ചരിത്ര പശ്ചാത്തലം
- ഭൂപ്രകൃതി
- കൃഷി - ജലസേചനം
- മൃഗസംരക്ഷണം മത്സ്യബന്ധനം
- വ്യവസായം
- പൊതുജനാരോഗ്യം - കുടിവെള്ളം - പരിസര ശുചിത്വം
- വിദ്യാഭ്യാസം
- ഊർജ്ജം - ഗതാഗതം - വാർത്താവിനിമയം
- ഭവന നിർമ്മാണം - സാമൂഹ്യക്ഷേമം
- ബ്ലോക്ക് മുഖേന നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പരിപാടികൾ
- സംസ്ക്കാരം
- വനിത
- സഹകരണമേഖല
- പട്ടികജാതി - വർഗ്ഗക്ഷേമം
- ധനകാര്യം - വിഭവസമാഹരണം
- ഉപസംഹാരം

# വികസന റിപ്പോർട്ട് തയ്യാറാക്കൽ

കോലഴി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികളിലായി പഞ്ചായത്തിലെ 10 വാർഡുകളിലും ചേർന്ന വിശേഷാൽ ഗ്രാമസഭകളിലൂടെയായിരുന്നു. ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിൽ പരിശീലനം ലഭിച്ച പരിശീലകരും ഗ്രാമ പഞ്ചായത്ത് അംഗങ്ങളും ഗ്രൂപ്പ് തലത്തിൽ 12 വിഷയങ്ങളെ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ചു. നിർദ്ദേശിക്കപെട്ട സമയങ്ങളിലും സംഘടിപ്പിക്കപ്പെട്ട ശില്പശാലകളിലും യഥാസമയം പരിശീലകർ പങ്കെടുക്കുകയുണ്ടായി. തുടർന്ന്, ദ്വിതീയ സ്ഥിതി വിവരണകണക്കുകളുടെ ശേഖരണം വിവിധ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നടത്തി. ഭൂപ്രകൃതി പഠനത്തിന് പ്രത്യേക പഠനസംഘം പഠന യാത്ര സംഘടിപ്പിച്ചു. ചരിത്ര പഠനത്തിനായി വിവിധ ഭാഗങ്ങളിൽ ഒത്തുചേരുകയും ചെയ്തു. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി വിദഗ്ധരെ പങ്കെടുപ്പിച്ച് പ്രാഥമിക, ദ്വിതീയ, തൃതീയ മേഖല ഗ്രൂപ്പുകളിൽ നിന്നുളള പ്രതിനിധികൾ കരടുറിപ്പോർട്ട് തയ്യാറാക്കുകയും വിശദമായ ചർച്ചകൾക്കുശേഷം വികസന റിപ്പോർട്ടിന് അന്തിമരൂപം നല്കുകയും ചെയ്തു.



2-ാം വാർഡ് വിശേഷാൽ ഗ്രാമ സഭ ബ്ലോക്ക് പ്രസിഡന്റ് M.M അവറാച്ചൻ ഉൽഘാടനം ചെയ്യുന്നു. വേദിയിൽ മുൻപഞ്ചായത്ത് പ്രസിഡന്റുമാരായ V. K.രാഘവൻ, MR കൃഷ്ണൻകുട്ടി, പ്രിസിഡന്റ് ശ്രീമതി കുഞ്ഞമ്മ ഐസക്ക്, ബ്ലോക്ക് മെമ്പർ തോബിയാസ് തറയിൽ, സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ C. ശിവനാരായണൻ.



ശ്രീ. തേറമ്പിൽ രാമകകൃഷ്ണൻ **M. L. A.**



**Smt.** കുഞ്ഞമ്മ ഐസക്
പ്രസിഡന്റ്, കോലഴി പഞ്ചായത്ത്.



അന്നാസ് ലോനപ്പൻ
ജില്ലാ പഞ്ചായത്ത് മെമ്പർ.



തോബിയാസ് തറയിൽ
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് മെമ്പർ.

# കോലഴി പഞ്ചായത്ത് മുൻപ്രസിഡന്റുമാർ



സി. പി. താരു



എൻ. എസ്. മഹാദേവൻ



പി. കെ. രാഘവൻ



എ. കെ. ഫ്രാൻസിസ്



വി. കെ. രാഘവൻ



കെ. രാമചന്ദ്രൻ



എ. ആർ. കൃഷ്ണൻകുട്ടി



എം. എൻ. വാസുദേവൻ
മുൻ വൈസ് പ്രസിഡന്റ്



വി. എസ്. രമണി
സെക്രട്ടറി



കോലഴി പഞ്ചായത്ത് സ്റ്റാഫംഗങ്ങൾ



കേര വികസന സമിതിയുടേയും കോലഴി ഗ്രാമ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ
കേര വികസന സെമിനാർ M. L. A. ശ്രീ തേറമ്പിൽ രാമകൃഷ്ണൻ ഉൽഘാടനം ചെയ്യുന്നു.



നവ : 1 കർഷക ദിനത്തിൽ തിരഞ്ഞെടുത്ത കർഷകൻ
ശ്രീ. തരകൻ പൊറിഞ്ചു പൈലോതിനെ പൊന്നാടയണിയിച്ച് M. L. A. ആദരിക്കുന്നു.

# പൊതുവിവരങ്ങൾ



## 1 - ാം വാർഡ്
### M.R. കൃഷ്ണൻകുട്ടി
### (മുൻ പ്രസിഡൻറും
### ഇപ്പോഴത്തെ മെമ്പറും

കോലഴി 1-ാം വാർഡിൻെറ തെക്കുഭാഗത്തായി പൂവ്വണിക്ഷേത്രവും ക്ഷേത്രത്തിനടുത്തായി ചിന്മയാമിഷൻ പാരലൽ കോളേജും പ്രവർത്തിച്ചുവരുന്നു. പുത്തൻകുളം, മുണ്ടംകുളം, പുതുചിറ, പുതുവായ്ചിറ, ചിററടികുളം എന്നീ കുളങ്ങളും ലക്ഷംവീട് കോളനിയും ഉൾപ്പെടെ ഒന്നാം വാർഡിൽ ആയിരത്തിനുമുകളിൽ വീട്ടുകാർ താമസിക്കുന്നു. കോലഴി 1-ാം വാർഡിൽ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. മുൻപ്രസിഡണ്ട്. ശ്രീ. പി.കെ. രാഘവൻ ഈ വാർഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ മെമ്പറും മുൻ പഞ്ചായത്തുപ്രസിഡണ്ടുമായിരുന്ന ശ്രീ. എം.ആർ. കൃഷ്ണൻകുട്ടി ഈ വാർഡിൻെറ വികസനകാര്യങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.



## 2 - ാം വാർഡ്
### കുഞ്ഞമ്മ ഐസക്ക്
### പ്രസിഡൻറ് കോലഴി
### ഗ്രാമപഞ്ചായത്ത്

കോലഴി ഗ്രാമപഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയായ കുഴിയാലി പ്രദേശം മുതൽ 5-ാം വാർഡ് അതിർത്തി വരെ നീണ്ടുകിടക്കുന്ന കോലഴി 2-ാം വാർഡിൽ പുത്തൻമഠം കുന്ന് അംബേദ്കർ കോളനിയും കോലഴി കൃഷിഭവൻ ആഫീസും സ്ഥിതിചെയ്യുന്നു. ചെറുകിട വ്യവസായ സ്ഥാപനമായ ബെൻടെക് റബ്ബർ കമ്പനിയും അതിനോടനുബന്ധിച്ച സ്ഥാപനങ്ങളായ സൺ-ടെക് ട്യൂബ്സ് ററീസൺ റബ്ബർ കമ്പനിയും പ്രവർത്തിക്കുന്നു. കന്യാസ്ത്രീമഠങ്ങളായ ട്രിനിററി കോൺവെൻറും, മരിയാ ഭവനും 2-ാം വാർഡിൽ തന്നെയാണ്. കോലഴി 2-ാം വാർഡിൽ സെനാന മിഷൻ LP സ്ക്കൂളും, ദേവി അക്കാദമി ഹയർ സെക്കണ്ടറി സ്ക്കൂളും പ്രവർത്തിക്കുന്നു. കോലഴി പഞ്ചായത്തിലെ ഏററവും പഴക്കം ചെന്ന സ്ക്കൂൾ സെനാന മിഷൻ L.P സ്ക്കൂളാണ്. തൃശ്ശൂർ - ഷൊർണൂർ റോഡിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോപ്ലക്സ് സ്ഥിതി ചെയ്യുന്നു. 2-ാം വാർഡ് കാർഷികമേഖലയിൽ മുൻപന്തിയിലാണ് കൂർക്കകൃഷിയുടെ പ്രധാനകേന്ദ്രവും 2 ാം വാർഡിൽ തന്നെ. മുൻ പഞ്ചായത്ത് പ്രസിഡണ്ട്. ശ്രീ.വി.കെ. രാഘവൻ മാസ്ററർ ഈ വാർഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. മുൻ മെമ്പറും ഇപ്പോഴത്തെ പ്രസിഡണ്ടുമായ ശ്രീമതി കുഞ്ഞമ്മ ഐസക്ക് 1988 മുതൽ ഈ വാർഡിനെ പ്രതിനിധീകരിക്കുന്നു.



## 3 - ാം വാർഡ്
### N.R. ശാരദ ടീച്ചർ

3-ാം വാർഡിൽ തിരൂർ സെൻറ് തോമാസ് ഹൈസ്ക്കൂൾ, തിരൂർ സെൻറ് തോമസ് ചർച്ച്, ശ്രീ വടകുറുമ്പാക്ഷേത്രം, ഗ്രാമപഞ്ചായത്ത് ഓഫീസ്, ഓഫീസിനോടനുബന്ധിച്ചുള്ള മിനി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം, തിരൂർ വെററിനറി ഹോസ്പിററൽ, കോലഴി -കില്ലന്നൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസ്, തിരൂർ സർവ്വീസ് സഹകരണബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്കിൻെറ ശാഖ, തിരൂർ ക്ഷീരവ്യവസായ സഹകരണസംഘം എന്നിവ സ്ഥിതിചെയ്യുന്നു. തിരക്കുള്ള വ്യാപാര കേന്ദ്രമായ തിരൂർ സെൻററും 3-ാം വാർഡിൽ തന്നെയാണ് സ്ഥിതിചെയ്യുന്നത്. കുഞ്ഞിപ്പൊറിഞ്ചുമാസ്ററർ എന്നപേരിൽ അറിയപ്പെട്ടിരുന്ന മുൻ പഞ്ചായത്തുപ്രസിഡണ്ട് എ.കെ ഫ്രാൻസീസ് മാസ്ററർ കോലഴി പഞ്ചായത്തിൻെറ വിശിഷ്യാ തിരൂർ പ്രദേശത്തിൻെറ വികസനകാര്യങ്ങളിൽ മുൻകൈയെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. അദ്ധ്യാപകൻ കൂടിയായ ശ്രീ ഫ്രാൻസീസ് മാസ്ററർ നാടിനും നാട്ടാർക്കും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളും കൈവരിച്ചിട്ടുള്ള നേട്ടങ്ങളും ഈ നാടിൻെറ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. 1965 മുതൽ തിരൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രസിഡണ്ടായി സേവനം അനുഷ്ഠിക്കുകയും സംഘത്തിൻെറ വളർച്ചക്കും പുരോഗതിയ്ക്കും വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. യുവ

അഭിഭാഷകനും തിരൂർ സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗവുമായ അഡ്വ.പി.എസ് ഈശ്വരൻ ഈ വാർഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഈ വാർ ഡിനെ പ്രതിനിധാനം ചെയ്യുന്നത് ശ്രീമതി എൻ.ആർ. ശാരദ ടീച്ചറാണ്



## 4 - ാം വാർഡ്
## N.A. സാബു

കോലഴി ഗ്രാമപഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായിട്ട് സ്ഥിതിചെയ്യുന്ന 4-ാം വാർഡിൽ അച്ചുതപുരം ക്ഷേത്രത്തിനു സമീപമായിട്ടാണ് മുൻ പോലീസ് I.G. N.R. ശ്രീനിവാസയ്യരുടെ തറവാട്ടുവീട്. തിരൂർ, കോലഴി പോട്ടോർ പ്രദേശങ്ങളുടെ പഴയ കാലങ്ങളിലെ പല പ്രശ്നങ്ങളിലും അദ്ദേഹത്തിന്റെ പിതാവും "രാശുസ്വാമി" എന്നറിയപ്പെടുന്ന മുൻ പഞ്ചായത്ത് പ്രസിഡണ്ടുമായ ശ്രീ. N.S. രാമസ്വാമി അയ്യർ മദ്ധ്യസ്ഥം വഹിക്കുകയും ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെ N.R. ശ്രീനിവാസയ്യർ മുൻകൈയെടുത്ത് പല വികസന കാര്യങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. തിരൂരിലെ വടകുറുമ്പാക്ഷേത്രത്തിനോടനുബന്ധിച്ച് നിർമ്മിച്ചിട്ടുള്ള കല്യാണ മണ്ഡപത്തിന് "ശ്രീനിവാസകല്യാണമണ്ഡപം" എന്ന പേരിട്ടത് അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടിയാണ്. അച്ചുതപുരം റോഡുമുതൽ പോട്ടോർ വരെയുള്ള പ്രദേശത്ത് ബ്രാഹ്മണകുടുംബങ്ങളാണ് കൂടുതൽ അധിവസിക്കുന്നത്. പോട്ടോർ കുഴിങ്ങര കോളനിയിൽ പട്ടികജാതി വിഭാഗക്കാർ തിങ്ങിപ്പാർക്കുന്നു. വളരെനാളുകളായി മെമ്പർ ഇല്ലാതിരുന്ന ഈ വാർഡിൽ വികസന പ്രവർത്തനങ്ങൾ കുറവായിട്ടേ നടന്നിട്ടുള്ളൂ. അച്ചുതപുരം റോഡും കാർത്ത്യായനിയമ്പലം റോഡും ടാറിങ്ങ് അടക്കമുള്ള പണികൾ ചെയ്തുതീർക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. രാഷ്ട്രീയസാമൂഹ്യരംഗങ്ങളിൽ ഊർജ്ജസ്വലനായി പ്രവർത്തിക്കുന്ന ശ്രീ N.A. സാബു ഈ വാർഡിന്റെ ഇപ്പോഴത്തെ പ്രതിനിധി.



## 5 - ാം വാർഡ്
## K.R. കുമാരൻ
### വൈസ് പ്രസിഡന്റ്
### കോലഴി ഗ്രാമപഞ്ചായത്ത്

4-ാം വാർഡിന്റേയും 5-ാം വാർഡിന്റേയും അതിർത്തിയിൽ സ്ഥിതിചെയ്യുന്ന കാർത്ത്യായനി അമ്പലം റെയിൽവെ ലൈനിന് അഭിമുഖമായി സ്ഥിതിചെയ്യുന്നു. നാട്ടുകാരുടെ ശ്രമദാനത്തോടു കൂടെ മുൻമുഖ്യമന്ത്രി ശ്രീ.കെ.കരുണാകരന്റെ നേതൃത്വത്തിൽ കോലഴി പഞ്ചായത്തിലെ പാടത്തിന് കുറുകെ ആദ്യമായി പണികഴിച്ച കൈതച്ചാൽ, പോട്ടോർ റോഡ് ഈ പ്രദേശത്തേക്കുള്ള പ്രധാന റോഡായി മാറിയിരിക്കയാണ്. പോട്ടോർ ഫാമിലി വെൽഫയർ സെന്റർ, കാർഷിക കലാമന്ദിരം. B.M.C. ക്ലബ്ബ്, എന്നിവക്കു കെട്ടിടമുണ്ടാക്കുന്നതിന് ഈ വാർഡിനെ പ്രതിനിധീകരിച്ച മുൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ N.S. മഹാദേവയ്യർ മുൻകൈയെടുത്തിട്ടുണ്ട്. ഈ വാർഡിൽ വൈദ്യുതി ലൈനുകൾ സ്ഥാപിക്കപ്പെട്ടതും ആ കാലഘട്ടത്തിൽ തന്നെയാണ്. കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് മെംബറായിരുന്ന ശ്രീ T.S. രാഘവൻ വാർഡിൽ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും റോഡുകളുടെ അററകുററ പണികൾ നടത്തുന്നതിനും ആരാധന ക്ലബ്ബിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. അഞ്ചാം വാർഡിൽ എഴുത്തച്ഛൻ സമുദായത്തിൽപ്പെട്ടവർ കൂടുതലായി താമസിച്ചുവരുന്നു. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടുപ്രവർത്തിച്ചിരുന്ന നിരവധിപേർ ഈ പ്രദേശത്തുള്ളവരുടെ പൂർവ്വികരാണ്. പഞ്ചായത്ത് ഇൻസ്പെക്ടറായി പെൻഷൻപററിയ പരിചയസമ്പന്നനായ ശ്രീ. കെ. ആർ. കുമാരനാണ് ഈവാർഡിലെ മെംബറും കോലഴി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റും.



## 6 - ാം വാർഡ്
## K.K. മിനി

5, 6, 9 എന്നീ വാർഡുകൾ പുനർവിഭജനം നടത്തി 1987-ലാണ് ആറാം വാർഡ് രൂപീകരിച്ചത്. 72-ലെ O.L.H സ്കീം പ്രകാരവും 4 സെന്റ് മിച്ചഭൂമി നല്കി 100 വീട്ടുകാർ അടങ്ങിയ കോളനി സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അതോടനുബന്ധിച്ച് നിരവധി കുടുംബങ്ങൾ മററ് ഭാഗങ്ങളിൽ നിന്നും ഈ വാർഡിൽ താമസക്കാരായി വന്നിട്ടുണ്ട്. 1979ലെ Ogmentation സ്കീം പ്രകാരം കോലഴി പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിന്റെ ടാങ്കുസ്ഥാപിച്ചിട്ടുള്ളതും ഈ പ്രദേശത്താണ്. ആട്ടോർ, കൊട്ടേക്കാട്, കുററൂർ കേന്ദ്രീകരിച്ച് സാമൂഹ്യസാംസ്കാരിക രാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിക്കുകയും നാട്ടുകാരിൽ "തോബിയാസ് ചേട്ടൻ" എന്ന പേരിൽ അറിയപ്പെടുന്ന ഒല്ലൂക്കര ബ്ലോക്ക് മെംബർ തോബിയാസ് തറയിൽ മുൻ കോലഴി പഞ്ചായത്ത് മെംബർ കൂടിയായിരുന്നു. ഇവിടെ പുതിയതായി ആരംഭിച്ച അക്കര ഗാർഡൻസ് എന്ന പേരിലും മാനുവൽസൺസ് എന്ന പേരിലും ഹൗസിങ്ങ് ഡവ

ലപ്പ്മെൻറ് യൂണിററുകൾ ആരംഭിച്ചിട്ടുണ്ട്. ആട്ടോർ L.P. സ്ക്കൂൾ കൂടാതെ ആനന്ദമാർഗ്ഗികളുടെ ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്ക്കൂളും നടത്തിവരുന്നു. ഒരു ബീഡി സഹകരണസംഘവും ഈയിടെ ആരംഭിച്ച ഖാദി വനിത യൂണിററും ഈ വാർഡിൽതന്നെ. തിരൂർ സർവ്വീസ് സഹകരണസംഘം ഡയറക്ടർബോർഡ് അംഗമായ ശ്രീ.കെ.ശിവശങ്കരൻ ഈ വാർഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. വനിതാറിസർവേഷനിൽപെട്ട ഈ വാർഡിലെ മെംബർ മിസ്സ് കെ.കെ. മിനിയാണ്. പട്ടികജാതി പട്ടികവർഗ്ഗ സംവരണ സീററിലേക്ക് ആദ്യ മായി തെരെഞ്ഞെടുക്കപ്പെട്ടമെമ്പർ, ശ്രീ കെ. പി. നാരാ യണൻ ഈ പ്രദേശത്തെ നിവാസി ആയിരുന്നു.



## 7 - ാം വാർഡ്
## ജോസ് മാണി

7,8 വാർഡുകളിലായി സ്ഥിതിചെയ്യുന്ന പാമ്പൂർ വലിയപറമ്പ് ജവഹർ പട്ടികജാതി കോളനി 1952-ൽ തിരുകൊച്ചി പട്ടികജാതി വികസ മന്ത്രിയായിരുന്ന ശ്രീകെ. കൊച്ചുകുട്ടനാണ് സ്ഥാപിച്ചത്. 1995,96 വർഷത്തിൽ I.H.D.P കോളനിയായി തെരഞ്ഞെടുത്തിട്ടുള്ള ഈ കോളനിയിൽ 95 കുടുംബങ്ങളിൽ 50 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപെട്ടതാണ്. മുൻ പഞ്ചായത്ത് വൈസ് പ്രസിഡൻറായിരുന്ന ശ്രീ ഒ.കെ. അയ്യപ്പൻ കോളനിയുടെ വികസനപ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. മുൻ പഞ്ചായത്ത് പ്രസിഡൻറുമാരായ ശ്രീ കെ.പി. ജോസഫ് കോനിക്കര, ശ്രീ സിപി താരുമാസ്ററർ എന്നിവർ ഈ പ്രദേശത്തുകാരായിരുന്നു.

1995-ലെ ഏററവും നല്ല അദ്ധ്യാപകനുള്ള അവാർഡ് നേടിയ ശ്രീ ആൻേറാ ഫ്രാൻസിസ് മാസ്ററർ 7-ാം വാർഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. കൊട്ടേക്കാട് ക്ഷീരവ്യവസായസഹകരണസംഘം, വെററിനറി ഡിസ് പെൻസറി എന്നിവ ഈ വാർഡിൽ പ്രവർത്തിക്കുന്നു. കുററൂർ മേരിമാതാ പള്ളിയും പുത്തിശ്ശേരി ശിവ ക്ഷേത്രവും ഈ വാർഡിൽതന്നെ. സാംസ്കാരികരംഗ ങ്ങളിൽ പ്രവർത്തന പരിചയമുള്ള ശ്രീ ജോസ്മാണി യാണ് ഈ വാർഡിനെ നയിക്കുന്നത്.

പട്ടികജാതി റിസർവേഷനിൽപ്പെട്ട 8-ാം വാർഡിൽ ഒരു ലക്ഷംവീട് കോളനിയും പട്ടികജാതിവിഭാഗ ത്തിൽപ്പെട്ട 35 കുടുംബങ്ങളും ഈ വാർഡിൽ ഉണ്ട്. 1964-ൽ സ്ഥാപിതമായ പാമ്പൂർ A.V.M. L.P. സ്ക്കൂൾ അഖിലേന്ത്യാതലത്തിൽ രണ്ടാമത്തേതായ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻെറ മസ്ലിൻ പ്രോജക്ട് സെൻറർ സ്ലൈവർ പ്ലാൻറ് ഈ വാർഡിൽ സ്ഥിതി



## 8 - ാം വാർഡ്
## P.T. രാധാകൃഷ്ണൻ

ചെയ്യുന്നു. പ്രീതി മഹിളാസമാജവും G.S.S ലൈബ്രറി പാരാമൗണ്ട് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് എന്നിവ ഈ വാർഡിൽത്തന്നെ. പാമ്പൂർ സുബ്ര ഹ്മണ്യക്ഷേത്രവും മുസ്ലീംകളുടെ ഒരു മദ്രസ്സയും ഈ വാർഡിലെ ആരാധനാ കേന്ദ്രങ്ങളാണ്. വിയ്യൂർതോടു മായി ബന്ധപ്പെട്ടുകിടക്കുന്ന കാർഷികമേഖലയായ പാമ്പൂർ തുരുത്ത് എന്നിവ ഈ വാർഡിലാണ്. കോലഴി സർവ്വീസ് സഹകരണ ബാങ്കുപ്രസിഡൻറും ഒല്ലൂക്കര ബ്ലോക്കിൽ വിൽവട്ടം പഞ്ചായത്തിനെ പ്രതിനിധീകരി ക്കുന്ന ശ്രീ. M.Kപ്രഭാകരൻ, മുൻ പഞ്ചായത്ത് മെംമ്പറായിരുന്ന ശ്രീമതി സുഭാഷിണി വേലായുധൻ എന്നിവർ ഈ പ്രദേശത്തുകാരാണ്. പട്ടികജാതിവിഭാഗ ക്കാരുടെ ഉന്നമനത്തിനുവേണ്ടിയും വാർഡിൻെറ വിക സനത്തിനുവേണ്ടിയും സജീവമായി പ്രവർത്തിക്കുന്ന യുവാവായ ശ്രീ പി.ടി രാധാകൃഷ്ണനാണ് ഈ വാർഡിലെ മെംബർ.



## 9 - ാം വാർഡ്
### അഡ്വ.
### C. ശിവനാരായണൻ
### സ്ററാൻറിംഗ് കമ്മററി ചെയർമാൻ

9-ാം വാർഡിൻെറ തെക്കുഭാഗവും പടിഞ്ഞാറു ഭാഗവും കാർഷികപ്രധാന്യമുള്ളവയാണ്. തവളക്കുളം പട്ടികജാതി കോളനി ഈ പ്രദേശത്താണ്. തൃശ്ശൂർ പൂരത്തിൻെറ ഒരു പ്രധാനപൂരം നടത്തുന്ന പുരാത നമായ കുററൂർ-നെതലക്കാവ് ക്ഷേത്രവും പോട്ടോർ-കുററൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസും കോലഴി പ്രൈമറി ഹെൽത്തുസെൻററും, ചന്ദ്രാമെംമ്മോറിയൽ ഗവണ്മെൻറ് ഹൈസ്ക്കൂളും കുററൂർ L.P.സ്ക്കൂളും ഈ വാർഡി ൽതന്നെയാണ്. മുൻ നിയമസഭാ സ്പീക്കറും ഇപ്പോഴ ത്തെ M.L.A യുമായ ശ്രീ തേറമ്പിൽ രാമകൃഷ്ണൻെറ ജന്മദേശം കുററൂരിലാണ്. ശ്രീ തേറമ്പിൽ രാമ കൃഷ്ണൻെറ ബാല്യകാലവും പ്രവർത്തനമേഖലയും കോലഴി പഞ്ചായത്തു പ്രദേശമായിരുന്നു. കോലഴി ഗ്രാമപഞ്ചായത്തിൻെറ വികസന മേഖലകളിൽ അദ്ദേ ഹത്തിൻെറ സാന്നിദ്ധ്യവും സഹായങ്ങളും എന്നും വിലപ്പെട്ടവയാണ്. ഹ്രസ്വകാലം പഞ്ചായത്തു പ്രസിഡൻറായിരുന്ന ശ്രീ കെ രാമചന്ദ്രൻ ഈ വാർ

ഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ബാറിലെ പ്രമുഖ അഭിഭാഷകനും സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിൽ പരിചയസമ്പന്നനും പഞ്ചായത്തിലെ സ്ററാൻഡിംഗ് കമ്മററി ചെയർമാനുമായ അഡ്വ. സി. ശിവനാരായണനാണ് ഈ വാർഡിലെ മെംബർ.



## 10 - ാം വാർഡ്

### ലൗലിലാസർ

10-ാം വാർഡിൽ ഏകദേശം 1000 വർഷം പഴക്കമുള്ള കൊട്ടേക്കാട് റോമൻ കത്തോലിക്കാ പള്ളി സ്ഥിതിചെയ്യുന്നു. പള്ളിയോടനുബന്ധിച്ച് ഒരു പ്രൈമറി സ്ക്കൂളും പ്രവർത്തിച്ചുവരുന്നു. പള്ളിയുടെ പുറകിലുള്ള പടവുകൾവരെ മുൻപ് ചരക്കുവഞ്ചികൾവന്നിരുന്നു. ആയതിനാൽ ആപ്രദേശം "പള്ളിത്താഴം" എന്ന പേരിൽ അറിയപ്പെടുന്നു. കൊച്ചിയിലേക്കും ആലപ്പുഴയിലേക്കും ഈ പ്രദേശത്തുനിന്നും കാർഷികോല്പന്നങ്ങൾ വഞ്ചിമാർഗ്ഗം വ്യാപാരം ചെയ്യുന്നതിനായി കൊണ്ടുപോയിരുന്നു. കൊട്ടേക്കാട് കുററൂർ, പാമ്പൂർ എന്നീ പ്രദേശങ്ങൾ ബാങ്കിംഗ് വ്യവസായ മേഖലയായി മാറിയിരിക്കയാണ്. കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക് സർവ്വീസ് സഹകരണ ബാങ്ക് എന്നിവ കൂടാതെ ധാരാളം കുറിക്കമ്പനികളും ഇവിടെ പ്രവർത്തിക്കുന്നു. അദ്ധ്യാപകരും. വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥന്മാരും, വ്യാപാരികളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശം ക്രിസ്ത്യൻ വിഭാഗക്കാർക്ക് മുൻതൂക്കമുള്ളതാണ്. കൊട്ടേക്കാട്കാവ് ക്ഷേത്രം കളരി അമ്പലവും ഇവിടെ സ്ഥിതിചെയ്യുന്നു. കോലഴി ആയുർവ്വേദ ഡിസ്പൻസറിയും ഈ വാർഡിൽ പ്രവർത്തിക്കുന്നു. ഈ പ്രദേശം കോലഴി ഗ്രാമപഞ്ചായത്തിൻെറ പടിഞ്ഞാറെ അററമാണ്. അകാലത്തിൽ പൊലിഞ്ഞുപോയ കോലഴി ഗ്രാമപഞ്ചായത്തിൻെറ മുൻ വൈസ് പ്രസിഡൻറായിരുന്ന ശ്രീ. കെ.ആർ. റപ്പായിയുടെ സ്മരണ ഈ വാർഡിൽ എന്നും നിലനില്ക്കും. വനിതാ സാമൂഹ്യ പ്രവർത്ത നങ്ങളിൽ പരിചയസമ്പന്നമുള്ള ശ്രീമതി ലൗലി ലാസർ ഈ വാർഡിനെ പ്രതിനിധീ കരിക്കുന്നു.




കോലഴി ഗ്രാമ പഞ്ചായത്ത് കേരളോത്സവം 95 ഉൽഘാടനം.

# വാർഷിക ഭരണറിപ്പോർട്ട്

*1995-96 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയതും പൂർത്തീകരിച്ച് വരുന്നതുമായ വികസനപ്രവർത്തനങ്ങൾ:-*

1. V.T.C ഗ്രാൻറുപയോഗിച്ച് കോലഴി അത്തേക്കാട് ലക്ഷംവീട് കോളനി റോഡിൻെറ പണികൾ ആരംഭിച്ചു.

2. അൺടൈഡ് ഫണ്ടിൽ കോലഴികൈതച്ചാൽ റോഡിൻെറ റീ ടാറിങ്ങ് നടത്തി.

3. മില്യൻ വെൽ സ്കീം അനുസരിച്ച് കോലഴി ചിററടികുളം കെട്ടിസംരക്ഷിച്ചു.

4. കാർഷിക തൊഴിൽദാന പദ്ധതിപ്രകാരം പുതുചിറകെട്ടി സംരക്ഷിച്ചു.

5.സ്വാശ്രയപദ്ധതിയനുസരിച്ച് പുവായ്ചിറയുടെ നിർമ്മാണം പൂർത്തീകരിച്ചു.

6. V.R.M ഗ്രാൻറ് പ്രകാരം കോലഴി പണിക്കർ ലൈൻറോഡ് മെയ്ൻറൻസ് നടത്തി.

7. ഡ്രോട്ട് സ്കീമിൽ കോലഴി ലക്ഷംവീട് കോളനിയിലെ കുഴൽകിണറിൻെറ അററകുററ പണികൾ നടത്തി.

8. V.R.M ഗ്രാൻറിൽ കോലഴി മരിയാഭവൻ, ദേവിഅക്കാദമി റോഡുകൾ മെയിൻറൻസുകൾ നടത്തി.

9. സ്വാശ്രയപദ്ധതിയനുസരിച്ച് കോലഴിഗ്രാമപഞ്ചായത്തിൽ വിവിധവാർഡുകളിലായി 3000മീററർ പൈപ്പ് ലൈൻ സ്ഥാപിച്ച് പതിനഞ്ച് പൊതു ടാപ്പുകൾ അനുവദിച്ചു.

10. ട്രിനിററി കോൺവെൻറ് പ്രദേശത്ത് M.Pഫണ്ട് ഉപയോഗിച്ച് കുഴൽകിണർ സ്ഥാപിച്ച് പൈപ്പ് ലൈൻ വലിച്ച് ശുദ്ധജലവിതരണപദ്ധതിയുടെ പണികൾ പൂർത്തീകരിച്ചുവരുന്നു.

11. ട്രിനിററി കോൺവെൻറ് പ്രദേശത്ത് 8 വീട്ടുകാർക്ക് സ്പെഷൽ ഓർഡർ പ്രകാരം വൈദ്യുതി കണക്ഷൻ നല്കി.

12. പുത്തൻമഠം കുന്നിൽ ഹെൽത്ത് സബ്ബ് സെൻറർ പണികൾ പൂർത്തീകരിച്ചുവരുന്നു.

13. അൺടൈഡ് ഫണ്ടിൽ പോലീസ് - പുത്തൻമഠംകുന്ന് റോഡിൻെറ റീ ടാറിങ്ങ് 3 ഘട്ടമായി പൂർത്തിയാക്കി.

14. പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിൻെറ നിർമ്മാണം പൂർത്തിയാക്കി.

15. ഡ്രോട്ട് സ്കീമിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 3250 മീററർ പൈപ്പ്ലൈൻ പണികൾ പൂർത്തീകരിച്ച് 15 ടാപ്പുകൾ അനുവദിച്ചു.

16. തിരൂർ മഹാത്മാ ഗാന്ധി കോളനിയിൽ പുതിയ ടാപ്പുകൾ അനുവദിച്ചു.

17. പോട്ടോർ-അച്ചുതപുരം റോഡ്, കാർത്ത്യായനിയമ്പലം റോഡ് എന്നിവയുടെ നിർമ്മാണപ്രവർത്തനത്തിന് തുടക്കം കുറിച്ചു.

18. പോട്ടോർ കുഴിങ്ങര കോളനിയിലെ കുഴൽ കിണർ നവീകരിക്കുന്നതിന് 50,000 രൂപ അനുവദിച്ചു.

19. V.R.M. ഗ്രാൻറ് ഉപയോഗിച്ചു പോട്ടോർ പണിക്കർ ലൈൻ റോഡ് മെയിൻറൻസ് നടത്തി.

20. പോട്ടോർ ഇൻഡോ-സോവിയററ്, ആരാധന റോഡ്, എന്നീ റോഡുകൾ പണി നടത്തുന്നതിന് ഫണ്ടു ലഭ്യമാക്കി.

21. വാളക്കട പാടം ബണ്ട്കെട്ടി സംരക്ഷിച്ചു.

22. കാഞ്ഞിരക്കുണ്ട് ചെക്ക്ഡാം നിർമ്മിച്ചു. (യൂറോപ്യൻ എക്ണോമിക്സ് കൗൺസിലിൻെറ സാമ്പത്തിക സഹായത്തോടെ)

23. J.R.Y. യിൽ ആട്ടോർ ലക്ഷം വീട് കോളനി റോഡിൻെറ പണികൾ പൂർത്തിയാക്കി.

24. V.T.C. ഗ്രാൻറിൽ പുഷ്പപുരം റോഡിൻെറ പണികൾ നടത്തുന്നതിന് തുടക്കം കുറിച്ചു.

25. വലിയ പറമ്പിൽ മിനി മാർക്കററ് പണിയുന്നതിന് 2,22,000 രൂപ അനുവദിച്ചു.

26. പാമ്പൂർ തുരുത്ത് റോഡിൻെറ പണികൾ പൂർത്തീകരിച്ചു.

27. 8 ാം വാർഡിൽ കുഴൽകിണർ കുഴിക്കുന്നതിന് 50,000 രൂപ ലക്ഷം വീട് കോളനിയിൽ ഡ്രോട്ട് സ്കീമിൽ അനുവദിച്ച് കുഴൽകിണർകുഴിച്ച് പണികൾ പൂർത്തിയാക്കി വരുന്നു.

28. പഞ്ചായത്തിലെ 27 കിണറുകൾ വൃത്തിയാക്കി.

29. പഞ്ചായത്തിലെ 82 ഓലമേഞ്ഞവീടുകൾക്ക് 500 രൂപ. പ്രകാരം വിവിധ വാർഡുകളിൽ ദുർബല വിഭാഗങ്ങൾക്ക് പുരകെട്ടിമേയുന്നതിന് ധനസഹായം അനുവദിച്ചു.

30. ബ്ലോക്ക് മുഖേനെയുളള C.R.S.P. പദ്ധതിപ്രകാരം 2000 രൂപ വീതം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 23 കക്കൂസുകൾ പണിയുന്നതിനുളള ധനസഹായം അനുവദിച്ചു.

31. പഞ്ചായത്തുമുഖേന ദുർബല വിഭാഗകാർക്ക് 2,500 രൂപവീതം കക്കൂസ് പണിയുന്നതിന് പഞ്ചായത്തിലെ 45 വീട്ടുകാർക്ക് ധനസഹായം നല്കി.

32. കൊതുകുനിവാരണത്തിനായി പഞ്ചായത്തിലെ എല്ലാവാർഡുകളിലും മരുന്നുതളി നടത്തി. (6,000 രൂപ)

33. പാമ്പൂർ - വിജയാറോഡിൻെറ ടാറിങ്ങ് പണികൾ പൂർത്തിയാക്കി.

34. കുററൂർ - വേണാട്ടുകുളം റോഡിൻെറ ടാറിങ്ങ് പണികൾ നടത്തി.

35. കുററൂർ - തവളക്കുളം റോഡിന് J.R.Y. സ്കീമിൽ 2.5 ലക്ഷം രൂപ അനുവദിച്ചു.

36. കുററൂർ - ചാമക്കാട് പ്രദേശത്ത് 10 വീട്ടുകാർക്ക് വൈദ്യുതി ലഭ്യമാക്കി.

37. ഫ്ലഡ് സ്കീമിൽ ചർച്ച് റോഡിൻെറ പണികൾ പൂർത്തീകരിച്ചു.

38. ഫാത്തിമ റോഡിന് 1,60,000 രൂപ ഫണ്ട് അനുവദിച്ചു.

39. പേവിഷബാധക്കെതിരെ സൗജന്യനിരക്കിൽ വളർത്തുനായ്കൾക്ക് കുത്തിവയ്പ്പ് നടത്തി.

40. പഞ്ചായത്തിലെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിച്ചു.

41. സോഡിയം വേപ്പർ ലാമ്പ് വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിന് 1,50,000 രൂപ അനുവദിച്ചിട്ടുണ്ട്.



കോലഴി ഗ്രാമ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് തറക്കല്ലിടൽ ഉൽഘാടനം.



**CADA** യുടെ നേതൃത്വത്തിൽ നടത്തിയ പച്ചക്കറി കിറ്റ് വിതരണത്തിന്റെ ഉൽഘാടനം

# കോലഴി ഗ്രാമ പഞ്ചായത്ത്
## വികസന റിപ്പോർട്ട് *1996*

പഞ്ചായത്തിൻെറ പേര് - കോലഴി ഗ്രാമ പഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ - കോലഴി, പോട്ടോർ, കുററൂർ

ബ്ലോക്ക് പഞ്ചായത്ത് - ഒല്ലൂക്കര

അസംബ്ലി മണ്ഡലം - തൃശ്ശൂർ

വിസ്തീർണ്ണം - 16.62 സ്ക്വയർ കി.മി

അതിരുകൾ - വടക്ക്-കിഴക്കേ അങ്ങാടി അച്ചുതപുരം റോഡ്,

മുളകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്

കിഴക്ക് - പാടൂക്കാട് അതിർത്തി, വിയ്യൂർ തോട്

പടിഞ്ഞാറ് - ചാമക്കാട്പ്രദേശം കോളങ്ങാട്ടുകര

ജനസംഖ്യ - 22517 (1991)

സ്ത്രീകൾ - 11574

പുരുഷന്മാർ - 10943

സാക്ഷരതാ നിരക്ക് - 97%

വാർഡുകളുടെ എണ്ണം - 10

പ്രസിഡണ്ടിൻെറ പേര് - കുഞ്ഞമ്മ ഐസക്ക്

വെസ്പ്രസിഡണ്ടിൻെറ പേര് - കെ. ആർ. കുമാരൻ

സ്ററാൻറിംഗ് കമ്മററി ചെയർമാർ - അഡ്വ. സി. ശിവനാരായണൻ

പഴയ കൊച്ചി സംസ്ഥാനത്ത് 1930-ൽ രൂപം കൊണ്ട പഞ്ചായത്തുകളിൽ ഒന്നായ കോലഴി പഞ്ചായത്തിൻെറ ആദ്യകാല ആസ്ഥാനം മുളംകുന്നത്തുകാവിലായിരുന്നു. അക്കാലത്ത് കില്ലന്നൂർ വില്ലേജ് ഈ പഞ്ചായത്തിലാണ് ഉൾപ്പെട്ടിരുന്നത്. പഞ്ചായത്തിൻെറ ആസ്ഥാനം പിന്നീട് അന്നത്തെ പഞ്ചായത്തിൻെറ മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന തിരൂരിലേക്ക് മാററുകയാണുണ്ടായത്. 1951-ൽ തിരുകൊച്ചി സംസ്ഥാനം രൂപീകൃതമായപ്പോൾ പഞ്ചായത്തുകൾ പുനർവിഭജനം ചെയ്തതിനെതുടർന്ന് കില്ലന്നൂർ വില്ലേജ് ഈ പഞ്ചായത്തിൽ നിന്ന് വേർപ്പെടുത്തി അവണൂർ പഞ്ചായത്തിനോട് കൂട്ടിച്ചേർത്തു. അപ്രകാരമാണ് ഇന്നത്തെ രൂപത്തിലുള്ള കോലഴി പഞ്ചായത്ത് രൂപീകൃതമായത്. കിഴക്കു ഭാഗത്തുള്ള മലമ്പ്രദേശവും അതിനോടുചേർന്നുള്ള പാടശേഖരങ്ങളും മദ്ധ്യഭാഗം ചെങ്കൽ നിറഞ്ഞ സമതലപ്രദേശങ്ങളും തെക്കു പടിഞ്ഞാറുഭാഗങ്ങൾ നെൽവയലുകളും കോൾപാടവും ഉള്ള കാർഷിക പ്രധാന്യമുള്ള ഒരു ഭൂപ്രദേശമാണ് കോലഴി ഗ്രാമ പഞ്ചായത്ത്.



I. H. D. P കോളനിയിലെ പട്ടിക ജാതി വിഭാഗക്കാർക്ക് കാർഷിക ഉപകരണങ്ങൾ ഒല്ലൂക്കര ബ്ലോക്ക് മെമ്പർ ശ്രീ. തോബിയാഡ് തറയിൽ നല്കുന്നു.



നവ : 1 കർഷക ദിനം
M. L. A. ശ്രീ തേറമ്പിൽ രാമകൃഷ്ണൻ ഉൽഘാടനം ചെയ്യുന്നു.

# ചരിത്ര പശ്ചാത്തലം

1930 ൽ മുളംകുന്നത്തുകാവ് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് "രാശുപട്ടർ"എന്ന പേരിൽ അറിയപ്പെട്ടിരുന്ന നടുവിൽ മഠം രാമസ്വാമി അയ്യർ ആയിരുന്നു. അതിനുശേഷം തേറമ്പിൽ പരമേശ്വരൻ മേനോൻ, കെ.പി. ജോസഫ് കോനിക്കര എന്നിവരും പ്രസിഡണ്ട് ആയിട്ടുണ്ട്. 1951 ൽ തിരു കൊച്ചി സംസ്ഥാനം നിലവിൽ വന്നപ്പോൾ പഞ്ചായത്തിൻെറ അതിർത്തികൾ പുനർവിഭജനം ചെയ്യുന്നതിന് ഗവണ്മെൻറ് കല്പനയായി. 1956 ൽ മലബാർ പ്രദേശം കൂട്ടിച്ചേർത്ത് കേരളസംസ്ഥാനം രൂപീകരിച്ചപ്പോൾ അതിർത്തി വിഭജനപ്രശ്നം വീണ്ടും ഉയർന്നുവന്നു.

അക്കാലത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. C.P താരു മാസ്ററർ, ശ്രീ. നീലകണ്ഠൻ ഇളയത്, ശ്രീ. എം.എ. രാമൻകുട്ടി, ശ്രീ. പാട്ടത്തിൽ കൃഷ്ണമേനോൻ, ശ്രീ ഗോവിന്ദൻ എഴുത്തച്ഛൻ എന്നിവർ കോലഴി വില്ലേജ് കോടതിയിൽ ജഡ്ജിമാരായിരുന്നു. കോലഴി വില്ലേജ് കോടതിയിൽ ഉൾപ്പെട്ട പ്രദേശമായതുകൊണ്ട് പഞ്ചായത്തിനും കോലഴി എന്ന നാമകരണം ഉണ്ടായി. അക്കാലത്ത് 6 വാർഡുകൾ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. പ്രധാന റോഡുകളായ തിരൂർ ഗ്രെയ്സിംഗ് ഗ്രൗണ്ട് റോഡ്, കോലഴി ഗ്രേയ്സിംഗ് ഗ്രൗണ്ട് റോഡ്, പോലീസ് റോഡ് എന്നീ റോഡുകളും പോട്ടോർ ചേന്ദംകുളം, താമരക്കുളം എന്നീ കുളങ്ങളും പണികഴിപ്പിക്കുന്നതിന് കോലഴി പഞ്ചായത്ത് മെമ്പറായിരുന്ന കോലഴി മഠം നാരായണസ്വാമി വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. കോലഴി പഞ്ചായത്തിൻെറ മററൊരു മെമ്പറും വൈസ് പ്രസിഡണ്ടുമായിരുന്ന ശ്രീ എം.എൻ. വാസുദേവൻ മുൻകൈയെടുത്ത് കോലഴി റോഡ്സൈഡിൽ പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുവേണ്ടി 625 രൂപയ്ക്ക് 24 സെൻറ് സ്ഥലം വാങ്ങി പഞ്ചായത്തിന് വിട്ടുകൊടുക്കുകയും ചെയ്തു. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങളാൽ പഞ്ചായത്ത് ഓഫീസ് തിരൂരിലാണ് സ്ഥാപിതമായത്. ആദ്യകാലങ്ങളിൽ പഞ്ചായത്ത് മെമ്പർമാർ സിററിംങ്ങ് ഫീസ് ഇല്ലാതെയാണ് സേവനം നടത്തിക്കൊണ്ടിരുന്നത്.

ശുദ്ധജല വിതരണരംഗത്ത് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയനുസരിച്ച് പണികഴിപ്പിച്ച ആദ്യത്തെ പദ്ധതി തിരൂരിലാണ്. 1942 വരെ ഈ നാട്ടിലെ വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂർ വിദ്യാഭ്യാസത്തിന് തൃശ്ശൂരിനെ ആശ്രയിക്കേണ്ടിവന്നിരുന്നു. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് നാട്ടുകാരുടെ ഒരു കമ്മററി രൂപീകരിക്കുകയും തിരൂർ സെൻറ് തോമസ് ഹൈസ്ക്കൂർ എന്ന പേരിൽ ആ വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കുകയും പിന്നീട് തിരൂർ സെൻറ് തോമസ് പള്ളിയുടെ നിയന്ത്രണത്തിൽ വിട്ടുകൊടുക്കുകയും ചെയ്തു.

1960ൽ ഒല്ലൂക്കര ബ്ലോക്കിനു കീഴിൽ ഒരു ബ്ലോക്ക് മൃഗസംരക്ഷണ ഡിസ്പൻസറി പഞ്ചായത്തിൽ സ്ഥാപിതമായി. 1976ൽ കോലഴി പഞ്ചായത്തിൻെറ ആസ്ഥാനകെട്ടിടം തിരൂരിൽ പണിയുന്നതിന് തീരുമാനിച്ചു. കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വിലകൊടുത്ത് വാങ്ങുന്നതിനുള്ള ധനശേഷി പഞ്ചായത്തിന് ഇല്ലാത്തതുകൊണ്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനേയും ഡിസ്ട്രിക് കളക്ടറേയും സമീപിക്കുകയും ഇപ്പോൾ പഞ്ചായത്ത് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്തിലേക്ക് കൈമാറി വാങ്ങിക്കുകയും ചെയ്തു. ഈ കാലയളവിൽ പഞ്ചായത്ത് ഓഫീസ് വാടക കെട്ടിടത്തിലായിരുന്നു. 1976 നവംബർ 28-ാം തിയ്യതി കെട്ടിടത്തിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. 58,000 രൂപ ചെലവഴിച്ച് പണികഴിപ്പിച്ചിട്ടുള്ള ഇരുനില കെട്ടിടമാണ് പഞ്ചായത്ത് ഓഫീസായി പ്രവർത്തിച്ചുവരുന്നത്. ശ്രീഎൻ.എസ്സ് മഹാദേവയ്യർ രാജി വെച്ചതിനെ തുടർന്ന് ശ്രീ. പി.കെ. രാഘവൻ കുറച്ചുകാലം പ്രസിഡണ്ടായിരുന്നു. അഡ്മിനിസ്ട്രേററീവ് കമ്മററിയുടെ കാലത്താണ് പഞ്ചായത്തുവക സ്ഥലത്ത് കോലഴിയിൽ കേരള സംസ്ഥാന ഗ്രാമവികസ ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പണി ആരംഭിച്ചത്.

1982-88 കാലഘട്ടങ്ങളിൽ N.R.E.P, R.L.E.G.P പദ്ധതി പ്രകാരം അന്നത്തെ M.LA. ശ്രീ തേറമ്പിൽ രാമകൃഷ്ണൻ അവർകളുടേയും പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. V.K. രാഘവൻ മാസ്റററുടേയും ശ്രമഫലമായിട്ടാണ് പഞ്ചായത്തിലെ ഭൂരിപക്ഷം റോഡുകളും ടാറിംഗ് നടത്തിയിട്ടുള്ളത് ആ കാലഘട്ടത്തിൽ തന്നെയാണ് കൊട്ടെക്കാട് ആയുർവ്വേദ ഡിസ്പൻസറിക്ക് കെട്ടിടം പണികഴിപ്പിച്ചത്. കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കൊട്ടേക്കാട് ധർമ്മോദയ സംഘം സൗജന്യമായി നൽകുകയാണുണ്ടായത് 1988ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ശ്രീ. കെ. രാമചന്ദ്രൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കുകയും ചെയ്തു. 1988 മുതൽ 1995 വരെയുള്ള ഭരണസമിതിയുടെ കാലത്ത് വിവിധ റോഡുകളുടെ റീടാറിംഗ് ചെയ്യുന്നതിനും കാർഷിക മേഖലയിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും പുതിയതായി പൈപ്പുലൈനുകൾ നീട്ടുന്നതിനും സാധിച്ചു. കൂടാതെ കൃഷിഭവൻെറ പ്രവർത്തനം പുതിയതായി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ ആരംഭിക്കുന്നതിനും ട്രിനിററി കോൺവെൻറ് സംഭാവനചെയ്ത സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനും സാധിച്ചു.

# KOLAZHI PANCHAYAT
## LANDUSE MAP



# ഭൂപ്രകൃതി

*അവലംബം: റവന്യൂരേഖകൾ, കൃഷിഭവൻ രേഖകൾ, പഠനപര്യടനം.*

കോലഴി ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണത്തിൽ 55%വും നെൽപാടങ്ങളോ പാടശേഖരങ്ങളോ ഉൾപ്പെടുന്ന പ്രദേശങ്ങൾ ആണ്. ഉയർന്ന ഭൂവിഭാഗവും താഴ്ന്ന പ്രദേശങ്ങളും അവയ്ക്കിടയിൽ കിടക്കുന്ന സമതല പ്രദേശങ്ങളും അടങ്ങുന്ന പ്രദേശങ്ങളാണ് കോലഴി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നത്. അതുകൊണ്ട്തന്നെ ഭൂപ്രകൃതിയനുസരിച്ച് കോലഴിയെ മൂന്നായി തരം തിരിക്കാം.

a. ഉയർന്നപ്രദേശം

b. സമതലം

c. താഴ്ന്നപ്രദേശം

## a. ഉയർന്നപ്രദേശം

സമതല പ്രദേശങ്ങളിൽ നിന്ന് അൽപ്പം ഉയർന്ന കുന്നിൻ പ്രദേശങ്ങളും ചെരിവുകളും ഉള്ള പ്രദേശമാണിത്. ഒന്നും രണ്ടും വാർഡുകൾ കിഴക്കൻ പ്രദേശങ്ങളും, തിരൂർ, ആട്ടോർ, കൊട്ടേക്കാട് പ്രദേ ശങ്ങളും ആണ് ഇത്തരം ഉയർന്നതായിട്ടുള്ളത്. ഇതിൽ കൊട്ടേക്കാട്പ്രദേശത്തു താരതമ്യേന കൂടുതൽ ജല ക്ഷാമം അനുഭവപ്പെടുന്ന സ്ഥലമാണ്. കൊട്ടേക്കാട് ആട്ടോർ പ്രദേശങ്ങളിലും ചെങ്കൽമണ്ണാണ് കൂടുതൽ കാണുന്നത്. ഒന്നും രണ്ടും വാർഡുകളുള്ള കിഴക്കു ഭാഗങ്ങളിലും ചെങ്കൽ മണ്ണാണെങ്കിലും കൂടുതൽ ഫല ഭൂയിഷ്ടമായ എക്കൽമണ്ണ് കൂടി കലർന്നതായി കാണാവുന്നതാണ്. ഈ പ്രദേശങ്ങളിൽ റബ്ബർ, കശു മാവ്, തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ പുത്തൻമഠംകുന്നിന്റെ പ്രാന്തപ്രദേശങ്ങളിൽ വ്യാപകമായ കൂർക്കകൃഷിയും കണ്ടുവരുന്നുണ്ട് മാവും പ്ലാവും തുടങ്ങിയ മററിനങ്ങളും സാധാരണയായി ഇവിടെ കാണാം.

## b. സമതലം

ഉയർന്ന പ്രദേശത്തിന്റെ നിരപ്പിൽ നിന്നും അൽപ്പം താഴെയായി കിടക്കുന്ന വിശാലമായ ഭൂപ്രദേശമാണിത് ഫലഭൂയിഷ്ഠമായ മണ്ണുള്ളതും ധാരാളം ജലസ്രോതസ്സുകൾ ഉള്ളതുമായ ഈ പ്രദേശത്ത് തെങ്ങ്, നേന്ത്രവാഴ, വാഴ, കവുങ്ങ്, റബ്ബർ മുതലായ കൃഷികൾ കരഭൂമിയിലും നെല്ലുകൃഷി പാടശേഖരങ്ങളിലും ചെയ്തുവരുന്നു. കോലഴിയിലെ ഏററവും പ്രധാനപ്പെട്ട കാർഷിമേഖലയാണിത്. നെൽപാടങ്ങൾ നികത്തിയും മററു തരത്തിൽ ഉപയോഗപ്പെടുത്തിയും ഇപ്പോൾ ഈ പ്രദേശത്തിന്റെ വിസ്തീർണ്ണത്തിൽ കാര്യമായ കുറവുവന്നിട്ടുണ്ടെങ്കിലും ശാസ്ത്രീയമായി ആസൂത്രണം ചെയ്താൽ കാർഷികവരുമാനം വർധിപ്പിക്കാൻ കഴിയുന്ന പ്രദേശങ്ങളാണിത്. കോലഴി, പോട്ടോർ, തിരൂർ, ആട്ടോർ, കുററൂർ, പാമ്പൂർ, എന്നീ സ്ഥലങ്ങൾ ഈ പ്രദേശത്താണ് കോലഴിയിലും തിരൂരിലും ആണ് നെൽപ്പാടങ്ങൾ കൂടുതലും മററും ആവശ്യങ്ങൾ (വീട്വയ്ക്കാൻ)ക്കായി ഉപയോഗിക്കുന്നത്.



# പഠന പര്യടനയാത്ര

| ഭൂപ്രകൃതി | ഉയർന്ന പ്രദേശം | സമതലം | താഴ്ന്ന പ്രദേശം |
|---|---|---|---|
| മൺതരം | ചെങ്കൽ മണ്ണ് | ചളി കലർന്ന ചെങ്കൽമണ്ണും ചളിമണ്ണും. | ചളികലർന്ന മണൽ പ്രദേശം. കളിമണ്ണ് |
| സസ്യാവരണം | തെങ്ങ്, ഫലവൃഷങ്ങൾ, കവുങ്ങ്,വാഴ, കുരുമുളക്, റബ്ബർ, കപ്പ, കൂർക്ക | വാഴ,തെങ്ങ്, നെൽകൃഷി, കൂർക്ക, പയറു വർഗ്ഗങ്ങൾ | നെൽകൃഷി |
| പരിസ്ഥിതി | ജലക്ഷാമം, മണ്ണൊലിപ്പ് | നെല്പാടങ്ങൾ നികത്തി വീടുവയ്ക്കുന്നു, തോടുകൾ കയ്യേറി ജലപ്രസരണം തടസ്സപ്പെടുത്തുന്നു. | നെൽപ്പാടം |

## C. താഴ്ന്നപ്രദേശം

പോട്ടോരിന്റെ പടിഞ്ഞാറ് ഭാഗം കുട്ടാടൻപാടം പഴഞ്ചിറപാടശേഖരം പള്ളിത്താഴം എന്നിവ മററു പ്രദേശങ്ങളിൽ നിന്നും താഴ്ന്നു കിടക്കുന്ന നെൽകൃഷി സ്ഥലങ്ങൾ ആണ്. കുട്ടാടൻ പാടത്ത് വളരെക്കാലമായി യാതൊരുകൃഷിയും ചെയ്യാൻ കഴിയാത്ത ചതുപ്പു പ്രദേശമാണ്. പഴഞ്ചിറപാടശേഖരപ്രദേശം വെള്ളം ഒഴുക്കിക്കളയാൻ കഴിയാത്തതിനാൽ നെൽകൃഷിയെന്നും ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കയാണ്. പഴഞ്ചിറ പ്രദേശത്തെ ഗുരുവായൂർ റെയിൽവേ ലൈൻ രണ്ടായി മുറിഞ്ഞുപോയതിനാലും അതിൽ തെക്കെഭാഗത്തിൽ ഏതാനും ഭാഗം മണ്ണിട്ടു നികത്തി മററുതരത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നതുകൊണ്ടും ജല പ്രയാണത്തിന് കാര്യമായ തടസ്സം ഉണ്ടായിട്ടുണ്ട്. മഴവെള്ളം ധാരാളം ശേഖരിക്കപ്പെടുന്ന സ്ഥലമായതിനാൽ ഈ പ്രദേശത്ത് മണൽചേർന്ന പശിമരാശിമണ്ണാണ് ഇവിടെ ധാരാളമായികാണുന്നത്. പഴഞ്ചിറപാടശേഖരത്തിന്റെ തെക്കേ അതിർത്തിയിൽക്കൂടി വിയ്യൂർ തോട് ഒഴുകുന്നത് വർഷക്കാലത്ത് ധാരാളം എക്കൽമണ്ണ് അടിഞ്ഞുകൂടുന്നതിനാൽ മററുസ്ഥലങ്ങളെ അപേക്ഷിച്ച് ഈ പ്രദേശം ഫലഭൂയിഷ്ടമാണ്.

## ജനപ്രകൃതി

*അവലംബം:- കാനേഷുമാരി കണക്കുകൾ **1991***

കാനേഷുമാരികണക്കുകൾ പ്രകാരം കോലഴി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 22,517 ആണ് ഇതിൽ 10943 പുരുഷന്മാരും 11574 സ്ത്രീകളുമാണ്. മൊത്തം 4243 വീടുകളാണുള്ളത് അതായത് ശരാശരി വീടൊന്നിന് 5.3 ആളുകൾ വീതമുണ്ട്. സംസ്ഥാനശരാശരി 5.6 ആണ്. ചതുരശ്രകിലോമീററിന് 1354.8 ആണ് ജനസാന്ദ്രത.

നിരക്ഷരുടെ എണ്ണം തുച്ഛമാണ്. സാക്ഷരതാ നിരക്ക് 82.6 ശതമാനം വരും 15 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ SSLC പാസ്സായവർ 50% വരും ബിരുദധാരികൾ 264 പേരുള്ളപ്പോൾ ബിരുദാനന്തര ബിരുദരവും നേടിയവരുടെ എണ്ണം 168 വരും. വിദ്യാഭ്യാ

പട്ടിക - 2 ജനസംഖ്യ (1991)

| വാർഡ് നംപർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 1502 | 1572 | 3074 |
| II | 1025 | 1203 | 2228 |
| III | 940 | 1000 | 1940 |
| IV | 900 | 1000 | 1940 |
| V | 842 | 876 | 1218 |
| VI | 1131 | 1263 | 2394 |
| VII | 997 | 996 | 1993 |
| VIII | 1154 | 1188 | 2342 |
| IX | 1310 | 1373 | 2683 |
| X | 1142 | 1141 | 2283 |
| | 10,943 | 11,574 | 22,517 |

തൊഴിൽ എടുക്കുന്നവരുടെ എണ്ണം പട്ടിക - 3

| തൊഴിൽ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| മുഖ്യതൊഴിലുകൾ | **5110** | **1635** | **6745** |
| ഭാഗിക തൊഴിലുകൾ | **311** | **342** | **653** |
| മൊത്തം | **5421** | **1977** | **7392** |
| തൊഴിൽ പങ്കാളിത്തനിരക്ക് | **49.5%** | **17.08%** | **32.85%** |

| തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 335 | 75 | 410 | 1.80 |
| കർഷകതൊഴിലാളികൾ | 721 | 553 | 1274 | 5.65 |
| മത്സ്യബന്ധനം, മൃഗപരിപാലനം | 70 | 8 | 78 | 0.34 |
| ഖനനം - പാറപൊടിക്കൽ | 22 | - | 22 | 0.09 |
| കുടിൽവ്യവസായം | 168 | 45 | 213 | 0.94 |
| കുടിലേതരവ്യവസായം | 1139 | 238 | 1377 | 6.11 |
| കെട്ടിടം, റോഡ് നിർമ്മാണം | 333 | 38 | 371 | 1.64 |
| വാണിജ്യം | 1015 | 83 | 1098 | 4.87 |
| ഗതാഗതം | 542 | 21 | 563 | 2.50 |
| | 765 | 524 | 1339 | 5.94 |
| ആകെ | 5110 | 1635 | 6745 | 29.95 |

സയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം 9373 ആണ്.

മൊത്തം ജനസംഖ്യയിൽ 30 ശതമാനമാണ് അതായത് 6745 ആളുകളാണ് ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. അവരിൽ 653 പേർ വർഷത്തിൽ ഭൂരിഭാഗം ദിവസങ്ങളിലും പണിയില്ലാത്ത ഭാഗിക തൊഴിലാളികളാണ്. തൊഴിൽ പങ്കാളിത്തത്തെ ക്കുറിച്ചുള്ള കണക്കുകൾ പട്ടിക 3ൽ കൊടുത്തിട്ടുണ്ട്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തനിരക്ക് 49.5%വും സ്ത്രീകളുടേത് 17.08%വും ആണ്. ഇതിൽതന്നെ 653 പേർ ഭാഗികതൊഴിൽകാരാണ്. കുടുംബപരമായി ബന്ധ പ്പെട്ട് സ്ത്രീകൾ ചെയ്യുന്ന പല ഉല്പാദനപരമായ കണക്കുകളും കാനേഷുമാരിയിൽ വരാത്തതു കൊ ണ്ടാണ് സ്ത്രീകളുടെ തൊഴിൽപരമായ പങ്കാളി ത്ത ത്തിൽ കുറവ് എന്ന്കാണുന്നത്. എന്നിരുന്നാലും പ്രത്യ ക്ഷമായ വരുമാനം നൽകുന്നതൊഴിലുകളിൽ സ്ത്രീക ളുടെ പങ്കാളിത്തം വളരെ കുറവാണെന്നത് ഗൗരവപര മായ പ്രശ്നമാണ്.

*അവലംബം കാനേഷുമാരി 1991*

തൊഴിലാളികളുടെ മേഖലാ വിതരണമെടുത്താൽ ഏററവും പ്രധാനപ്പെട്ട നിരീക്ഷണം കാർഷിക മേഖ ലയുടെ താരതമ്യേന അപ്രധാനമായ അവസ്ഥയാ യിരിക്കും. 5.65 ശതതമാനം ആളുകളേ കാർഷികമേഖ ലയെ തൊഴിലായി ആശ്രയിക്കുന്നുള്ളൂ. വ്യവസായ മേഖലയ്ക്കാണ് പ്രാമുഖ്യം കുടിൽ വ്യവസായം അപ്രധാനമാണ് വാണിജ്യമേഖലയിൽ 11.92 ശതമാനം പേർ തൊഴിലെടുക്കുന്നവരുണ്ട്

മൊത്തം തൊഴിലാളികളിൽ സ്ത്രീകൾ 1635 എണ്ണമേഉള്ളൂ എങ്കിലും കാർഷികമേഖലയിൽ സ്ത്രീകൾ 553 എണ്ണമുണ്ട്.

പൊതുവെ പറഞ്ഞാൽ ജാതിയുടേയും സമുദാ യത്തിൻെറയും സ്വാധീനം കുറഞ്ഞുവരികയാണ്. ഇത്തരം ചേരിതിരുവുകളെ ഇന്ന് സാമൂഹ്യ ജീവിത ത്തിൻെറ അടിത്തറ. ഏകദേശം 6ശതമാനം ഹിന്ദുക്കളും 3.8 ശതമാനം കൃസ്ത്യാനികളും 2 ശതമാനത്തോളം മുസ്ലീം സമുദായങ്ങളുമാണ് പഞ്ചായത്തിൽ ഉള്ളത്. ഹിന്ദുക്കളിൽ 5.7 ശതമാനം പട്ടിക ജാതിക്കാരാണ്. പട്ടികജാതിക്കാരെ ഒഴിവാക്കായാൽ എല്ലാ ജാതികളിലും പാവപ്പെട്ടവരേയും പണക്കാരേയും കാണാം. ഇപ്രകാരം ഉരുത്തിരിഞ്ഞുവരുന്ന വർഗ്ഗ സംഘടന എടുത്ത് പറയേണ്ടിയിരിക്കുന്നു. കാർഷിക മേഖലയിൽ ഇത് വളരെ പ്രകടമാണ്. ഭൂവുടമസ്ഥർ ചെറുശതമാനം പേർ മാത്രമേ സ്വയം കൃഷിക്കാരായി കരുതുന്നുള്ളൂ. ചെറു ന്യൂനപക്ഷംമാത്രമേ ഇന്ന് ഭൂമിയെ മുഖ്യവരുമാനമായി കാണുന്നുള്ളൂ. കർഷകതൊഴിലാളികളെ ആവശ്യത്തിന് ലഭിക്കാതിരിക്കൽ, വലിയ കൂലിവ്യവസ്ഥ തുടങ്ങിയ കാരണങ്ങളാൽ സ്വന്തം വയലേലകൾ തരിശിടുകയോ വാടകയ്ക്ക് നൽകുകയോ ആണ് ഇന്ന് ഭൂരിപക്ഷം കൃഷിക്കാരും.

# ജലവിഭവങ്ങൾ

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് കോലഴിയിൽ നിലനില്ക്കുന്നത്. വർഷപാതത്തിന്റെ കണക്കുകളിൽ കാണുന്ന വിവരം ഇവിടെ മഴയുടെ 7.5 ശതമാനവും കാലവർഷത്തിൽ നിന്നാണെന്ന് കാണാം. ജൂൺ-ജൂലായ്-ആഗസ്ററ് മാസത്തിലാണ് കൂടുതലും മഴ ലഭിക്കുന്നത്. കിഴക്കു നിന്ന് പടിഞ്ഞാറോട്ടുചരിഞ്ഞ് കിടക്കുന്ന ഭൂപ്രദേശ മായതിനാൽ വർഷക്കാലത്ത് ലഭിക്കുന്ന മഴവെള്ളം മിക്കതും പടിഞ്ഞാട്ട് ഒഴുകി പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽക്കൂടിപോകുന്ന വിയ്യൂർ തോടിൽ ചെന്നുചേരുന്നു. പഞ്ചായത്തിൽ വേനൽക്കാലത്ത് ജലക്ഷാമവും വർഷക്കാലത്ത് നീർകെട്ടിന്റെ കെടുതിയും അനുഭവപ്പെടുന്നു.

വിയ്യൂർ തോട്ടിലേക്ക് ഒഴുകിയെത്തുന്ന തരത്തിൽ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽനിന്നും മുളംകുന്നത്ത്കാവ് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത്നിന്നും ആരംഭിക്കുന്ന ഏതാനും തോടുകളും പൊതുവായ 20 കുളങ്ങളും ഉൾക്കൊള്ളുന്നതാണ് കോലഴിയുടെ ഉപരിതല സ്രോതസുകൾ. കൂടാതെ പീച്ചി ഇറിഗേഷൻ കനാലും കോലഴി തിരൂർ ബ്രാഞ്ച് കനാലും ഉണ്ട്.

കുഴിയാലി പ്രദേശത്ത്കൂടിയൊഴുകി ചിറേറത്തോട്, താണിക്കോട്ചിറ, നരിത്തോട്ചിറ തോട്ടകംചിറ, ചിററടികുളംചിറ വഴി ഒഴുകുന്ന തോടും, കായതോട്, കൽക്കഴിത്തോട്, താമരവെള്ളച്ചാല്, പുല്ലാനിത്തോട്, മൈലാഞ്ചിച്ചാല്, പഴഞ്ചിറതോട് എന്നിവ പഞ്ചായ ത്തിലെ പ്രധാന തോടുകളും മാട്ടുകുളം, നിർമ്മലകുളം, ചിറേറച്ചിറ, തിരൂർചിറ, ഏറംകുളം, ചിററടിക്കുളം, മുണ്ടംകുളം, പുത്തൻകുളം, ഇരക്കുളം, താമരക്കുളം, ചേന്ദംകുളം, വട്ടക്കുളം, ഇരട്ടക്കുളം, പ്ലാവിലക്കുളം, കൃഷ്ണൻനായർകുളം, കോതകുളം, പുത്തൻചിറ, മാണ്ടിചിറ, ചേണ്ടോട്ടുചിറ, തേക്കിൻകാട്കുളം, ആനക്കുളം, വേണാട്ടുകുളം, കൊട്ടേക്കാട് പള്ളിക്കുളം, കുന്നംകുളം എന്നിവ പ്രധാന കുളങ്ങളും ആണ്. ഇവയിൽ ജലസേചനത്തിന് ഉപയോഗിക്കുന്നവ 10 എണ്ണത്തോളം വരും ജലക്ഷാമം ഏററവും കൂടുതൽ ഉള്ളത് കുററൂർ കൊട്ടേക്കാട് ആട്ടോർ, കോലഴി എന്നിവിടങ്ങളിലാണ്, ഏററവും കൂടുതൽ നീരുറവയുള്ള സ്ഥലം അച്ചുതപുരം പ്രംടശവും കുഴിയാലി, തിരൂർചിറ കുററൂർപാലംകുഴി എന്നിവിങ്ങളും ആണ്.



കോലഴി ഹോമിയോ ആശുപത്രി ഉൽഘാടനം

# ഭൂജലവകുപ്പ്

1996-97 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തീ രാജ് നഗരപാലിക സംവിധാനത്തിൽ പഞ്ചായത്ത്/ മുനിസിപ്പാലിററികളിൽ ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ആഫീസ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം.

## 1. ജനകീയ ജലസേചന പദ്ധതി 270-02-005-88

പ്രസ്തുത പദ്ധതിയിൽ ഭൂജലവകുപ്പു ഡയറക്ടറേററിനു 70 ലക്ഷം രൂപയാണ് 1996-97 ൽ ജില്ലാ പഞ്ചയാത്തുകൾക്കുവേണ്ടി അലോട്ടു ചെയ്തുകൊടുക്കുന്നതിനു ലഭ്യമായിട്ടുള്ളത്. എന്നാൽ 1996-97 ലെ ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ആഫീസിനുള്ള ടാർജററിൽ ടി.പദ്ധതിയിൽ സ്കീമുകൾ ഉൾക്കൊള്ളിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിൽ മാത്രമായി. ഇപ്പോൾ നെതർലാൻറ് ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടെ കേരള സാമൂഹ്യ ജലസേചന സമിതി മുഖാന്തിരം പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആയതിനാലാണ് ജനകീയപദ്ധതി ഉൾക്കൊള്ളിച്ചിട്ടില്ലാത്തത്.

## 2. ജലദൗർലഭ്യപ്രദേശങ്ങളിൽ ഭൂജലം കുടിവെള്ളമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി. 2702-02-005-87

പ്രസ്തുത പദ്ധതിയിൽ ഭൂജലവകുപ്പ് ഡയറക്ടറേററിനു 70 ലക്ഷം രൂപയാണ് 11996-97 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തുകൾക്കുവേണ്ടി ലഭ്യമായിട്ടുള്ളത്. പദ്ധതിയിൽ കീഴിൽ വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സർവേ നടത്തി ജലലഭ്യത കണ്ടെത്തുകയും ഫീസിബിലിററിയുടെ അടിസ്ഥാനത്തിൽ അവിടെ കുഴൽകിണറുകൾ (6"/4½") നിർമ്മിക്കുകയും ഹാൻഡ് പമ്പ് ഘടിപ്പിച്ചു കുടിവെള്ളത്തിനുവേണ്ടി ഉപയോഗപ്പെടുത്തകയും ചെയ്യാവുന്നതാണ്. (6" കുഴൽകിണറിൻേറയും 4½" കുഴൽ കിണറിൻേറയും സർവേയുടേയും നിർമ്മാണത്തിനുള്ള ഉദ്ദേശചിലവും അന്യത്ര ചേർത്തിട്ടുണ്ട്. കുഴൽകിണറിൻെറ ആഴത്തിൻേറ?ഉം കേസിംഗ് പൈപ്പിൻേറയും വ്യത്യാസമനുസരിച്ച് ആകെ നിർമ്മാണത്തുകയിൽ വ്യത്യാസമുണ്ടാകാവുന്നതാണ്) ആയതിൻ പ്രകാരമുള്ള തുക കുഴൽകിണറുകൾളുടെ നിർമ്മാണത്തിനു വകുപ്പിനു ലഭ്യമാക്കേണ്ടതാണ് 1996-97 1 11 കുഴൽകിണറുകളുടെ നിർമ്മാണത്തിനാണ് ടാർജററ് നൽകിയിട്ടുള്ളത്.

കുഴൽ കിണറുകളുടെ നിർമ്മാണം മലനാട്, ഇടനാട്, പ്രദേശങ്ങളിൽ ആണ് നടപ്പിലാക്കാൻ ഫീസിബിലിററി ഉള്ളത്. തീരപ്രദേശത്ത് ട്യൂബ് വെൽ ആണ് ഫീസിബിൾ ആയിട്ടുള്ളത്. തീരപ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ കുഴൽ കിണർ (BORE WELL) ഫീസിബിൾ അല്ലാത്തതിനാൽ ആയതിലേക്കുള്ള തുക നീക്കിവെക്കേണ്ടതില്ല. ഫണ്ടു അനുവദിക്കുമ്പോൾ പദ്ധതിക്കുള്ള മുഴുവൻ തുകയും ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ പ്രായോഗികമായ രീതിയിൽ ഫണ്ട് റ്'ിതിക്കേണ്ടതാണ്.

ഭൂജലവികസനത്തിന് ഭൂജലവവകുപ്പാണ് 'നോഡൽ ഏജൻസി'. ആയതിനാൽ ഭൂജല ചൂഷണവും വികസനവും ഭൂജലവകുപ്പിൻെറ സാങ്കേതിക മേൽനോട്ടത്തിൽ പ്രാവർത്തികമാക്കേണ്ടതാണ്. ഭൂജലവകുപ്പ് മുഖാന്തിരം സ്ഥാനനിർണ്ണയംഇ നടത്തേണ്ട സ്ഥലങ്ങളുടെ ലിസ്ററു മുൻകൂട്ടി തന്നെ വകുപ്പിനു ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഫണ്ടിൻെറ ലഭ്യതയനുസരിച്ച് കുഴൽകിണറുകളുടെ സ്ഥാനനിർണ്ണയത്തിനും കുഴിക്കുന്നതിനുമുള്ള മുൻഗണന നിർണ്ണയിച്ചു ഭൂജലവകുപ്പിനെ അറിയിക്കാവുന്നതാണ്.

കുഴൽകിണറുകളുടെ ഹാൻഡുപംപിൻെറ അററകുററപണികൾ സമയാസമയങ്ങളിൽ നടത്തുകയാണേങ്കിൽ കുടിനീർപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണം. അവയുടെ അററഖുററപണികൾക്കു വേണ്ട സാങ്കേതിക നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്കു ജലവകുപ്പിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്.

# കൃഷി – ജലസേചനം

## കൃഷി

*(അവലംബം സെററിൽമെൻറ് രജിസ്ററർ കൃഷി ഭവൻ രേഖകൾ)*

ഈ നൂററാണ്ടിൻെറ ആരംഭത്തോടെത്തന്നെ കോലഴിയിൽ ഒട്ടുമിക്കപ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരുന്നു. ഈ വിഭാഗത്തിൻെറ 60 ശതമാനം സ്ഥലവും ആണ് നെൽകൃഷിയായിരുന്നു ചെയ്തിരുന്നത്. എന്നാൽ അത് 1996 ആയപ്പോഴേക്കും വളരെ കുറഞ്ഞ്പോയിട്ടുണ്ട്. നെൽപാടങ്ങളിൽ റബ്ബർ, തെങ്ങ്,കവുങ്ങ്, തുടങ്ങിയ കൃഷിക്കായും വീടുവയ്ക്കുന്നതിനും മററും കാർഷികേതര ആവശ്യങ്ങൾക്കും ഉപയോഗിച്ചതുകൊണ്ട് വന്ന കുറവാണിത്.

വാസ്തവത്തിൽ നെൽകൃഷിചെയ്യാൻ കുറഞ്ഞ സ്ഥലങ്ങളിൽപോലും ഇവിടെ നെൽകൃഷിചെയ്തുവരുന്നതായികാണാം ആറോ ഏഴോ മേനി വിളഞ്ഞിരുന്ന സ്ഥലങ്ങളിൽ പോലും നെൽകൃഷിചെയ്തിരുന്നു. ഒട്ടുംലാഭകരമല്ലാതിരുന്നിട്ടുപോലും ഈ സ്ഥിതി നിലനിൽക്കാൻകാരണം അന്ന് നിലനിന്നിരുന്ന പാട്ട വ്യവസ്ഥയാണ്. ഇവിടത്തെ ഭൂവിഭാഗത്തിൻെറ ഗണ്യമായ ഭാഗവും വിവിധ ദേവസ്വങ്ങളുടേയോ മററ് ജന്മികളുടേയോ സ്വത്തായിരുന്നു.(വടക്കുന്നാഥൻ ദേവസ്വം, നെതലക്കാവ് ദേവസ്വം, കൊട്ടേക്കാട് പള്ളി, പാലിയ തമ്പുരാൻകോവിലകം, പാലിയം തുടങ്ങിയവ) വാരം അല്ലെങ്കിൽ പാട്ടം എന്നറിയപ്പെടുന്ന വ്യവസ്ഥയിലാണ് അവർ കുടിയാർക്ക് ഭൂമി കൃഷിക്ക് നൽകി യിരുന്നത്. ഈ വ്യവസ്ഥപ്രകാരം മുഖ്യമായും നെല്ല് തന്നെ കൃഷിചെയ്തിരിക്കണമെന്നതാണ് വ്യവസ്ഥ. ഭൂപരിഷ്കരണനിയമപ്രകാരം പാട്ടകുടിയാന്മാർക്ക് വസ്തുവിൽ ജന്മാവകാശം ലഭി ക്കുകയും തങ്ങളുടെ അധീനതയിലുള്ള കൃഷിയിട ങ്ങളിൽ തങ്ങൾക്ക് യുക്തമായ കൃഷി സമ്പ്രദായം നടപ്പിലാക്കുവാൻ ആരംഭം കുറിക്കുകയും തുടങ്ങി.

നെൽപാടങ്ങളുടെ പരിവർത്തനത്തേക്കാൾ കൂടുതലായുള്ള പ്രശ്നം പരിസ്ഥിതിക്കായി നെൽപ്പാടങ്ങൾ നികത്തലാണ്. ഇത് നിയന്ത്രണാതീതമാക്കിയില്ലെങ്കിൽ നെൽപാടങ്ങൾ മിക്കവാറും ഇല്ലാതായിത്തീരാനുള്ള സാധ്യത വിരളമല്ല.

പുരയിടങ്ങളിലും ഈ കാലയളവിൽ പ്രകടമായ മാററങ്ങൾ വന്നിട്ടുണ്ട്. തെങ്ങ്, കവുങ്ങ്, റബ്ബർ, കപ്പ, വാഴ, പച്ചക്കറികൾ, മാവ്, പ്ലാവ്, പുളി തുടങ്ങിയവയായിരുന്നു കൃഷിചെയ്തിരുന്നത്. എന്നാൽ തുണ്ടവൽക്കരണത്തിൻെറ ഭാഗമായി ഈ കൃഷികൾ ചെയ്യാൻ കഴിയാത്ത രീതിയിലേക്ക് നീങ്ങിക്കഴിഞ്ഞിരുന്നു. ചുരുക്കത്തിൽ ജനസംഖ്യാവർദ്ധനവ് ഭൂമിയിൽ ചെലുത്തിയ സമ്മർദ്ദം ചെറുതല്ല. 1981 ലേക്കാൾ എത്രയോ ഇരട്ടി വീടുകൾ ആണ് കോലഴിയിൽ ഉണ്ടായിട്ടുള്ളത്. പാർപ്പിടങ്ങൾവർദ്ധിച്ചതോടെ ഈ പ്രദേശങ്ങളിൽ റോഡുകളും വർദ്ധിച്ചു. നേരത്തെതന്നെ ഉണ്ടായിരുന്ന തൃശ്ശൂർ-ഷൊർണൂർ റോഡ്, തൃശ്ശൂർ-ഷൊർണൂർ റെയിൽവേ ലൈൻ എന്നിവ കൂടാതെ തൃശ്ശൂർ-ഗുരുവായൂർ റെയിൽവേ ലൈൻ, വിയ്യൂർ മുണ്ടൂർ റോഡ്, തിരൂർ-പുത്തൻമഠംകുന്ന് റോഡ്, കോലഴി കാററിൽ ഗ്രേസിങ്ങ് ഗ്രൗണ്ട് റോഡ്, ത്രിവേണി റോഡ്, പൂവ്വണിറോഡ്, കൈതച്ചാൽ റോഡ്, കുററൂർ- മുതുവറ റോഡ്, തുടങ്ങി നിരവധി റോഡുകൾ പുതിയതായി നിർമ്മിക്കേണ്ടിവന്നിട്ടുണ്ട്. റോഡുകളുടെ നിർമ്മാണം. പുതിയപ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട്. നീർചാലുകൾക്ക് തടസ്സമുണ്ടാക്കുകയും ഒഴുകി പോകുന്നതിനുള്ള സൗകര്യം നഷ്ടപ്പെടുക തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്.

കുളങ്ങൾ തോടുകൾ തുടങ്ങിയ പൊതു ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും സാമൂഹ്യ സംവിധാനം ഭൂപരിഷ്കരണനിയമം നടപ്പിലായതോടെ ഇല്ലാതെയായി. കുടിയാന്മാരുടെ സഹായത്തോടുകൂടി ജന്മിമാരായിരുന്നു ഇവ സംരക്ഷിച്ചുപോന്നിരുന്നത്. ജലസ്രോതസ്സുകൾ സമൂഹത്തിൻെറ പൊതുസ്വത്തായതോടുകൂടി ഇവ സംരക്ഷിക്കാനാളില്ലാതെയായി. പരിമിതമായ പഞ്ചായത്തു ഫണ്ടുകൾ ഉപയോഗിച്ച് ഇവ സംരക്ഷിച്ച്പോരുക എന്നത് ഇന്ന് നിലനിൽക്കുന്ന ഏററവും വലിയ പ്രശ്നമാണ്.

കൃഷിഭൂമിയുടെ തുണ്ടവൽക്കരണം കാർഷിക രംഗത്ത് വളരെവലിയ പ്രത്യാഘാതങ്ങൾ ആണ് വരുത്തിയിട്ടുള്ളത്. ഭൂരിഭാഗം കർഷകരുടേയും വാർഷിക വരുമാനം വളരെ തുച്ഛമാണ്. കൃഷി മുഖ്യവരുമാനമായി കാണുന്നവർ വളരെ കുറവാണ്. കർഷകത്തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടും വർദ്ധിച്ചകൂലിയും കാർഷികരംഗത്തെ മറെറാരുപ്രശ്നം, ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കർഷകക്കുടുംബങ്ങളിലെ യുവതലമുറക്കാർ പാടത്തെപണിയിൽനിന്ന് പിൻവാങ്ങി. യുവതികൾ പാടത്തെ പണിയേക്കാൾ കെട്ടിടനിർമ്മാണം, പരമ്പരാഗതവ്യവസായങ്ങൾ തുട

ങ്ങിയ മററു ജോലികളാണ് ഇഷ്ടപ്പെടുന്നത്. കാർഷി കമേഖലയിൽ കൂലി കൂടുതൽ കൊടുത്താൽപോലും ഇപ്പോൾ ഈ ജോലിക്ക് ആരും തയ്യാറാകുന്നില്ല. പുരുഷന് 100-120ഉം സ്ത്രീകൾക്ക് 50-60ആണ് ഇന്ന് കൂലി നിരക്ക്.

## ഭൂവിനിയോഗം പട്ടിക 5

| വിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നെല്ല് ഒന്നാംവിള | 423.00 |
| നെല്ല് രണ്ടാംവിള | 561.00 |
| നെല്ല് മൂന്നാംവിള | 45.00 |
| തെങ്ങ് | 180.00 |
| നേന്ത്രവാഴ | 55.00 |
| കവുങ്ങ് | 206.00 |
| കുരുമുളക് | 25.00 |
| കശുമാവ് | 147.00 |
| റബ്ബർ | 22.00 |
| മററിനങ്ങൾ | 115.00 |

## നിലവിലുണ്ടായിരുന്ന നെൽവിത്തുകൾ

തവളക്കണ്ണൻ, പട്ടാമ്പി, ചിറേറനി, വട്ടൻ, ചെമ്പാവ്, പാണ്ടിനെല്ല്, ചീര, തവര, ഐ.ആർ-8

## ഇപ്പോൾ കൂടുതലായി ഉപയോഗിച്ചുവരുന്നത്

ചിറേറനി, ജ്യോതി, 19½, ത്രിവേണി, 0-10 എന്നിവ

ഗ്രാമസഭയിൽ നടന്ന ചർച്ചകളിലൂടെയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട **പ്രധാനപ്രശ്നങ്ങൾ**

1. തുണ്ടുഭൂമികളിൽ കൃഷിചെയ്യാൻ കഴിയുന്നില്ല
2. നെൽകൃഷി പ്രായേണ നഷ്ടമാണ്.
3. കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
4. കർഷതൊഴിലാളികകളുടെ കൂലിനിരക്ക് ഉല്പാദനവുമായി തട്ടിച്ചുനോക്കിയാൽ വളരെ കൂടുതലാണ്. അവരുടെ സേവനനിലവാരമാകട്ടെ കുറഞ്ഞുവരുന്നു.
5. മണ്ണുപരിശോധനാടിസ്ഥാനത്തിലല്ല വളപ്രയോഗം നടന്നുവരുന്നത്.
6. ജൈവവളപ്രയോഗം നാമമാത്രമാണ് ജൈവവളം കിട്ടാനില്ല.
7. കാർഷിയന്ത്രോപകരണങ്ങൾ വേണ്ടത്ര കിട്ടാനില്ല.
8. ജലസേചന സൗകര്യങ്ങൾ വളരെ പരിമിതമാണ്. കൃഷിമിക്കവാറും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്.
9. കൃഷി മുഖ്യതൊഴിലായിട്ടുള്ളവർ വളരെ കുറവാണ്. അതിനാൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിൽ താൽപര്യക്കുറവാണ്.
10. കൊപ്രവിപണനത്തിന് പ്രാദേശിക സൗകര്യങ്ങളില്ല.
11. പീച്ചികനാൽ വെള്ളം പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും ലഭ്യമാക്കുവാൻ നിലവിലുള്ള തോടുകളും കനാൽചാലുകളും വൃത്തിയാക്കുക.
12. പ്രധാന തോടുകളുടെ ഉറവസ്ഥാനം മുതൽ അവസാനം വരെയുള്ള കയ്യേററങ്ങൾ ഒഴിവാക്കി സൈഡ്കെട്ടിസംരക്ഷിക്കുക.
13. പ്രധാന തോടുകളിൽ ആവശ്യമായിടങ്ങളിൽ ചെക്കുഡാം നിർമ്മിക്കുക.
14. പഞ്ചായത്തിലെ പ്രധാനകുളങ്ങൾ അററകുററപണികൾ നടത്തി ജലസേചനത്തിനുമാത്രം ഉപയോഗപ്രദമാക്കുക.
15. കേരവികസനസമിതിയുടെ കീഴിൽ തെങ്ങുകൃഷിക്കാർക്ക് ലഭ്യമാകുന്ന സാമ്പത്തികസഹായങ്ങളും സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കുക.
16. കൃഷി ആഫീസർമാരുടെ സേവനം കൂടുതൽ മെച്ചപ്പെടുത്തുക.
17. കൃഷി അനുബന്ധവ്യവസായങ്ങൾക്ക് മുൻഗണന നൽകുക.
18. കൂർക്കകൃഷിക്ക് ഇൻഷൂറൻസ് ഏർപ്പെടുത്തുക
19. വിത്തും വളവും കീടനാശിനികളും സൗജന്യനിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കുക.
20. കാർഷിക യന്ത്രങ്ങൾ സൗകര്യപ്രദം ലഭിക്കുമാറാക്കുക
21. തോടുകൾ തമ്മിൽ ആവശ്യമായ ലിങ്ക് തോട് നിർമ്മിക്കുക.
22. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുക.
23. മണ്ണുപരിശോധന നടത്തുന്നതിനും ശാസ്ത്രീയ വളപ്രയോഗത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക.
24. കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി എളുപ്പത്തിൽ ലഭിക്കുന്നതിന് നടപടിയെടുക്കുക.
25. കാർഷികാവശ്യത്തിന് വൈദ്യുതിയും മണ്ണെണ്ണയും സൗജന്യനിരക്കൽ നൽകുക
26. നെൽകൃഷിക്കുണ്ടാകുന്ന കീടങ്ങളെ തടയുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
27. നെൽകൃഷി ഇൻഷുറൻസ് നടപ്പിലാക്കുക.
28. മഴവെള്ളം തടഞ്ഞുനിർത്തുന്നതിന് തോടുകളിലും ചാലുകളിലും Check Dam സംവിധാനം നടപ്പിലാക്കുക.
29. അതാത് പഞ്ചായത്ത് അതിർത്തിയിൽപെടുന്ന കൃഷിഭൂമികളുടെ ഇടയിൽകൂടിപ്പോകുന്ന തോടുകളും ചാലുകളും അതാതു പഞ്ചായത്തുകളുടെ കീഴിൽ കൊണ്ടുവരുക.

# കൃഷി വികസനം
# പഞ്ചായത്തു തലത്തിൽ

അധികാരവികേന്ദ്രീകരണത്തിൻെറ ഭാഗമായി കാർഷികമേഖലയിൽ നേരിട്ട് ഇതേവരെ നടപ്പാക്കി വന്നിരുന്ന അൻപതിലധികം പദ്ധതികൾ പുതുതായി അധികാരത്തിൽ വന്ന സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാററം ചെയ്തു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുരാജ് സ്ഥാപനങ്ങൾക്ക് കൈമാറിയ വിവിധ പദ്ധതികളെയും അവയുടെ വിശദാംശങ്ങളെയും കുറിച്ച് കർഷകരെയും പൊതുജനങ്ങളെയും ബോധവത്കരിക്കുന്നതിനാണ് ഈ പ്രസിദ്ധീകരണത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

## കൃഷി വകുപ്പ്

### ഗ്രാമപഞ്ചായത്തുകൾക്കും നഗരപാലികകൾക്കും കൈമാറിയ പദ്ധതികൾ

### 1. ഗ്രൂപ്പ്ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ

നെൽക്കൃഷിയുടെ കാര്യത്തിൽ ഇപ്പോഴുള്ള സ്ഥലവിസ്തൃതി കുറയാതിരിക്കുന്നതിന് പ്രോത്സാഹന പരിപാടികൾ നടപ്പാക്കുകയാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 1995–96-ൽ 14 കോടി രൂപ പദ്ധതി നടത്തിപ്പിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. പ്രാദേശിക പ്രത്യേകതകൾക്കിണങ്ങിയ മികച്ച നെൽവിത്തുകൾ കണ്ടെത്തുക, ഓരോ പാടശേഖരത്തിനും അനുയോജ്യമായ ജലപരിപാലന സംവിധാനത്തിന് രൂപം നൽകുക, ജൈവവളങ്ങൾക്ക് പ്രചാരം നൽകുക, തരിശ്ശിടുന്ന നെല്പാടങ്ങൾക്ക് അനുയോജ്യമായ വിളപരിക്രമം പ്രോത്സാഹിപ്പിക്കുക, കാർഷികയന്ത്രവൽക്കരണം നടപ്പാക്കുക തുടങ്ങി വിവിധ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നെൽക്കൃഷി ആദായകരമാക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് 1993–94 മുതൽ നടപ്പാക്കിത്തുടങ്ങിയ പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി തുടർന്നും നടത്തുന്നുണ്ട്. ഇതേവരെ 1494 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.

## 2. ഗ്രൂപ്പ്ഫാമിംഗ് സമിതികൾ മുഖേന വിത്തുല്പാദനം

എട്ടാം പദ്ധതി അവസാനിക്കുന്നതോടെ, സംസ്ഥാനത്ത് അത്യുല്പാദനശേഷിയുള്ള നെൽവിത്തിനങ്ങളുടെ കൃഷി 4 ലക്ഷം ഹെക്ടറെങ്കിലുമായി ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 75 ലക്ഷം രൂപ ഇതിനായി വകകൊള്ളിച്ചിരിക്കുന്നു. ഗ്രൂപ്പ്ഫാമിംഗ് സമിതികൾ മുഖേന വിത്തുകളുടെ വർദ്ധനവും സംഭരണവും വിതരണവും നടത്തുന്നതാണ്. കൃഷിഭവനുകളുടെ മേൽനോട്ടത്തിലായിരിക്കും ഇതു നടപ്പാക്കുക. വിത്തുല്പാദന പ്രവർത്തനങ്ങൾക്കായി കുറഞ്ഞത് 5 ഹെക്ടർ എങ്കിലും സ്ഥലമുള്ള ഗ്രൂപ്പ്ഫാമിംഗ് സമിതിക്കായിരിക്കും പരിപാടിയിൽ അംഗത്വം നൽകുന്നത്. പദ്ധതിയനുസരിച്ച് ഹെക്ടറിന് 1,500 കിലോഗ്രാം നെൽവിത്ത് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സമിതിക്ക് ഹെക്ടറിന് 1,000 രൂപ എന്ന നിരക്കിൽ സഹായം നൽകും. വിത്തു സംഭരണം നടത്തുന്ന ഏജൻസിക്കും ക്വിൻറലിന് 100 രൂപാ ക്രമത്തിൽ സഹായം ലഭ്യമാക്കുന്നതാണ്. സ്ഥിരമായി വിത്തു സംഭരണകേന്ദ്രം നിർമ്മിക്കുന്നതിന് സമിതിക്ക് പരമാവധി 75,000 രൂപ വരെ സഹായം നൽകും.

## 3. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖേന ജൈവവള പ്രചരണം



പച്ചില-ജൈവവള പ്രയോഗങ്ങൾ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പച്ചില വള വിത്തുകൾ വിതരണം ചെയ്യുക, ചിരസ്ഥായി പച്ചില വളച്ചെടികളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വഴി കംപോസ്ററ് ഉല്പാദനവും വിതരണവും നടത്തുക, പാടശേഖര-കേരവികസന സമിതികൾ മുഖേന കംപോസ്ററ് ഉല്പാദനം നടത്തുക, ജീവാണുവളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക, ജൈവവളങ്ങളുടെ ഉപയോഗം സംബന്ധിച്ച് പരിശീലനം സംഘടിപ്പിക്കുക, പട്ടാമ്പിയിലെ മൈക്രോബയോളജിക്കൽ ലബോറട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക എന്നിവയാണ് ഇതിൽ ലക്ഷ്യമിടുന്നത്. ചണമ്പ്, ഡെയിഞ്ച, കൊഴിഞ്ഞിൽ മുതലായ പച്ചിലവളച്ചെടികളുടെ

വിത്തുകളാണ് ഇതനുസരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത് ആകെ 325 ടൺ വിത്ത് കർഷകർക്ക് നൽകും. നഗരപ്രദേശങ്ങളിൽ 7,000 മെട്രിക് ടണ്ണും, ഗ്രാമപ്രദേശങ്ങളിൽ 3,13,176 മെട്രിക് ടണ്ണും കംപോസ്റ്റാണ് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. നീലഹരിത ആൽഗ, അസോള, അസോസ്പൈറില്ലം, റൈസോബിയം തുടങ്ങിയ ജീവാണു വളങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കും. ജൈവ വളക്കൃഷിയുടെ പ്രചരണാർഥം സംസ്ഥാനത്തൊട്ടാകെ വിവിധ കൃഷിഭവനുകളിലായി 5,176 പരിശീലനക്ലാസുകളാണ് സംഘടിപ്പിക്കുക. 50 ലക്ഷം രൂപയാണ് പദ്ധതി നടത്തിപ്പിനായി നീക്കിവച്ചിട്ടുള്ളത്.

## 4. അടിയന്തര കീട–രോഗബാധകളിലെ കൂട്ടായ പ്രവർത്തനം

ഒരു കോടി രൂപ നീക്കിയിരിപ്പോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. തെങ്ങിൻെറ കൂമ്പുചീയൽ, നെല്ലിൻെറ വിവിധ രോഗ-കീടങ്ങൾ, ഇഞ്ചിയുടെ ചുവടുചീയൽ, കുരുമുളകിൻെറ ദ്രുതവാട്ടം, കശുമാവിൻെറ തേയിലക്കൊതുക്, കമുകിൻെറ മഹാളി, എലിനിയന്ത്രണം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 5. കശുമാവു കൃഷി വികസനം



എട്ടാം പദ്ധതിക്കാലത്ത് പുതുതായി 10,000 ഹെക്ടർ സ്ഥലത്ത് കശുമാവുകൃഷി കൊണ്ടുവരാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് 1995–96-ൽ 2,000 ഹെക്ടർ സ്ഥലത്ത് കശുമാവുകൃഷി ചെയ്യാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 50 ലക്ഷം രൂപയാണ് ഇതിനായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. കശുമാവു ഗ്രാഫ്റ്റുകൾ (ഒട്ടുതൈകൾ) സൗജന്യമായി വിതരണം ചെയ്യുക, നടീലിന് തൈ ഒന്നിന് 3 രൂപാ നിരക്കിൽ സഹായം നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഇതിനുവേണ്ട തൈകൾ കൃഷിവകുപ്പിൻെറയും കേരളകാർഷിക സർവകലാശാലയുടെയും ഫാമുകൾ, ആറളം സെൻട്രൽ സ്റ്റേറ്റ് ഫാം എന്നിവ വഴി വിതരണം ചെയ്യും. പദ്ധതിപ്രകാരം ഈ വർഷം 3,20,000 ഒട്ടുതൈകൾ നൽകും.

## 6. കശുമാവിൻത്തോട്ടങ്ങളുടെ ഊർജിത പരിപാലനം

15 ലക്ഷം രൂപ വകകൊളളിച്ച് നടപ്പാക്കുന്ന പദ്ധതിയാണിത്. 5,625 ഹെക്ടർ കശുമാവിൻ തോട്ടത്തിൽ ശാസ്ത്രീയ വളപ്രയോഗം നടപ്പാക്കും. പദ്ധതിപ്രകാരം 90,000 രാസവളക്കിറ്റുകൾ വിതരണം ചെയ്യും. 1993–94-ലും 1994–95-ലും നടപ്പാക്കിവരുന്ന പദ്ധതിയുടെ തുടർച്ചയായിട്ടാണ് ഇത് നടത്തുന്നത്.

## 7. സമഗ്ര നാളികേര വികസന പരിപാടി

ജലസേചനസൗകര്യം വർദ്ധിപ്പിക്കുക, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുക, തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുക, കൊപ്രാഉണക്കുയന്ത്രങ്ങൾ സ്ഥാപിക്കുക, പച്ചിലവള വിത്ത് വിതരണം ചെയ്യുക, റോക്കർ സ്പ്രേയർ വിതരണം നടത്തുക തുടങ്ങി നിരവധി ഘടകങ്ങൾ ഉൾക്കൊളളിച്ചിരിക്കുന്ന അതിബൃഹത്തായ ഒരു കേരവികസന പരിപാടിയാണിത്. 25 കോടി രൂപയാണ് നടത്തിപ്പിന് ഈ വർഷം വകയിരിത്തിയിരിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ 750 ഫിൽറ്റർ പോയിൻറ് കുഴൽക്കിണറുകൾ സ്ഥാപിക്കും. ഇതിൽ ഒരു യൂണിറ്റിന് പരമാവധി 800 രൂപ വരെ സബ്സിഡി ലഭിക്കും. 36,000 കിണറുകൾ, 25,000 പമ്പുസെററുകൾ, 5,900 ഹെക്ടർ സ്ഥലത്ത് സാമൂഹ്യ ജലസേചനം, 200 കൂട്ടായ ജലസേചന പരിപാടികൾ തുടങ്ങിയവയും ഇതിൽപ്പെടുന്നു. തൃശൂർ ജില്ലയിൽ കരുവന്നൂർപ്പുഴക്ക് വടക്കുളള വേരുരോഗബാധിതമായ 1,000 തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ ആശ്വാസധനം നൽകാനും, 1,503 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യാനും, യന്ത്രമൊന്നിന് 25,000 രൂപ സബ്സിഡി അനുവദിച്ചുകൊണ്ട് 200 കൊപ്രാഉണക്കു യന്ത്രങ്ങൾ കേരവികസന സമിതികൾക്കു നൽകാനും, 28 മെട്രിക് ടൺ പച്ചിലവളവിത്ത് വിതരണം ചെയ്യാനും 1,000 റോക്കർ സ്പ്രേയറുകൾ, മരുന്നുതളിക്കുന്നതിനുവേണ്ടി കർഷകർക്കു ലഭ്യമാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനൊക്കെപ്പുറമേ കേരള കാർഷികസർവകലാശാല, കൃഷിവകുപ്പ്, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, നാളികേരവികസന ബോർഡ്, ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിദഗ്ധരെ ഉൾക്കൊളളിച്ച് 2,000 പരിശീലന ക്ലാസുകൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

## 8. കിഴങ്ങുവർഗവിളകളുടെ കൃഷിവികസനം

മരച്ചീനി, മധുരക്കിഴങ്ങ്, മറ്റ് കിഴങ്ങുവർഗവിളകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുക, അവയുടെ മികച്ച നടീൽവസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നിവയാണ് ഈ പദ്ധതി മുഖേന നടപ്പാക്കുന്നത്. 15 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്. നടപ്പുവർഷം 4,350 മിനിക്കിറ്റുകൾ, കിറ്റൊന്നിന് നാമമാത്രമായ 5 രൂപ വീതം ഈടാക്കിക്കൊണ്ട് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.

## 9. സുഗന്ധവിള വികസനം

കുരുമുളകിൻെറ കൃഷിസ്ഥല വിസ്തൃതി വർദ്ധനവ്, പഴയ കുരുമുളകു തോട്ടങ്ങളുടെ പുനരുദ്ധാരണം എന്നീ രണ്ടു പ്രധാന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 50 ലക്ഷം രൂപ നീക്കിയിരിപ്പുള്ള പദ്ധതിപ്രകാരം തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിലെ സാദ്ധ്യമായ എല്ലാ താങ്ങുമരങ്ങളിലും കുരുമുളകുകൊടി വച്ചുപിടിപ്പിക്കുന്നതാണ്. ഇതിനുവേണ്ട വേരുപിടിപ്പിച്ച കുരുമുളകുതൈകൾ സൗജന്യമായി വിതരണം നടത്തി പുനരുദ്ധാരണ പരിപാടിയിൻ കീഴിൽ 6,939 ഹെക്ടർ സ്ഥലത്തുള്ള പഴയ കുരുമുളകു തോട്ടങ്ങൾ നവീകരിച്ചു. ഹെക്ടറിന് 1,500 രൂപ നിരക്കിൽ സഹായവും ഇതിനു ലഭ്യമാക്കുന്നതാണ്.

## 10. പയറുവർഗങ്ങളുടെ കൃഷിവികസനം



പയറുവർഗ കൃഷിവികസന പദ്ധതിക്ക് 40 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഗുണഭോക്താക്കളായ കർഷകർക്ക് ഹെക്ടറിന് 400 രൂപയാണ് സഹായമായി നിശ്ചയിച്ചിട്ടുള്ളത്. പയർവിത്ത്, റൈസോബിയം കൾച്ചർ, സസ്യസംരക്ഷണം എന്നിവയ്ക്കുവേണ്ടിയാണ് ഇതുപയോഗിക്കുക.

## 11. ചെറുകിട യന്ത്രവൽക്കരണം

ഉത്പാദനച്ചെലവു കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗം പ്രചരിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഇതനുസരിച്ച് ട്രാക്ടറുകൾ, പൗവർ ടില്ലറുകൾ, കൊയ്ത്തുയന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ, പാറ്റുയന്ത്രങ്ങൾ, പൗവർ സ്പ്രേയറുകൾ തുടങ്ങിയവയ്ക്ക് സബ്സിഡി ലഭിക്കും. ഉപകരണത്തിൻെറ വിലയുടെ 50 ശതമാനം ആണ് സബ്സിഡിയനുവദിക്കുക. മികച്ച രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സമിതികളായിരിക്കും ഇതിൻെറ ഗുണഭോക്താക്കൾ. സമിതിയിൽ അംഗത്വമുള്ള കർഷർക്ക് ഈ യന്ത്രങ്ങളും ഉപകരണങ്ങളും വാടകയ്ക്ക് നൽകും. 225 ലക്ഷം രുപ പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ചിരിക്കുന്നു.

## 12. ഫലവർഗവികസനം

ഓരോ പ്രദേശത്തിനും യോജിച്ച ഫലവൃക്ഷതൈകൾ വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. 20 ലക്ഷം രുപ വകയിരിത്തിയിട്ടുണ്ട്. ഇതിനുവേണ്ട തൈകൾ പരമാവധി കൃഷിവകുപ്പിൻെറ ഫാമുകളിൽ നിന്ന് ലഭ്യമാക്കും. കുടാതെ കാർഷിക സർവകലാശാല, ആറളം ഫാം, അഗ്രി–ഹോർട്ടി സൊസൈറ്റികൾ, ഹോട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡവലപ്മെൻറ് കോർപ്പറേഷൻ, അംഗീകൃത നഴ്സറികൾ എന്നിവയിൽ നിന്നും തൈകൾ ശേഖരിക്കും.



## 13. പച്ചക്കറി വിളകളുടെ വികസനം

വിദ്യാർഥികളുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ തെരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. ഓരോ സ്ക്കൂളിൽ നിന്നും 30 മുതൽ 40 വരെ വിദ്യാർഥികളെ ഇതിൽ പങ്കെടുപ്പിക്കും. നടപ്പുസാമ്പത്തികവർഷം 300 സ്ക്കുളുകളിലാണ് പരിപാടി നടപ്പാക്കുക. പദ്ധതിയിൽ അംഗങ്ങളാകുന്ന വിദ്യാലയങ്ങൾക്ക് ഓരോന്നിനും 150 രൂപ വിലമതിക്കുന്ന പച്ചക്കറിവിത്ത്, വളം, സസ്യസംരക്ഷണ മരുന്നുകൾ എന്നിവയടങ്ങുന്ന മിനിക്കിററും, 350 രൂപ വിലമതിക്കുന്ന പൂവാളി, സ്പെയിഡ്, ഷവൽ, ഹാൻഡ് സ്പ്രേയർ എന്നിവയും നൽകും. പദ്ധതിയുടെ ചുമതല വഹിക്കുന്ന അദ്ധ്യാപകർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകാനും ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. മികച്ച പച്ചക്കറിത്തോട്ടങ്ങൾ തയ്യാറാക്കുന്ന

വിദ്യാലയങ്ങൾക്ക് സമ്മാനങ്ങളും നൽകും. ഇതുകൂടാതെ പച്ചക്കറിവിത്തുകിറ്റുകൾ നൽകിക്കൊണ്ട് വിദ്യാർഥികളുടെ വീട്ടുവളപ്പുകളിൽ പച്ചക്കറിക്കൃഷി സംഘടിപ്പിക്കുകയും ചെയ്യും. ഇതനുസരിച്ച് നടപ്പു സാമ്പത്തിക വർഷം 5 ലക്ഷം സ്ക്കൂൾ വിദ്യാർഥികൾക്ക് 10 ലക്ഷം വിത്തുകിറ്റുകൾ വിതരണം ചെയ്തുവരുന്നു. വെണ്ട, വഴുതന, മുളക്, പാവയ്ക്ക, ചീര, പയർ, വെള്ളരി, എന്നിവയുടെ വിത്തുകൾ കിറ്റിലുണ്ടായിരിക്കും. വീട്ടുവളപ്പിലെ പച്ചക്കറിത്തോട്ടത്തിനും സംസ്ഥാന—ജില്ല—ബ്ളോക്ക്—പഞ്ചായത്തുതലങ്ങളിൽ സമ്മാനങ്ങൾ നൽകുന്നതാണ്. 33.50 ലക്ഷം രൂപ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

## 14. പ്രത്യേക ഘടകപദ്ധതി

പട്ടികജാതി—പട്ടികവർഗത്തിൽപ്പെട്ട കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി പ്രാദേശിക പ്രത്യേകതകൾക്കിണങ്ങിയ പദ്ധതികൾ നടപ്പാക്കുവാനാണ് ഇതിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 750 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. നഴ്സറി പരിശീലനം, പച്ചക്കറിയുല്പാദനം എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 15. ഗിരിവർഗ ഉപപദ്ധതി

ഗിരിവർഗ ഉപപദ്ധതിക്ക് 100 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ അട്ടപ്പാടി സഹകരണകാർഷിക സംഘം, സുഗന്ധഗിരി ഏലം പദ്ധതി, പൂക്കോട് ക്ഷീരവികസന പദ്ധതി എന്നിവയുടെ പ്രധാന പ്രവർത്തനങ്ങൾക്കും തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

## 16. പ്രാദേശിക വിളകളുടെ വികസനം

ഓരോ പ്രദേശത്തേയും പ്രത്യേകതകൾക്കനുയോജ്യമായ വിളകൾ കൃഷിചെയ്തു പരമാവധി ആദായം കർഷകന് ലഭ്യമാകുക എന്നതാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതിനുവേണ്ടിമികച്ച നടീൽവസ്തുക്കളും ശാസ്ത്രീയ മേൽനോട്ടവും ലഭ്യമാക്കും. ഇതിനായി വിവിധ ഘടകങ്ങൾക്ക് ഒരു കർഷകന് 3,000 രൂപ വരെ ആകെ സബ്സിഡി അനുവദിക്കും. ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ്, ജില്ലകളിലാണ് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നത്. 1995–96 വർഷത്തിൽ കരിമ്പ്, പരുത്തി, പുകയില എന്നീ വിളകളുടെ വികസനമാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 17. അംഗീകൃത നഴ്സറികൾക്ക് പ്രോത്സാഹനം



സ്വകാര്യമേഖലയിൽ അംഗീകൃത നഴ്സറികൾ സ്ഥാപിച്ച് നടീൽവസ്തുക്കളുടെ വിതരണത്തിൽ വികേന്ദ്രീകരണം നടപ്പാക്കുക എന്നതാണ് പദ്ധതിലക്ഷ്യം. ഇതിനുവേണ്ട മാതൃസസ്യങ്ങൾ കൃഷിവകുപ്പിന്റെ ഫാമുകളിൽ നിന്നു ലഭ്യമാക്കും. ബന്ധപ്പെട്ടവർക്ക് പരിശീലനവും നൽകും. പദ്ധതി പ്രകാരം നേരത്തേ തന്നെ സ്ഥാപിതമായിട്ടുള്ള 800 നഴ്സറികളുടെ പ്രവർത്തനം നടപ്പുവർഷം മെച്ചപ്പെടുത്തും.

## 18. ഔഷധ സസ്യകൃഷി

തൃശൂർ ജില്ലയിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ കർഷകരുടെ വീട്ടുവളപ്പുകളിൽ ഔഷധസസ്യങ്ങളുടെ കൃഷി കൂടുതൽ പ്രചരിപ്പിക്കുവാൻ ഉദ്ദേശിച്ച് 1992–93 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ തുടർ പദ്ധതിയാണിത്. മികച്ച നടീൽവസ്തുക്കൾ, തെരഞ്ഞെടുത്ത വീടുകളിൽ നൽകിയായിരിക്കും വാണിജ്യാടിസ്ഥാനത്തിൽ കൃഷി നടത്തുക. ജില്ലയിലെ പുത്തൂർ, നടത്തറ, പാണഞ്ചേരി, ഒല്ലൂക്കര, ആവണിശ്ശേരി, വരന്തരപ്പള്ളി പഞ്ചായത്തുകളിലായി തിപ്പലി, കച്ചോലം, ചിറ്റാടലോടകം, നീലയമരി എന്നീ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യും. 15 ഹെക്ടർ സ്ഥലം ഇതിലേയ്ക്കുപയോഗിക്കും. 5 ലക്ഷം രൂപയാണ് പദ്ധതിവിഹിതം. കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധച്ചെടികൾ സർക്കാർ നിയന്ത്രണത്തിലുള്ള "ഔഷധി" സംഭരിക്കുന്നതുമൂലം കർഷകർക്ക് മികച്ച വില ലഭിക്കുന്നതിന് സാധിക്കുന്നു.

## 19. കാർഷികോല്പാദന പരിപാടികളിൽ ജനപങ്കാളിത്തം

കാർഷികമേഖലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്ന കർഷകർ, കാർഷിക പത്രപ്രവർത്തകർ, തൊഴിലാളികൾ തുടങ്ങിയവർക്ക് കർഷകദിനത്തോടനുബന്ധിച്ച് സംസ്ഥാന–പഞ്ചായത്ത് തലങ്ങളിൽ അവാർഡുകൾ നൽകുന്നതാണ്. 50 ലക്ഷം രൂപ ഇതിലേക്ക് നീക്കിവച്ചിട്ടുണ്ട്. കൃഷിഭവൻ തലത്തിൽ കാർഷിക സെമിനാറുകൾ നടത്തുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

## 20. പഞ്ചക പദ്ധതി

തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ ചെറുകിട—നാമമാത്ര കൃഷിയിടങ്ങളിൽ സമ്മിശ്ര കൃഷിസമ്പ്രദായം പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. പച്ചക്കറി, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെയെല്ലാം ഉല്പാദനം ഇതു മുഖേന വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

### നോൺ പ്ലാൻ സ്കീം

### നെൽക്കൃഷിക്കാർക്ക് ഉത്പാദന പ്രോത്സാഹനം

നെൽക്കൃഷിക്കാർക്ക് ഒരു ഹെക്ടറിന് ഒരു സീസണ് 250 രൂപയാണ് ഉത്പാദന പ്രോത്സാഹനമായി നിശ്ചയിച്ചിട്ടുള്ളത്. മൂന്നു പൂവും കൃഷിയിറക്കുന്ന വ്യക്തി ഇതനുസരിച്ച് ഹെക്ടറൊന്നിന് 750 രൂപ സഹായത്തിനർഹനാണ്. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖേന സഹായം ലഭ്യമാക്കും. കൃഷിഭവനിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ള കർഷകർക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. 900 ലക്ഷം രൂപ ഇതിനായി വകകൊള്ളിച്ചിട്ടുണ്ട്.

## ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികൾ

### പ്ലാൻ പദ്ധതികൾ

### 1. കൃഷിവകുപ്പിന്റെ ഫാമുകൾ വഴി നടീൽവസ്തുക്കളുടെ ഉല്പാദനം

കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ വിളവികസന പദ്ധതികൾക്കുവേണ്ട നടീൽ വസ്തുക്കളുടെ ഉല്പാനം ത്വരിതപ്പെടുത്തുവാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്തൊട്ടാകെയുള്ള 10 ജില്ലാ ഫാമുകളുടെയും, 32 നെൽവിത്തുല്പാദന കേന്ദ്രങ്ങളുടെയും നാളികേര നഴ്സറികളുടെയും പ്രവർത്തനത്തിന് ഈ പദ്ധതി വിഹിതം ഉപയോഗിക്കും. ഈ പദ്ധതിക്കായി ഒരു കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## 2. മികച്ച തെങ്ങിൻതൈകൾ — ഉല്പാദനവും വിതരണവും



മികച്ച തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിന് വേണ്ട വിത്തുതേങ്ങയുടെ സംഭരണമാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ നിന്നാണ് വിത്തുതേങ്ങ സംഭരിക്കുക. കൃഷിവകുപ്പിൻെറ കീഴിലുള്ള തെങ്ങിൻതൈ നഴ്സറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും മേൽത്തരം തെങ്ങിൻതൈകളുടെ ഉല്പാദനച്ചെലവിനും പദ്ധതി വിഹിതം ഉപയോഗിക്കുന്നു. 70 ലക്ഷം രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നു.

## 3. മണ്ണു പരിശോധനാ സൗകര്യങ്ങൾ



രാസവളങ്ങളുടെ കാര്യക്ഷമവും ആദായകരവുമായ ഉപയോഗത്തിന് മണ്ണുപരിശോധന ഒരു നിർബന്ധ ഘടകമാണ്. ഇതനുസരിച്ച് നടപ്പുവർഷം 2.72 ലക്ഷം മണ്ണുസാമ്പിളുകൾ പരിശോധിക്കും. ഇതിൻെറ ഫലം യഥാസമയം കർഷകരെ അറിയിക്കാനും സംവിധാനം ചെയ്യുന്നതാണ്. കാസർകോഡ്, പത്തനംതിട്ട ജില്ലകളിൽ പുതുതായി സ്ഥാപിച്ച മണ്ണു പരിശോധനാശാലകളിൽ അധികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കോട്ടയം, കോഴിക്കോട് ജില്ലകളിൽ 2 സഞ്ചരിക്കുന്ന പരിശോധനാശാലകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

## 4. കാർഷിക എഞ്ചിനീയറിംഗ് സർവീസ്

കാർഷികോപകരണങ്ങൾ പ്രചരിപ്പിക്കുക, പുതിയ കാർഷികോപകരണങ്ങൾക്ക് രൂപം നൽകുക, ട്രാക്ടറുകൾ, പൗവർ ടില്ലറുകൾ എന്നിവ വാടകയ്ക്ക് നൽകുക, തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ നടപ്പാക്കുന്നത്. 30 ലക്ഷം രൂപയാണ് ഇതിലേക്കായി വകകൊള്ളിച്ചിട്ടുള്ളത്.

## 5. പ്രശ്നപ്രദേശങ്ങളിൽ നെൽക്കൃഷി

നെൽക്കൃഷിരംഗത്തെ പരമ്പരാഗതവും എന്നാൽ പ്രശ്നപ്രദേശങ്ങളുമായ ആലപ്പുഴ ജില്ലയിലെ കരിനിലങ്ങൾ, തൃശ്ശൂർ—മലപ്പുറം ജില്ലകളിലെ കോൾനിലങ്ങൾ, വയനാട് ജില്ലയിലെ ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്ക് ഈ പദ്ധതി അനുസരിച്ച് പ്രത്യേക പരിഗണന ലഭിക്കും. കരിനിലവികസന ഏജൻസി, കോൾനിലവികസന ഏജൻസി എന്നിവയുടെ സഹകരണത്തോടെയാണിത് നടപ്പാക്കുന്നത്. 450 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്.

## നോൺപ്ലാൻ പദ്ധതികൾ

## 1. മേൽത്തരം വിത്തുല്പാദനവും വിതരണവും

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 32 നെൽവിത്തുല്പാദന കേന്ദ്രങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 243.11 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

## 2. മിശ്രകൃഷിത്തോട്ടങ്ങൾ

പെരിങ്ങമ്മല, മാവേലിക്കര, കോഴ, കൂത്താളി, തളിപ്പറമ്പ്, നെല്ലിയാംപതി, ചിഞ്ചേരി എന്നീ കൃഷിഫാമുകളുടെയും വൈററിലയിലെ തെങ്ങിൻതോട്ടത്തിൻെറയും തുടർന്നുള്ള പ്രവർത്തനത്തിനാണ് ഈ തുക. വിവിധ വിളകളുടെ നടീൽവസ്തുക്കൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യാനും പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു. 217.67 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 3. ജില്ലാകൃഷിത്തോട്ടങ്ങൾ

ജില്ലാകൃഷിത്തോട്ടങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതിയുടെ നടത്തിപ്പിന് 164.84 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## 4. ഇടുക്കി ജില്ലാകൃഷിത്തോട്ടം

അരീക്കുഴയിൽ പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാകൃഷിത്തോട്ടം 16.23 ലക്ഷം രൂപ നീക്കിയിരിപ്പുള്ള ഈ പദ്ധതിയനുസരിച്ച് കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതാണ്.

5. പച്ചക്കറി വിത്തുല്പാദനകേന്ദ്രം

ആലുവായിൽ പ്രവർത്തിക്കുന്ന വിത്തുല്പാദന കേന്ദ്രത്തിൻെറ തുടർന്നുള്ള പ്രവർത്തനത്തിന് 6.63 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

## മണ്ണുസംരക്ഷണ വിഭാഗം

## ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികൾ

1. ഗവേഷണ—പരിശീലനപരിപാടി



കൃഷിവകുപ്പിൻെറ ഭാഗമായി പ്രവർത്തിക്കുന്ന മണ്ണുസംരക്ഷണ വിഭാഗത്തിൻെറ ഗവേഷണ – പരിശീലന പരിപാടികൾ നടത്തുന്നത് പത്തനംതിട്ട ജില്ലയിലെ കോന്നി ആസ്ഥാനമായി പ്രവർത്തിക്കുന്ന റിസർച്ച്–കം–ട്രെയിനിംഗ് സെൻറർ ആണ്. ഈ കേന്ദ്രത്തിൽ വിവിധ മണ്ണു–ജല സംരക്ഷണ പദ്ധതികളെക്കുറിച്ചുള്ള ഗവേഷണവും, കൂടാതെ കർഷകർക്കും ഉദ്യോഗസ്ഥർക്കും ശാസ്ത്രീയ പരിശീലനവും നൽകിവരുന്നു. ഇതിലേക്ക് 30 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ചതുപ്പുപ്രദേശങ്ങൾ കൃഷിക്കുപയുക്തമാക്കൽ

വെള്ളക്കെട്ടുള്ള പ്രദേശങ്ങളും ചതുപ്പുസ്ഥലങ്ങളും കൃഷിക്ക് ഉപയുക്തമാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ 200 ഹെക്ടർ സ്ഥലം നടപ്പുവർഷം കൃഷിയോഗ്യമാക്കുന്നതാണ്. 30 ലക്ഷം രൂപ ഇതിനു വകകൊള്ളിച്ചിരിക്കുന്നു.

3. നദീതടസംരക്ഷണം

25 ലക്ഷം രൂപ ചെലവിൽ അനുയോജ്യമായ മണ്ണുസംരക്ഷണ വിദ്യകൾ ഉപയോഗിച്ച് നദീതടങ്ങൾ സംരക്ഷിച്ച് നിറുത്താനുള്ളതാണ് ഈ പദ്ധതി. സംസ്ഥാനവ്യാപകമായിട്ടാണ് ഇതു നടപ്പാക്കുന്നത്. നടപ്പുവർഷം 25 കിലോമീററർ നദീതീരം സംരക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു.

## 4. ജലസംഭരണി വൃഷ്ടിപ്രദേശങ്ങളുടെ സംരക്ഷണം

അരുവിക്കര, ശാസ്താംകോട്ട എന്നിവിടങ്ങളിലുള്ള ശുദ്ധജല വിതരണ സംഭരണികളുടെ വൃഷ്ടി പ്രദേശങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനു കൂടി മുൻതൂക്കം നൽകിക്കൊണ്ട് സംരക്ഷിക്കുവാനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. നടപ്പുവർഷം പദ്ധതിപ്രകാരം 130 ഹെക്ടർ സ്ഥലത്ത് 20 ലക്ഷം രൂപ ചെലവുചെയ്തു ഈ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.

## 5. മണ്ണിടിയുന്ന പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവ നിമിത്തം കൃഷിനാശം സംഭവിച്ച പ്രദേശങ്ങളിൽ യോഗ്യമായ മണ്ണുസംരക്ഷണ പരിപാടികൾ നടപ്പാക്കുവാൻ ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിരിക്കുന്നു. നടപ്പുവർഷം 200 ഹെക്ടർ സ്ഥലത്താണ് ഇത് ചെയ്യുന്നത്. ഉരുൾപൊട്ടൽ സംഭവിക്കുന്നതും, അതിനു സാദ്ധ്യതയുള്ളതുമായ എല്ലാ ജില്ലകളിലും ഇത് നടപ്പാക്കുന്നതാണ്. 30 ലക്ഷം രൂപയാണ് പദ്ധതി നടത്തിപ്പിനുപയോഗിക്കുന്നത്.



## 6. പട്ടികജാതിക്കാരുടെ ഭൂമിയിൽ സംയോജിത മണ്ണുസംരക്ഷണം



565 ഹെക്ടർ പ്രദേശമാണ് പദ്ധതിയനുസരിച്ച് 1995–96–ൽ സംരക്ഷിക്കുക. 100 ശതമാനം സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയനുസരിച്ച് പട്ടികജാതിക്കാരുടെ ഭൂമിയിൽ 85 ലക്ഷം രൂപ ചെലവിൽ സംയോജിത മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കും.

## 7. ഗിരിവർഗ ഉപപദ്ധതി

സംയോജിത മണ്ണുസംരക്ഷണ പരിപാടികൾ തന്നെ പട്ടികവർഗക്കാരുടെ സ്ഥലങ്ങളിൽ നടപ്പാക്കുന്നതാണ് ഈ ഉപപദ്ധതി. 100 ശതമാനം സാമ്പത്തിക സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കുന്നത്. 100 ഹെക്ടർ സ്ഥലം ഇതനുസരിച്ച് സംരക്ഷിക്കും. 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 8. നീർമറിപ്രദേശങ്ങളിൽ സംയോജിത മണ്ണുസംരക്ഷണം

ധനകാര്യസ്ഥാപനങ്ങളുടെ വായ്പയുമായി ബന്ധപ്പെടുത്തി തെരഞ്ഞെടുത്ത നീർമറി പ്രദേശങ്ങളിൽ ഈ പദ്ധതിയനുസരിച്ച് സംയോജിത മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കും. പശ്ചിമഘട്ട വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും ഈ പദ്ധതിയിലും വിവിധ പരിപാടികൾ നടത്തുക. പട്ടികജാതി/പട്ടികവർഗ കർഷകർക്ക് 100 ശതമാനം സഹായവും മററ് കർഷകർക്ക് 25 ശതമാനം സഹായവും ഇതനുസരിച്ച് ലഭിക്കും. 3,000 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 160 ലക്ഷം രൂപയാണ് പദ്ധതിവിഹിതം.

## 9. മണ്ണുസംരക്ഷണം—ചെലവുകുറഞ്ഞ സാങ്കേതികവിദ്യകളുടെ പ്രചരണം

ചെലവുകുറഞ്ഞ മണ്ണുസംരക്ഷണ സാങ്കേതിക വിദ്യകളുടെ പ്രദർശനവും പരിശീലനവുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹെക്ടർ ഒന്നിന് 6,000 രൂപ നിരക്കിൽ സഹായധനം ലഭ്യമാക്കും. 70 ഹെക്ടർ സ്ഥലത്ത് ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്. 5 ലക്ഷം രൂപ ഇതിനായി നീക്കിവെച്ചിരിക്കുന്നു.

# മൃഗസംരക്ഷണം — മത്സ്യബന്ധനം

## മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ കോലഴി പഞ്ചായത്തിൽ വലിയൊരു കന്നുകാലി സമ്പത്തുണ്ടായിരുന്നു. കൂട്ടു കുടുംബങ്ങളായിരുന്ന പഴയ തറവാടുകളിൽ പ്രത്യേകമായ തൊഴുത്തും, കയ്യാലയും അതോടനുബന്ധിച്ച് ധാരാളം പശുക്കളും, ഉഴവുമാടുകളും ഉണ്ടായിരുന്നു. കിഴക്കൻമേഖലകളിലെ പുൽമേടുകളിൽ സ്ഥിരമായി കൂട്ടത്തോടെ കന്നുകാലികളെ മേയ്ക്കുവാൻ കൊണ്ടുപോയിരുന്ന കാഴ്ച ഇന്ന് ഇല്ലാതായിരിക്കയാണ്. കോലഴിയിലെ രണ്ട് റോഡുകൾക്ക് "ഗ്രേസിംഗ് ഗ്രൗണ്ട് റോഡ്" എന്ന പേരും നിലവിലുണ്ടായിരുന്നു. ഒരു വീട്ടിൽ ഒരു പശുവിനെയെങ്കിലും വളർത്തിയിരുന്നു. ഇപ്പോൾ കൂട്ടുകുടുംബങ്ങളുടെ സ്ഥിതിമാറി. ജോലിയോടുള്ള ബന്ധത്തിലും മററുപണികൾക്ക് പോകുന്നതുമൂലവും കൃഷിയും കന്നുകാലി വളർത്തലിലും ആരു വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. കൃഷിയിടങ്ങളും മൈതാനങ്ങളും മററു ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനാൽ പശുക്കളെ സ്വന്തം തൊഴുത്തിൽ മാത്രം തീററ നല്കി വളർത്തേണ്ടിവരുന്നു. കൂടാതെ കന്നുകാലി തീററസാധനങ്ങൾക്കും വയ്ക്കോലിനും ക്രമാതീതമായ വിലക്കയററം മൂലം കന്നുകാലി വളർത്തൽ ലാഭകരമല്ലാതായിരിക്കുന്നു. "മിൽമ" പാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമാണ്. ഏറെ പരിമിതികളുണ്ടെങ്കിലും ഏറെ സാധ്യതകളുള്ള മേഖലയാണ് മൃഗസംരക്ഷണം. മൃഗപരിപാലനത്തിന് കുറവ് വന്നിട്ടുണ്ടെങ്കിലും മാംസവും പാലും പാലുല്പ്പന്നങ്ങളും കൂടുതൽ ഉപയോഗിച്ചുവരുന്നുണ്ട്. മൃഗപരിപാലനത്തിനാവശ്യമായ പദ്ധതികളും പ്രോത്സാഹനവും ലഭിച്ചാൽ ഈ മേഖലയിൽ വൻ മുന്നേററമുണ്ടാക്കുവാൻ പഞ്ചായത്തിൽ സാധിക്കും. കോഴി, മുയൽ, ആട്, പന്നി, കാട എന്നിവയെ വളർത്തുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ രണ്ടെണ്ണം ഈ പഞ്ചായത്തിലുണ്ട്. തിരൂർ ക്ഷീര വ്യവസായ സഹകരണസംഘവും, കൊട്ടേക്കാട് ക്ഷീരവ്യവസായ സഹകരണസംഘവും. ചെറിയൊരു വിഭാഗം ആളുകൾ ഈ സംഘങ്ങളുമായി ബന്ധപ്പെട്ട് പശു വളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്.

പശു, കാള, എരുമ, ആട് എന്നിവയാണ് കോലഴിയിലെ വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ കോഴിയാണ് പ്രധാനപ്പെട്ടത്. പഞ്ചായത്തിൽ ഇറച്ചിക്കോഴി വ്യവസായം നടത്തുന്ന സ്ഥാപനങ്ങളുണ്ട്. പഞ്ചായത്തിൽ തിരൂരിൽ ഒരു വെററിനറി ആശുപത്രിയും, പാമ്പൂരിൽ ഒരു വെററിനറി ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു.തിരൂർ മൃഗാശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടമില്ല. മൃഗാശുപത്രിയുടെ കീഴിൽ കന്നുകാലി പ്രദർശനം, വന്ധ്യത നിവാരണ ക്യാമ്പുകൾ എന്നിവ നടത്തേണ്ടതാണ്. പേ വിഷബാധയ്ക്കെതിരെ വളർത്തുനായ്ക്കൾക്ക് സൗജന്യനിരക്കിൽ കുത്തിവെയ്പ്പ് നടത്തേണ്ടതാണ്. അലഞ്ഞുതിരിഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ വർഷം തോറും നശിപ്പിക്കേണ്ടിയിരിക്കുന്നു.

### ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ

1. മൃഗാസ്പത്രിയുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കുക.
2. മൃഗാസ്പത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
3. നല്ലയിനം വളർത്തുമൃഗങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
4. കാലിതീററ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

| | | 94-95 | 95-96 | 96-97 |
|---|---|---|---|---|
| പേ വിഷബാധ | നായ | 38 | 87 | 238 |
| | പശു | --- | --- | 7 |
| | ആട് | --- | --- | 6 |
| കോഴി വസന്ത | | 2,900 | 6,446 | ലഭ്യമല്ല |
| കൃത്രിമ ബീജസങ്കലനം | | 2,057 | 2,200 | ലഭ്യമല്ല |

## രോഗവിവരങ്ങൾ (തിരൂർ മൃഗാസ്പത്രി, കുററൂർ വെററിനറി ഡിസ്പെൻസറി)

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മററുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായ<br>**Digesitive disorders** | 800 | 10 | 400 | 8 | 110 | 86 | | 15 | | |
| 2. | ശ്വാസകോശസംബന്ധം<br>**Respiratory diseases** | 350 | 8 | 326 | 2 | 51 | 306 | | 4 | | |
| 3. | ഉപാപചയ സംബന്ധം<br>**Metabolic diseases** | 216 | 11 | 110 | - | - | - | | | | |
| 4. | ത്വക്ക് രോഗങ്ങൾ<br>**Skin diseases** | 310 | 6 | 140 | 15 | 39 | - | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>**Defocoemcu doseases** | 209 | 8 | 198 | 6 | 21 | 180 | | | | |
| 6. | പരാദരോഗങ്ങൾ<br>**Parasitic diseases** | 710 | 16 | 320 | 16 | 39 | 350 | | | | |
| 7. | പ്രത്യുത്പാദനവ്യവസ്ഥ യുമായി ബന്ധപ്പെട്ടവ<br>**Gynacological disorders** | 208 | 4 | 116 | - | 12 | | | | | |
| 8. | വന്ധ്യത<br>**Infertility** | 460 | 9 | 106 | - | 4 | | | | | |
| 9. | അകിടു വീക്കം<br>**Mastitis** | 468 | 4 | 219 | | | | | | | |
| 10 | മുടന്തൻ പനി<br>**Ephemeral Feaver** | 398 | - | - | | | | | | | |
| 11. | പർച്ചവ്യാധികൾ<br>**Contagion diseases.** | 102 | - | 81 | | | | | | | |

തിരൂർ മൃഗാശുപത്രി, കുററൂർ സിസ്പെൻസറി

## പേ വിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മററുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം. | - | - | - | 238 | - | - |
| കടിയേററതിനു ശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം. | 7 | - | 6 | - | - | - |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിവ 2ല ധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 860 | 809 | 506 |
| കിടാരി | 270 | 206 | 148 |
| എരുമ | 80 | 56 | 39 |

5. പാലിന് ന്യായമായ വില നിശ്ചയിക്കുക.

6. **ക്ഷീരോല്പാദക** സഹകരണസംഘങ്ങളുടെ പ്രവർത്തനപരിധി വർദ്ധിപ്പിക്കുക.

7. പാലും പാലുല്പ്പന്നങ്ങളും പ്രാദേശികമായി വിപണനം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

8. പുൽകൃഷി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. മൃഗങ്ങൾക്കാവശ്യമായ പ്രതിരോധ കുത്തിവെപ്പും മരുന്നുകളും സൗജന്യനിരക്കിൽ ലഭ്യമാക്കുക.

10. മാംസത്തിനാവശ്യമായ മൃഗങ്ങളേയും കോഴികളേയും വളർത്തുന്നതിനുള്ള പ്രോത്സാഹനം നൽകുക.

11. വളർത്തുമൃഗങ്ങൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക.

## സാദ്ധ്യതകൾ

തിരൂർ മൃഗാസ്പത്രിക്ക് അടിയന്തിരമായി ആധുനിക സൗകര്യങ്ങളുള്ള ഒരു കെട്ടിടവും, പാമ്പൂർ വെററിനറി ഡിസ്പെൻസറിക്ക് കറൻറ് കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ അത്യാവശ്യമാണ്. ഈ ആശുപത്രികളുടെ സേവനം കാര്യക്ഷമമാക്കുകയാണെങ്കിൽ പഞ്ചായത്തിൽ മൃഗസംരക്ഷണമേഖലയിൽ കൂടുതൽ പുരോഗതിയുണ്ടാകും. മിനി ഡയറി യൂണിററുകൾ സ്ഥാപിക്കുന്നതിന് വനിത സംരംഭകർക്ക് സാമ്പത്തിക സഹായങ്ങൾ ബാങ്ക് മുഖേനേ ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ മൃഗസംരക്ഷണമേളകളും, ശാസ്ത്രീയമായി കന്നകാലിവളർത്തൽ നടത്തുന്നതിന് പരിശീലനപരിപാടികൾ സംഘടിപ്പിച്ചും പഞ്ചായത്തിലെ മൃഗസമ്പത്ത് വർദ്ധിപ്പിക്കാം.

## മൃഗസംരക്ഷണവകുപ്പിൻെറ നടപ്പ് പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി.
2. പേ വിഷബാധ നിർമ്മാർജന പദ്ധതി.
3. കാലിവസന്ത നിർമ്മാർജന പദ്ധതി.
4. കുളമ്പുരോഗ നിർമ്മാർജന പദ്ധതി.
5. പന്നിവളർത്തൽ വികസന പദ്ധതി.
6. ആടുവളർത്തൽ വികസന പദ്ധതി.
7. മുയൽ ഉല്പാദന പദ്ധതി.
8. ഇറച്ചിക്കോഴി വളർത്തൽ.
9. വീട്ടുവളപ്പിലെ കോഴിവളർത്തൽ.
10. ക്രിത്രിമ ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ.
11. സ്വകാര്യമേഖലയിൽ ഹാച്ചറിയും കന്നുകാലിവളർത്തലും.

# മത്സ്യബന്ധനം

പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ സ്ഥിരം മത്സ്യം ലഭിക്കുന്ന പ്രദേശങ്ങളുണ്ട്. മത്സ്യം വളർത്തൽ പഞ്ചായത്തിൽ കുറവാണ്. വേനൽക്കാലത്ത് കുളങ്ങളും തോടുകളും വററുമ്പോൾ സ്വഭാവികമായി മത്സ്യം ലഭ്യമാകുന്നു. മത്സ്യ വിപണനം തൃശൂർ മാർക്കററിനെ ആശ്രയിച്ചിരിക്കുന്നു. ശുദ്ധജല മത്സ്യകൃഷി നടത്തുന്നതിന് സാധ്യതയുള്ള കുളങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. കോലഴി ഗ്രാമപഞ്ചായത്തിൽ ഉൾനാടൻ മത്സ്യോല്പാദനത്തിന് സാധ്യതകളേറെയുണ്ട്. ആയതിനാൽ ഉൾനാടൻ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

മത്സ്യ മാർക്കററ് പഞ്ചായത്ത് തലത്തിൽ ഇല്ല. എന്നാൽ പ്രധാനപ്പെട്ട സെൻററുകളിൽ സന്ധ്യസമയത്ത് നല്ല രീതിയിൽ മത്സ്യവിപണനം നടത്തുന്നുണ്ട്. കൂടാതെ, സൈക്കിളുകളിലും മററുമായി മത്സ്യ വില്പന നടത്തുന്ന നിരവധിപേർ ഈ രംഗത്തുണ്ട്.

## ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ

1. ശുദ്ധജല മത്സ്യകൃഷിക്ക് പ്രോത്സാഹനം നല്കുക.
2. മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
3. മത്സ്യഫെഡിൽനിന്നും സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
4. കുളങ്ങളിലേയും, തോടുകളിലേയും മത്സ്യം ലേലം നടത്തി പഞ്ചായത്തിന് വരുമാനമുണ്ടാക്കുക.
5. മത്സ്യം വളർത്തുന്നതിൽ സാങ്കേതിക പരിശീലനം ലഭ്യമാക്കുക.

## സാധ്യതകൾ

കോലഴി ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് സ്വകാര്യവ്യക്തികൾക്ക് ലേലം ചെയ്ത് നല്കാവുന്നതാണ്. സഹകരണബാങ്കുകളുടെ ധനസഹായം ഈ മേഖലയിൽ ലഭ്യമാകേണ്ടതുണ്ട്. മത്സ്യവിപണന മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അടിസ്ഥാനസൗകര്യം ഏർപ്പെടുത്തി അവരുടെ സേവനം പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ലഭ്യമാക്കാവുന്നതാണ്.

* * *

## മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണവകുപ്പിൻെറ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ, നഗരപാലികകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവകൾക്ക് കൈമാറുകയുണ്ടായി



## ഗ്രാമപഞ്ചായത്തുകൾക്കും നഗരപാലികകൾക്കും കൈമാറിയ പദ്ധതികൾ

1. മൃഗചികിൽസാ സേവനവും മൃഗാരോഗ്യവും എന്ന പദ്ധതിയിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ വെറ്ററിനറി ഡിസ്പെൻസറികളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുകയും പുതിയ മൃഗാശുപത്രികൾക്ക് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുകയും ചെയ്യുക.

2. കൃത്രിമ ബീജസങ്കലന ഉപകേന്ദ്രങ്ങളുടെ ദൈനംദിന നടത്തിപ്പും അതുമൂലം നാടൻ പശുക്കളുടെ വർഗോദ്ധാരണം നടത്തി ഉല്പാദനം വർദ്ധിപ്പിക്കുകയും കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുകയും ചെയ്യുക.

3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്കും കർഷകത്തൊഴിലാളികൾക്കും നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ നൽകി കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ഉല്പാദനം വർദ്ധിപ്പിക്കുക.

## ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികൾ

### 1. എല്ലാ പഞ്ചായത്തിലും മൃഗാശുപത്രി

മൃഗചികിൽസാ സേവനങ്ങൾ കർഷകർക്ക് കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിൻെറ ഭാഗമായി 221 പഞ്ചായത്തുകളിൽക്കൂടി മൃഗാശുപത്രികൾ ആരംഭിക്കുവാനും 47 വെറ്ററിനറി സബ്സെൻററുകൾ മൃഗാശുപത്രികളായി ഉയർത്തുവാനും ലക്ഷ്യമിട്ടിരിക്കുന്നു. മൃഗചികിത്സയും മൃഗചികിൽസാസേവനവും മെച്ചപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക, സങ്കരയിനം പശുക്കുട്ടികൾക്ക് വിരശല്യത്തിനെതിരായി മരുന്നുകൾ നൽകുക, പകർച്ചവ്യാധികളിൽ നിന്നും മൃഗങ്ങളെ രക്ഷിക്കുക, ഗ്രാമപ്രദേശങ്ങളിൽ ഗോരക്ഷാ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിച്ച് മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക, എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷബാധക്കെതിരെ പ്രതിരോധ കുത്തിവയ്പ് നടത്തുക, തുടങ്ങിയ പ്രവർത്തനങ്ങൾ മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്നു. കർഷകർക്കിടയിൽ മൃഗസംരക്ഷണത്തെക്കുറിച്ച് വേണ്ടത്ര അറിവ് ഉണ്ടാക്കുന്നതിനായി വിദഗ്ധൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ 2000 ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്. ഈ ക്യാമ്പുകളിൽ പ്രധാനമായും കന്നുകാലികളിലെ വന്ധ്യതാ നിവാരണ ചികിത്സയാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 11 മൊബൈൽ വെറ്ററിനറി ഡിസ്പെൻസറികളും 17 ഫാം എയ്ഡ് യൂണിറ്റുകളും വഴി മൃഗചികിത്സാസൗകര്യം കർഷകൻെറ വീട്ടുപടിക്കൽ എത്തിക്കുന്നു. ശാസ്ത്രീയമായ രോഗനിർണ്ണയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ളിനിക്കൽ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. വയനാട്, കാസർകോട് ജില്ലകളിൽ ഓരോ പുതിയ ക്ളിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി 240 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

### 2. കോഴിവളർത്തൽ കേന്ദ്രങ്ങളും, കോഴി ഉല്പാദനവികസനവും

ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള കോഴിവളർത്തൽ കേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുകയും കർഷകർക്ക് സൗജന്യനിരക്കിൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ വിതരണം നടത്തുകയും പൗൾട്രി ഫാമുകളിലെ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നതാണ്.

## 3. താറാവ് – കാടവളർത്തൽ വ്യാപിപ്പിക്കുന്നു

വർഗഗുണമുള്ള താറാവിൻകുഞ്ഞുങ്ങളെയും കാടക്കുഞ്ഞുങ്ങളെയും സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് പദ്ധതി. വിരിയിക്കാനുള്ളമുട്ട, വർഗ്ഗഗുണമുള്ള മാതൃജനുസ്സുകൾ എന്നിവ വാങ്ങി സംരക്ഷിക്കുക, ഇതിലേക്കാവശ്യമായ തീറ്റ, മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുക, താറാവു കർഷകരുടെ താറാവുകളെ ചെറുപ്രായത്തിൽ തന്നെ സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുകവഴി അവരുടെ നാശനഷ്ടത്തിന് ഒരു പരിധിവരെ പരിഹാരം കാണുക, വീട്ടുവളപ്പിൽ സൗജന്യ നിരക്കിൽ താറാവ് യൂണിറ്റ്, കാടയൂണിറ്റ് എന്നിവ തുടങ്ങുക വഴി ഇറച്ചിയുടെയും മുട്ടയുടെയും ലഭ്യത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്.



താറാവ് ഇൻഷ്വറൻസിനുള്ള പ്രീമിയം തുകയും ചേർത്ത് 8 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് നീക്കിവച്ചിട്ടുണ്ട്.

## 4. പന്നിവളർത്തൽ യൂണിറ്റുകൾക്കും ഇറച്ചി ഉല്പാദന യൂണിറ്റുകൾക്കും പ്രോത്സാഹനം



കർഷകരുടെ പങ്കാളിത്തത്തോടുകൂടി ഇറച്ചി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സൗജന്യനിരക്കിൽ 200 പന്നിവളർത്തൽ യൂണിറ്റുകളും 500 ഇറച്ചി ഉല്പാദന യൂണിറ്റുകളും തുടങ്ങുകയും, ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക, കൈമാറ്റം ചെയ്ത പന്നിവളർത്തൽ കേന്ദ്രങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുക എന്നിവയ്ക്കുവേണ്ടി 28 ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു.

## 5. ആടുവളർത്തലിന് പ്രോത്സാഹനം

പദ്ധതിപ്രകാരം കർഷകർക്ക് ആടുവളർത്തുന്നതിന് പ്രോത്സാഹനമായി രണ്ടു പെൺ ആടുകളെ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതാണ്. ഇത്തരത്തിൽ

2,400 പെണ്ണാടു് യൂണിറ്റുകളും 480 മുട്ടനാടുകളെയും തെരഞ്ഞെടുത്ത കർഷകർക്ക് വിതരണം ചെയ്യും. ഈ പദ്ധതിക്കായി 29 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഗുണമേൻമയേറിയ ഇനത്തിൽപ്പെട്ട ആട്ടിൻകുട്ടികളെ ഉല്പാദിപ്പിക്കുന്നതിന് 100 ആടുകളെ കൊമേരി ആടുവളർത്തൽ കേന്ദ്രത്തിലും 50 ആടുകളെ അട്ടപ്പാടി കേന്ദ്രത്തിലും വാങ്ങുന്നതാണ്.



## 6. എസ്. പി. സി. എ. പ്രവർത്തനം കാര്യക്ഷമമാക്കുന്നു

മൃഗങ്ങളോടുള്ള പെരുമാറ്റത്തിൽ കാരുണ്യപരമായ കാഴ്ചപ്പാട് വരുത്താനും മൃഗക്ഷേമ പദ്ധതികൾ നടപ്പാക്കാനും സംസ്ഥാനത്ത് 12 എസ്. പി. സി. എ. കളുടെ പ്രവർത്തനം കുടുതൽ കാര്യക്ഷമമാക്കുന്നതാണ്. ഇതിന് 75,000 രൂപ ഗ്രാൻറ് നൽകുന്നു.

## 7. പ്രത്യേക ഘടകപദ്ധതി

കന്നുകാലി–കോഴിവളർത്തൽ പരിപാടികൾക്ക് 4000 പട്ടികജാതി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു. 1,05,00,000 രൂപയാണ് ഇതിന് ചെലവാക്കുന്നത്.

## 8. ഗിരിവർഗ ഉപപദ്ധതി

475 ഗിരിവർഗ കുടുംബങ്ങൾക്ക് കന്നുകാലിവികസന പരിപാടികൾ നടപ്പാക്കുന്നതിന് 20 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

## 9. സ്വകാര്യമേഖലയിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നു

കർഷകർക്ക് ധനസഹായം നൽകി കോഴി, താറാവ്, മുതലായവയെ അവരുടെ വീട്ടുവളപ്പിൽ ആധുനികരീതിയിൽ വളർത്തി മററ് കർഷകർക്ക് വിതരണം നടത്താനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

## 10. സമഗ്ര പേവിഷബാധ നിയന്ത്രണം

പദ്ധതിപ്രകാരം അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുക, എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പും ലൈസൻസും ഏർപ്പെടുത്തുക, ശാസ്ത്രീയ പേവിഷ പ്രതിരോധത്തെക്കറിച്ച് ബോധവൽക്കരണം നടത്തുക എന്നിവ പ്രാവർത്തികമാക്കുന്നതാണ്. ഇതനുസരിച്ച് നായ്ക്കൾക്ക് പ്രതിരോധ വാക്സിൻ കേരളത്തിലെ എല്ലാ ജില്ലകളിലും 50 ശതമാനം സബ്സിഡി അനുവദിച്ച് 11 രൂപ വിലയ്ക്ക് മൃഗാശുപത്രികൾ മുഖേന ലഭ്യമാക്കും.

# ക്ഷീര വികസന വകുപ്പ്

## ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികൾ



### 1. മാതൃകാ ഡയറി യൂണിററ് പദ്ധതി

ഗുണമേന്മയുള്ള സങ്കരയിനം പശുക്കളെ ശാസ്ത്രീയമായി പരിരക്ഷിച്ച് കാലിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ കൊണ്ടുവരാൻ കർഷകരെ പ്രേരിപ്പിക്കാനുള്ള പദ്ധതിയാണിത്.

കുറഞ്ഞത് രണ്ട് സങ്കരയിനം പശുക്കളെയെങ്കിലും സംരക്ഷിക്കുന്നവർക്ക് ഈ പദ്ധതിയനുസരിച്ച് സഹായം നൽകുന്നു. ഒരു യൂണിററിന് 7,000 രൂപ ക്രമത്തിൽ 300 കർഷകർക്കാണ് ഇതിൻെറ പ്രയോജനം ലഭിക്കുക.

### 2. ക്ഷീര കർഷക സമ്പർക്ക പരിപാടി

30 പേരടങ്ങുന്ന യഥാർത്ഥ ക്ഷീര കർഷകരെ ഒന്നിച്ച് സംഘടിപ്പിച്ച് കന്നുകാലി വളർത്തൽ ശാസ്ത്രീയമാക്കുന്നതു സംബന്ധിച്ച് വിദഗ്ധർ ക്ലാസ്സെടുക്കുന്നു.

ഇങ്ങനെ 3636 പരിശീലന ക്ലാസ്സുകൾ നടത്തുന്നതാണ്.

### 3. മാതൃകാ കാലിത്തൊഴുത്തു നിർമ്മാണ പദ്ധതി

ശരിയായ പാർപ്പിട സൗകര്യം പശുക്കളിൽ 20% പാൽ ഉൽപ്പാദന വർദ്ധന ഉണ്ടാക്കാൻ പര്യാപ്തമാണെന്ന് നാഷണൽ ഡയറി റിസർച്ച് ഇൻസ്ററിററ്യൂട്ട് നടത്തിയ പഠനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശരിയായ കാലിത്തൊഴുത്തില്ലാത്ത നിരവധി കർഷകർ ഉണ്ട്. തറപോലും സിമൻറു ചെയ്തുറപ്പിക്കാത്തതിനാൽ അകിടുരോഗം വ്യാപകമാകുന്നു. ശുചിയായ ക്ഷീരോല്പാദനത്തിന് വൃത്തിയുള്ള തൊഴുത്തും ആരോഗ്യമുള്ള പശുവും പ്രധാനമാണ്. മാതൃകാ കാലിത്തൊഴുത്ത് ഈ ലക്ഷ്യം നിറവേററാൻ സഹായിക്കുന്നു.

ഒരു തൊഴുത്തിന് 1,250 രൂപ നിരക്കിൽ 3000 കർഷകർക്ക് പ്രയോജനം ലഭിക്കും.

## 4. ധാതു ലവണ മിശ്രിത വിതരണം

കറവപ്പശുക്കളിൽ പാലിലൂടെ നഷ്ടപ്പെടുന്ന ധാതു ലവണങ്ങളുടെ കുറവ് നികത്തേണ്ടതുണ്ട്. പച്ചപ്പുൽ കുറവുള്ള സമയങ്ങളിൽ പ്രത്യേകിച്ചും പ്രസവിച്ച് ഉടനെയുണ്ടാകുന്ന ക്ഷീരസന്നി തുടങ്ങിയവയിൽ നിന്നും രക്ഷിക്കുന്നതിനും ധാതുലവണങ്ങൾ സഹായിക്കുന്നു. ഇത് പശുക്കളിൽ പ്രത്യുൽപ്പാദനശേഷി വർദ്ധിപ്പിക്കാനും ഗർഭധാരണത്തിനുവേണ്ട ബീജാധാനങ്ങളുടെ എണ്ണം കുറച്ച് ക്ഷീരോൽപ്പാദനം ലാഭകരമാക്കാനും സഹായിക്കുന്നു.

ഈ പദ്ധതിയിൽ 75 ടൺ ധാതുലവണ മിശ്രിതം സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

## 5. വിററാമിൻ സപ്ലിമെൻറ്

കന്നുകുട്ടികളുടെ ശരിയായ വളർച്ചയ്ക്കും, രോഗപ്രതിരോധശേഷിക്കും വിററാമിനുകൾ സഹായിക്കുന്നു.

12,000 ലിററർ 'വിററാമിൻ എ' അടങ്ങിയ സപ്ലിമെൻറ് സൗജന്യ നിരക്കിൽ ക്ഷീര കർഷകർക്ക് നൽകുന്നു.

## 6. ശുദ്ധമായ പാലുൽപ്പാദന കിററ്



പാലിൽ അണുക്കളുടെ എണ്ണം കൂടിയിരുന്നാൽ സംസ്കരണത്തിന് പാൽ പ്ളാൻറിൽ എത്തുംമുമ്പ് പിരിഞ്ഞുപോകും. പാൽപ്പൊടി തുടങ്ങിയ ഏതു ക്ഷീരോൽപ്പന്നത്തിൻേറയും സൂക്ഷിപ്പുമേന്മ, രുചി തുടങ്ങിയവ, അതുണ്ടാക്കിയ പാലിൻെറ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. പൊതുജനാരോഗ്യപരമായ കാരണങ്ങളാലും പാൽ ശുചിയായിരിക്കേണ്ടത് അത്യാവശ്യമാണ്. ഇതു സാദ്ധ്യമാക്കാനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് 20,000 കർഷകർക്ക് പൊട്ടാസ്യം പെർമാംഗ്നെററ് ലോഷൻ, ഗ്രൂമിംഗ് ബ്രഷ് ഇവ അടങ്ങിയ 50 രൂപ വിലയുള്ള കിററ് സൗജന്യനിരക്കിൽ 10 രൂപ വിലയ്ക്ക് വിതരണം ചെയ്യുന്നു.

## 7. പച്ചപ്പുൽ ഉൽപ്പാദന പരിപാടി

ഭാരതത്തിൽ പശുക്കളിൽ സങ്കരയിന അനുപാതം ഏററവും കൂടിയത് കേരളത്തിലാണ്. പശുക്കളുടെ ഉൽപ്പാദനക്ഷമത മുഴുവനും നേടണമെങ്കിൽ പച്ചപ്പുൽ കൂടിയേ തീരു.

ദേശീയ കാർഷിക കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളത് കൃഷി സ്ഥലത്തിന്റെ 8.33% ഭാഗത്ത് പുൽക്കൃഷി വ്യാപിപ്പിക്കണം എന്നതാണ്. കേരളത്തിൽ ഇത് 1% ത്തിൽ താഴെയാണ്. ലക്ഷ്യം നേടണമെങ്കിൽ 2 ലക്ഷത്തിൽപ്പരം ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി വ്യാപിപ്പിക്കണം. ഇന്ന് പുൽക്കൃഷിയുള്ളത് 35000 ഹെക്ടറോളം സ്ഥലത്താണ്.

അതിനാൽ പച്ചപ്പുൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് ക്ഷീരോൽപ്പാദനം ലാഭകരമാക്കാൻ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു.

(എ) വാണിജ്യാടിസ്ഥാനത്തിൽ പുൽക്കൃഷി



ഒരു ഹെക്ടർ സ്ഥലത്ത് പച്ചപ്പുൽക്കൃഷി ചെയ്യുന്ന ഈ പദ്ധതി ക്ഷീരസംഘങ്ങൾക്കോ വ്യക്തികൾക്കോ പ്രയോജനപ്പെടുത്താം. ഹ്രസ്വകാല, ദീർഘകാല പുല്ലിനങ്ങൾ ഈ പദ്ധതിയിൽ കൃഷി ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി സംഘത്തിനോ, കർഷകനോ 15,000 രൂപ ധനസഹായം നൽകുന്നു. ആകെ 100 പേർക്ക് പ്രയോജനം ലഭിക്കും.

(ബി) ക്ഷീരസംഘങ്ങൾ വഴി പുൽ വ്യാപാരം

ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന അധികമുള്ള പച്ചപ്പുല്ല് ക്ഷീരസംഘം വാങ്ങി പാലുൽപ്പാദിപ്പിക്കുന്ന മററ് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. അടിസ്ഥാനസൗകര്യങ്ങൾക്കായി 13,500 രൂപ ധനസഹായം നൽകുന്നു.

13,500 രൂപ നിരക്കിൽ 14 ക്ഷീരസംഘങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

(സി) ഫോഡർ ബാങ്ക് പദ്ധതി

ക്ഷീരസംഘങ്ങളിൽ കറവ പശുക്കൾക്ക് ആവശ്യമുള്ള വൈക്കോൽ, ഹേ തുടങ്ങിയ തീററകൾ വാങ്ങിവച്ച് ആവശ്യാനുസരണം വിതരണം നടത്തുന്നതിന് ഈ പദ്ധതിമൂലം ക്ഷീരസംഘങ്ങളിൽ സജ്ജീകരണം ഉണ്ടാവുന്നു.

ഒരു സംഘത്തിന് 10,000 രൂപ വീതം 15 ക്ഷീരസംഘങ്ങൾക്ക് പ്രയോജനം ലഭിക്കും.

(ഡി) യൂറിയ ചേർത്ത് വൈക്കോലിൻെറ ഗുണം മെച്ചപ്പെടുത്തുന്ന പദ്ധതി

കാലിത്തീററയിൽ വൈക്കോലിൻെറ പങ്ക് 34% വരും. അതായത്, കൂടുതൽ കർഷകരും പാൽ ഉൽപ്പാദനത്തിന് വൈക്കോലിനെ ആശ്രയിക്കുന്നു. എന്നാൽ, സാധാരണ വൈക്കോൽ പാലുൽപ്പാദനത്തിന് സഹായകരമല്ല. വൈക്കോൽ യൂറിയചേർത്ത് സമ്പുഷ്ടമാക്കിയാൽ ഏറെക്കുറെ പച്ചപ്പുല്ലിന് സമമാകും. 25 ദിവസം ഈ സമ്പുഷ്ടീകരിച്ച വൈക്കോൽ നൽകിയാൽ രണ്ടു മൂന്നു ലിററർ വരെ പാൽ വർദ്ധിക്കുന്നു. കർഷകരുടെ വീട്ടുവളപ്പിൽ ഈ പരിപാടി നടപ്പിലാക്കിക്കൊടുക്കുന്നു. 6000 പ്രദർശനങ്ങൾ നടത്തുന്നു. ഇതിനായി ഓരോ കർഷകനും 500 രൂപ വീതം ധനസഹായം.

## 8. പച്ചപ്പുൽ കൃഷി പരിപാടികൾ

പദ്ധതിപ്രകാരം സംസ്ഥാനത്ത് ക്ഷീര കർഷകരുടെ 6550 ഹെക്ടർ സ്ഥലത്ത് പുതുതായി, ഉൽപ്പാദനശേഷിയും ഗുണനിലവാരവുമുള്ള പുൽ ഇനങ്ങളുടെ കൃഷി വ്യാപിപ്പിക്കും.

ഇതിന് സൗജന്യ നിരക്കിൽ പുൽവിത്തുകളും വളവും നൽകി വരുന്നു.

## 9 പ്രത്യേക ഘടക പദ്ധതി

1142 പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ ഉതകുന്ന ക്ഷീരവികസന പരിപാടികൾ ഈ പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നു. സംസ്ഥാനത്ത് ആകെ 80 ലക്ഷം രൂപ ഇതിനായി ചെലവിടുന്നു.

കറവപ്പശു, ശാസ്ത്രീയമായ തൊഴുത്ത്, പുൽക്കൃഷി ഇവ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു കുടുംബത്തിന് 7,000 രൂപ നിരക്കിൽ ധനസഹായം നൽകും.

## 10. ഗിരിവർഗ ഉപപദ്ധതി

പദ്ധതിയനുസരിച്ച് 214 ഗിരിവർഗ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിക്കാൻ ലക്ഷ്യം ഇട്ടിരിക്കുന്നു. പശു, തൊഴുത്ത്, പുൽക്കൃഷി ഇവ ഉൾപ്പെടുത്തി ഒരു കുടുംബത്തിന് 7,000 രൂപ ധനസഹായം നൽകുന്നു.

ഈ പരിപാടികൾക്കു പുറമേ കർഷക ബോധവൽക്കരണ പരിപാടികൾ, കന്നുകാലി പ്രദർശനങ്ങൾ, സെമിനാറുകൾ, നാടൻ ക്ഷീരോൽപ്പന്ന നിർമ്മാണ പ്രദർശനം ഇവയും നടത്തുന്നു.

മേൽപ്പറഞ്ഞ പദ്ധതികളെല്ലാം ക്ഷീര വികസന യൂണിററുകൾ വഴിയാണ് നടപ്പാക്കുന്നത്.

# വ്യവസായം

വ്യവസായികമായി കോലഴി പഞ്ചായത്ത് വളരെ പുറകിലാണ്. വ്യവസായസ്ഥാപനങ്ങളുടെ എണ്ണം മററു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറവാണ്. പഞ്ചായത്തിൻ കിഴക്കൻമേഖലയിലുളള സ്വകാര്യ വ്യവസായസ്ഥാപനങ്ങളായ, ബാൻടെക്, ടീസൺ, സൺടെക് എന്നീ റബ്ബർ അനുബന്ധവ്യവസായങ്ങൾ ഉൾപ്പെടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 128 ആണ്. റബ്ബർ ഉല്പന്നയൂണിററുകളും, പ്ലാസ്ററിക് സാധനങ്ങളുടെ നിർമ്മാണയൂണിററും ലെയ്ത്ത് വർക്ക്ഷോപ്പുകളും തടിമില്ലുകളും, ഫർണീച്ചർ യൂണിററുകളും, ഓട്ടുകമ്പനിയും, നെല്ല് സംസ്കരണ യൂണിററും ഉൾപ്പെടുന്ന ചെറുകിട വ്യവസായങ്ങൾ കോലഴി പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നു. പഞ്ചായത്തിനകത്തുള്ള അസംസ്കൃത സാധനങ്ങൾ ഉപയോഗിക്കാവുന്ന വ്യവസായങ്ങൾ റബ്ബർ, നെല്ല്, എന്നിവ കൊണ്ടുള്ളതാണ്. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി നടത്തിവരുന്നു.

ഒരു മിനി ഇൻഡസ്ട്രിയൽ എസ്റേററ് കോലഴിയിൽ സ്ഥാപിച്ചാൽ പുതിയ ചെറുകിടവ്യവസായങ്ങൾ വളരുന്നതിന് സൗകര്യമുണ്ടാകും. വെള്ളവും അടിസ്ഥാനസൗകര്യങ്ങളുമുള്ള നിരവധി സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. ഖാദി യൂണിററുകളും, വസ്ത്ര നിർമ്മാണയൂണിററുകളും ആരംഭിക്കുന്നത് തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് അനുഗ്രഹമായിരിക്കും. വ്യവസായരംഗത്ത് ഇപ്പോൾ സഹകരണസംഘങ്ങളില്ല. തേങ്ങ, വെളിച്ചെണ്ണ, സോപ്പ്, കാലിതീററ എന്നീ പരസ്പരബന്ധമുള്ള വ്യവസായങ്ങൾ സഹകരണമേഖലയിൽ ഖാദി യൂണിററുകളായി ആരംഭിക്കാം. അടയ്ക്ക പ്രൊസ്സസിംഗ് യൂണിററും, പഴ സംസ്ക്കരണ യൂണിററുകളും ഈ പ്രദേശത്തിന് യോജിച്ചവയാണ്.

കല്ലൊര വ്യവസായത്തിൽ പരിചയസമ്പന്നരായ തൊഴിലാളികൾ ഈ പഞ്ചായത്തിലെ വിവിധ മേഖലകളിലുണ്ട്. കുടിൽ വ്യവസായാടിസ്ഥാനത്തിൽ ഹോളോബ്രിക്സ് യൂണിററുകൾ ആരംഭിക്കുന്നതിനുള്ള പരിചയസമ്പന്നരായ വ്യവസായ സംരംഭകർ കോലഴി പഞ്ചായത്തിലുണ്ട്. വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്ന വനിതാ വ്യവസായ യൂണിററുകൾ, നിത്യോപയോഗ സാധനങ്ങളായ വസ്ത്രങ്ങൾ, സോപ്പ്, കറി പൗഡർ, അച്ചാർ, ബേക്കറി ഉല്പന്നങ്ങൾ, ക്ലീനിംഗ് പൗഡർ, തുടങ്ങിയവ നിർമ്മിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങൾ വഴി വിപണനം നടത്തുന്നതിനും സാധിക്കും. റബ്ബർ പാൽ ഉപയോഗിച്ചുള്ള റബ്ബർ ബാൻഡ്, റബ്ബർ ഗ്ലോവ്സ്, ഫോം ബഡ്, റബ്ബർ ചെരിപ്പുകൾ എന്നിവ സഹകരണ മേഖലയിൽ നിർമ്മിക്കുകയാണെങ്കിൽ വിപണനസാദ്ധ്യതകളുള്ള തൃശൂർ പട്ടണത്തെ ആശ്രയിക്കാം. വിപണനരംഗം ലാഭകരമാക്കിയാൽ മാത്രമേ വ്യവസായ സ്ഥാപനങ്ങൾ അഭിവൃദ്ധിപ്പെടുകയുള്ളൂ.

## ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങളും പ്രശ്നങ്ങളും

- ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് പ്രോത്സാഹിപ്പിക്കണം.
- സ്വകാര്യ വ്യവസായിക സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വായ്പയും സബ്സിഡിയും അനുവദിക്കുക.
- നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കുക.
- സ്വയം തൊഴിൽ പദ്ധതികൾക്ക് മുൻതൂക്കം നല്കുക.
- കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
- വ്യവസായ യൂണിററുകൾ തുടങ്ങുന്നതിനുള്ള ലൈസൻസും വൈദ്യുതിയും ലഭിക്കുന്നതിന് നടപടിക്രമം ലഘൂകരിക്കുക.

## സാധ്യതകൾ

സമീപപ്രദേശങ്ങളിലെ പഞ്ചായത്ത് പ്രദേശങ്ങളിൽ കല്ലൊര വ്യവസായം അഭിവൃദ്ധിപ്പെട്ടുവരികയാണ്. തൊഴിൽരഹിതരായ യുവതീയുവാക്കളെ തെരെഞ്ഞെടുത്ത് തൊഴിൽ പരിശീലനം നലകിയാൽ കോലഴിയിലും ഈ വ്യവസായ യൂണിററുകൾ തുടങ്ങുവാൻ സാധിക്കും. കാർഷിക പ്രാധാന്യമുള്ള കോലഴി ഗ്രാമ പഞ്ചായത്തിൽ നെല്ല് സംസ്ക്കരണയൂണിററുകൾ, മില്ലുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുവാൻ സാധ്യതകളുണ്ട്. കൊപ്ര സംഭരണം സഹകരണസംഘങ്ങൾ വേണ്ടവിധത്തിൽ നടത്തുകയാണെങ്കിൽ തേങ്ങവെട്ടു കേന്ദ്രങ്ങളും അതോടനുബന്ധിച്ച തൊഴിൽ സാധ്യതകളും ഏറെയുണ്ടാവും. റബ്ബർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നല്കി റബ്ബർ അസംസ്കൃത വസ്തുവായിട്ടുള്ള വ്യവസായങ്ങൾ അരംഭിക്കാവുന്നതാണ്. കരിങ്കൽ ക്വാറികളിലെ വെയിസ്ററ്പൊടി ധാരാളം ലഭ്യമായ കോലഴിയിൽ ഹോളോബ്രിക്സ് വ്യവസായത്തിന് സാധ്യതകളേറെയാണ്.

തേനീച്ച വളർത്തൽ വളരെ ലാഭകരമായി ചെയ്യാവുന്ന തെങ്ങിൻ തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും കോലഴിയിലുണ്ട്. ഖാദി യൂണിററുകൾ വഴി പരിശീലനം ലഭ്യമാക്കുകയാണെങ്കിൽ സഹകരണമേഖലയിൽ കരകൗശലവസ്തുക്കളുടെ നിർമ്മാണം നടത്തുന്നതിനും വിപണനം നടത്തുന്നതിനും സാധ്യതകളുണ്ട്.

## പട്ടിക 7

### വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|
| കൈത്തറി | 100 | 11.11 |
| കയർ | ---- | ---- |
| ബീഡി | 30 | 3.33 |
| മറ്റു പരമ്പരാഗത വ്യവസായങ്ങൾ | 50 | 5.56 |
| കുടിൽ വ്യവസായങ്ങൾ | 20 | 2.22 |
| ചെറുകിട ഫാക്ടറികൾ | 370 | 41.11 |
| ഫാക്ടറികൾ | ----- | ------ |
| റിപ്പയർ ഷോപ്പുകൾ | 30 | 3.33 |
| മററു വ്യവസായങ്ങൾ | 300 | 33.33 |
| ആകെ. | 900 | |

## പട്ടിക 8

### വ്യവസായ യൂണിററുകൾ സംബന്ധിച്ച വിവരങ്ങൾ

| വ്യവസായത്തിൻെറ തരം | തൊഴിലാളികളുടെ എണ്ണം | | | മൊത്തം യൂണിററു കൾ | മൊത്തം തൊഴിലാളി കൾ |
|---|---|---|---|---|---|
| | 20-ൽ കുറവ് | 20 - 50 | 50 ന് മേൽ | | |
| തടി | 7 | - | - | 7 | 70 |
| തുണി | 2 | 1 | - | 3 | 100 |
| ഭക്ഷ്യവസ്തു സംസ്ക്കരണം | - | - | - | - | - |
| ആയുർവേദ മരുന്ന് | 1 | - | - | 1 | 5 |
| പുകയില | - | - | - | - | - |
| എഞ്ചിനീയറിംങ്ങ് | 10 | - | - | 10 | 100 |
| കല്ലോര യൂണിററുകൾ | 10 | - | - | 10 | 100 |
| ഇലക്ട്രോണിക്സ് പ്ലാസ്ററിക് യൂണിററുകൾ | 9 | - | - | 9 | 90 |
| റബർ സംസ്ക്കരണം | 8 | 2 | - | 10 | 180 |
| ആകെ | 47 | 3 | - | 50 | 645 |

## 1. കരകൗശലക്കാർക്ക് വാർദ്ധക്യകാല പെൻഷൻ

കേരളത്തിലെ പരംപരാഗത കരകൗശല മേഖലയിൽ വ്യക്തി മുദ്രപതിപ്പിച്ച നിർധനരായ വിദഗ്ദർക്ക് പ്രതിമാസം 250 രൂപ നിരക്കിൽ വാർദ്ധക്യകാല പെൻഷൻ നല്കുന്ന പദ്ധതിയാണിത്. ഈ പെൻഷൻ മരണം വരെ ലഭിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അവാർഡ് ലഭിച്ചവരെയാണ് മുഖ്യമായും പരിഗണിക്കുന്നത്.

*അർഹത*

1. അപേക്ഷകർ 60 വയസ്സിൽ കുറയാത്തവരായിരിക്കണം.

2. സംസ്ഥാനത്ത് 10 വർഷത്തിൽ കുറയാതെ സ്ഥിരതാമസമാക്കിയവരാകണം.

3 പ്രതിമാസം വരുമാനം 150 യിൽ അധിക്കയുമരുത്.

4. ക്രിമിനൽ സ്വഭാവമു കുററകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരാകരുത്.

*അപേക്ഷിക്കേണ്ടും വിധം*

നിശ്ചിത ഫോറത്തിലു അപേക്ഷ 3 കോപ്പികൾ താഴെ പറയു രേഖകളിൽ സഹിതം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിററിക്ക് സമർപ്പിക്കേണ്ടതാണ്.

1. തഹസീൽദാരിൽനി ് ലഭിക്കു വരുമാന സർട്ടിഫിക്കററ്.

2. മററു മാർഗ്ഗങ്ങളിൽ നി ് യാതൊരു സാമ്പത്തിക സഹായവും ലഭിക്കു ില്ല എ അപേക്ഷകൻെറ സത്യപസ്താവന.

3. വയസ്സ് തെളിയിക്കു സർട്ടിഫിക്കററ് (സ്ക്കൂൾ അധികൃതരിൽ നിേ ാ / മെ ിക്കൽ സർട്ടിഫിക്കററോ )

4. അപേക്ഷകർ സംസ്ഥാനത്ത് 10 വർഷത്തിൽ കുറയാതെ സ്ഥിരതാമസമാക്കിയിട്ടു ആളാണെ ് ബോദ്ധ്യപ്പെടുത്തു തഹസീൽദാരുടെ സർട്ടിഫിക്കററ്.

5. അപേക്ഷകർ ക്രിമിനൽ കുററങ്ങളിൽ ശിക്ഷിക്കപ്പെടാത്ത ആളും സന്മാർഗ്ഗവിരുദ്ധനും അല്ലെ ു പസ്താവന.

## 2. കരകൗശല പരിശീലനം

സംസ്ഥാനത്തെ പരമ്പരാഗത കരകൗശല മേഖലയിൽ പുതിയ ശൈലി ഉയർത്തിക്കൊണ്ടുവരുവാനും തൊഴിലില്ലാത്തചെറുപ്പക്കാർക്ക് തൊഴിൽ അവസരം ലഭ്യമാക്കാനും ഉദ്ദേശിച്ചിട്ടു താണ് ഈ പദ്ധതി. പരിശീലനകാലവധി ചുരുങ്ങിയത് 1 മാസവും കൂടിയത് 3 മാസവും ആയിരിക്കും. ഈ പരിശീലനം വിവിധ കരകൗശല വ്യവസായ സഹകരണ സംഘങ്ങൾ/വിദഗ്ദ്ധർ വഴി നല്കപ്പെടു താണ്.

പരിശീലനത്തിൻെറ പരമാവധി അടങ്കൽ തുക 10000 രൂപയിൽ ആധികരിക്കരുത്. പരിശീലനക്കാലത്ത് പരിശീലനാർത്ഥിക്ക് 250 രൂപ പതിമാസം ലഭ്യമാകും. പരിശീലകന് പതിമാസം പരമാവധി1500 രൂപ നല്കാവു താണ്. പരിശീലനകാലത്ത് അസംസ്കൃതവസ്ത്തുക്കൾ ഉപയോഗിക്കു തിനു പാഴ്ചെലവ് പരിഹരിക്കാൻ 3 മാസത്തെ കാലയളവിലേക്ക് 4500 രൂപവരെ നല്കാവു താണ്. പരിശീലനത്തിന് ചുരുങ്ങിയത് 10 പേരെങ്കിലും ഉണ്ടായിരിക്കണം.

## 3. ഗ്രാമീണ കൈതൊഴിൽ പദ്ധതി

ഗ്രാമീണ കൈതൊഴിലുകാർക്ക് അവരുടെ സ്വന്തമായ കൈതൊഴിൽ ശാലകൾ സ്ഥാപിക്കു തിന് ആവശ്യമായ ധനസഹായം ലഭ്യമാക്കു പദ്ധതിയാണിത്. യ ന്തസാമ ഗികൾക്ക്0000 രൂപയിൽ ആധികരിക്കാത്ത പദ്ധതികൾക്ക് മൂ ിലൊ ാ പരമാവധി 3000 രൂപയോ സബ്സി ി ആനുകൂല്യം നല്കു ഈ പദ്ധതിക്കാവശ്യമായ ധനസഹായം വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കേണ്ടതുണ്ട്. അനുവദിക്കപ്പെടു സബ്സി ി ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങൾ മുഖേനെയായിരിക്കും നല്കു ത്.

നിശ്ചിത ഫോറത്തിലു അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് നല്കേണ്ടതാണ്.

# പൊതുജനാരോഗ്യം - കുടിവെള്ളം - പരിസര ശുചിത്വം

## പൊതുജനാരോഗ്യം:

ലോകാരോഗ്യ സംഘടന നടത്തിയ പഠനങ്ങൾ കാണിക്കുന്നത് ഒരു ജനതയുടെ ആരോഗ്യസ്ഥിതി പ്രധാനമായും ശുദ്ധജലം, ശുദ്ധവായു, പോഷകാഹാരം എന്നിവയുടെ ലഭ്യതയെയാണാശ്രയിച്ചിരിക്കുന്നത്. നമ്മുടെ ഇടയിൽ കാണപ്പെടുന്ന 80% രോഗങ്ങളും ഈ മൂന്ന് ഘടകങ്ങളിൽ ഒന്നിന്റെ അഭാവം കാരണമാണ് ഉണ്ടാകുന്നത്. "2000-ാം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം" എന്ന മുദ്രവാക്യം 1948 ൽ ഒപ്പ് വെക്കപ്പെട്ട 'അൽമ അത്ത' ഉടമ്പടിയിൽ സ്ഥാനം പിടിക്കുമ്പോഴും അതിനുള്ള മൂന്ന് ഉപാധിയായി കണക്കാക്കപ്പെട്ടിരുന്നത് നല്ല ഭക്ഷണം, നല്ല വായു, നല്ല വെള്ളം എന്നിവയുടെ ലഭ്യത തന്നെയാണ്.

ഭരണാധികാരികളുടെ സമഗ്ര വീക്ഷണമില്ലാത്ത വ്യവസായവൽക്കരണവും നഗരവൽക്കരണവും നിയന്ത്രണാധീതമായ ജനസംഖ്യാ വർദ്ധനവും വർദ്ധിച്ചുവരുന്ന വനനശീകരണവും മനുഷ്യന്റെ ആവാസപരിസരങ്ങളിലെ വെള്ളവും വായുവും മലീനമാക്കുകയും ആരോഗ്യത്തിന് ഭീഷണിയായിത്തീരുകയും ചെയ്യുന്നു.

കോലഴി ഗ്രാമപഞ്ചായത്തിന്റെ പൊതുജനാരോഗ്യാവസ്ഥയെ കുറിച്ച് ചിന്തിക്കുമ്പോഴും മേൽപറഞ്ഞ കാര്യങ്ങൾ പ്രസക്തമാണ്.

തൃശൂർ നഗരത്തിന്റെ സമീപത്തായി കിടക്കുന്ന ഈ പഞ്ചായത്തിന്റെ പല വാർഡുകളും ഏറെക്കുറെ നഗരവൽക്കരണത്തിന്റെ സ്വാധീനത്തിൽപ്പെട്ട് കിടക്കുകയാണ്. സ്വാഭാവികമായും ഗ്രാമത്തിന്റെ ദൗർബല്യവും നഗരത്തിന്റെ ജാഡയും ഈ പഞ്ചായത്തിൽ ഉടനീളം കാണാം.

താഴെ പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വേണം ആരോഗ്യമേഖലയെ അവലോകനം ചെയ്യാൻ. പൊതുമരണനിരക്ക്, ശിശു മരണനിരക്ക്, മാതൃമരണനിരക്ക്, ജനനനിരക്ക്, രോഗാതുരതാസ്ഥിതി. പക്ഷെ ഇവയുടെ കൃത്യമായ കണക്ക് ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്. എന്തുകൊണ്ടെന്നാൽ കോലഴി ഗ്രാമ പഞ്ചായത്തിൽ നടക്കുന്ന ഒട്ടുമിക്ക മരണവും ജനനവും നടക്കുന്നത് തൊട്ടടുത്ത നഗരമായ തൃശൂരിൽ വെച്ചാണ്. സ്വാഭാവികമായും ഗ്രാമപഞ്ചായത്താഫീസിലെ രജിസ്റ്ററുകൾക്ക് ഭാഗികമായ ചിത്രം മാത്രമെ നൽകാൻ കഴിയുകയുള്ളൂ. എങ്കിലും ലഭ്യമായ കണക്കുകൾ അനുസരിച്ച് 94 - 95 ൽ 163ഉം 95-96 ൽ 166 ഉം ജനനം നടന്നിട്ടുണ്ട്. മരണം 94-95 ൽ 84 ഉം 95-96 ൽ 45 ഉം.

*(കണക്കുകൾ അവലംബം. P.H.C. കുററൂർ).*

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന പ്രധാന ആരോഗ്യപരിപാലന കേന്ദ്രങ്ങൾ താഴെ പറയുന്നവയാണ്.

1. P.H. സെൻറർ കുററൂർ.
2. ആയുർവ്വേദ ഡിസ്പെൻസറി കൊട്ടേക്കാട്.
3. ഹോമിയോ ഡിസ്പെൻസറി കോലഴി.

P.H. സെൻറർ കുററൂർ:-

രണ്ട് മെഡിക്കൽ ഓഫീസർമാരടക്കം 18 ജീവനക്കാരുണ്ട്. ഇതിന്റെ കീഴിൽ പോട്ടോരിലും കോലഴിയിലും രണ്ട് സബ് സെൻററുകളുണ്ട്. (മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ). പഞ്ചായത്തിലെ 6.7.8.9. 10 വാർഡുകളിലെയും തൊട്ടടുത്തുകിടക്കുന്ന അവണൂർ പഞ്ചായത്തിലേയും ജനങ്ങൾക്ക് പ്രധാനമായും ആശ്രയിക്കാവുന്ന ആരോഗ്യപരിപാലനകേന്ദ്രം ഇതാണ്. എന്നാൽ ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമോ, ഫർണീച്ചറുകളോ, ഒന്നുംതന്നെയില്ല. കുററൂർ ഗവൺമെൻറ് L.P. സ്ക്കൂളിന്റെ കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. പുത്തൻമഠംകുന്നിൽ ഹെൽത്ത് സബ്ബ് സെൻററിന്റെ പണികൾ പൂർത്തിയായി വരികയാണ്. താമസിയാതെ ആ കെട്ടിടത്തിൽ സെൻററിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. അതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വലിയപറമ്പിൽ PHC സെൻറർ പണിയുന്നതിനുള്ള സ്ഥലം ഉണ്ട്. ടി പ്രദേശത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ PHC സെൻററിന്റെ പ്രവർത്തനം നടത്തിയാൽ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലുള്ളവർക്കും സേവനം ലഭ്യമാകും. ഈ ആസ്പത്രിയിൽ 92 മുതൽ 96 വരെ ചികിത്സക്കെത്തിയ രോഗികളെ സംബന്ധിക്കുന്ന വിവരം താഴെ കൊടുക്കുന്നു.

## രോഗികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| കാലഘട്ടം | Total OP | ത്വക്ക്രോഗം | വാതരോഗം | പകർച്ച വ്യാധികൾ | മററ് രോഗങ്ങൾ |
|---|---|---|---|---|---|
| 1992 | 11,775 | 3025 | — | 3,500 | 5,250 |
| 1993 | 12,830 | 2,250 | — | 2,750 | 7,830 |
| 1994 | 12,070 | 2,250 | — | 3,750 | 6,070 |
| 1995 | 15,870 | 2,800 | — | 7,200 | 5,870 |
| 1996 upto Nov-2 | 11,464 | 2,500 | — | 3,500 | 5,464 |

*അവലംബം P.H. C. കുററൂർ*

പഞ്ചായത്തിലെ മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ 95-96ൽ നടന്ന പ്രതിരോധകുത്തിവെയ്പ്പുകളെ സംബന്ധിച്ചും കുട്ടികളുടെ ആരോഗ്യ പരിപോഷണത്തെ സംബന്ധിച്ചും ഉള്ളവിവരങ്ങൾ ഇതോടൊന്നിച്ച് ചേർക്കുന്നു.

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2ാം ഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസ്സിൽ താഴെ | 113 | 127 | 24 | 26 | 13 | 15 | — | — |
| 1 - 3 വയസ്സ് | 214 | 218 | 84 | 66 | 30 | 40 | — | — |
| 3-6 വയസ്സ് | 318 | 358 | 62 | 78 | 42 | 58 | — | — |

1-ാം ഗ്രേഡ് - ലഘുവായ പോഷകക്കുറവുള്ളവർ
2-ാം ഗ്രേഡ് - മിതമായ പോഷകകുറവുള്ളവർ
1-ാം ഗ്രേഡ് - ഗുരുതരമായ പോഷകകുറവുള്ളവർ

# കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| കുട്ടികൾ | ബിസിജി | ഡി.പി.ററി | | | | പോളിയോ | | | | ഡി.ററി | | | | മിസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1വയസ്സിൽ താഴെ | 316 | 98 | 114 | 104 | 512 | 98 | 114 | 104 | 512 | | | | | 308 |
| 1 - 3 വയസ്സ് | | | | 512 | | | | | 512 | | | | | |
| 3-6 വയസ്സ് | | | | | | | | | | 18 | 16 | | 828 | |

**ടെററനസ് ടോക്സോയിസ് (TT)**

| | 1D | 2D | BD |
|---|---|---|---|
| ഗർഭണികൾ | 175 | 155 | 22 |

| | |
|---|---|
| ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭണികളുടെ എണ്ണം. | 340 |
| ഇരുമ്പ്/ ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 308 |
| വിററാമിൻ ഏ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 147 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 240 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | Nil |

## ആയുർവ്വേദ ഡിസ്പെൻസറി

### കൊട്ടേക്കാട്:

ഒരു മെഡിക്കൽ ഓഫീസറടക്കം 3 ജീവനക്കാരാണുള്ളത്. 88-89 കാലഘട്ടത്തിൽ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. അലോപതിയിലെന്നപോലെ ആയുർവ്വേദത്തില ചികിത്സാരംഗത്തും ധാരാളം രോഗികൾ ചികിത്സക്കെത്തിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ 5 വർഷത്തെ ഈ ഡിസ്പെൻസറിയിലെ പ്രവർത്തന റിപ്പോർട്ട് ഇതോടൊന്നിച്ച് ചേർക്കുന്നു.

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | വർഷം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ കീടവിഷം | മററു രോഗങ്ങൾ | ആകെ |
| 92 -93 | | 17,659 | 5,297 | 10,595 | 353 | 100 | 1,314 | 17,659 |
| 93 -94 | | 19,752 | 5,926 | 11,851 | 394 | 390 | 1,190 | 19,752 |
| 94 -95 | | 20,238 | 6,071 | 12,143 | 405 | 405 | 1,214 | 20,238 |
| 95 -96 | | 19,386 | 5,816 | 11,632 | 388 | 300 | 1,250 | 19,386 |

## ഹോമിയോ ഡിസ്പെൻസറി

### കോലഴി:

94-95 കാലഘട്ടത്തിൽ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ പണിതുകൊടുത്ത സ്വന്തമായ കെട്ടിടത്തിലാണ് ഹോമിയോ ഡിസ്പെൻസറി സ്ഥിതിചെയ്യുന്നത്. ഒരു മെഡിക്കൽ ഓഫീസറടക്കം 4 ജീവനക്കാരാ ണുള്ളത്. 1,2,3,4 വാർഡുകളിലെ ജനങ്ങളുടെ പ്രധാന ആശ്രയമാണ് ഈ ഹോമിയോ ഡിസ്പെൻസറി.

മേൽപറഞ്ഞ സർക്കാർ തലത്തിലുള്ള ആസ്പത്രികൾ കൂടാതെ ഏതാനും സ്വകാര്യഡോക്ടർമാർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രാക്ടീസ് നടത്തുന്നുണ്ട്. തൊട്ട് അനവധി സ്പെഷാലിററി ഹോസ്പിററലുകൾ ഉള്ളതുമൂലമാകാം ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ആസ്പത്രികൾ ഇല്ലാത്തത്. കൂടാതെ ജനങ്ങൾക്ക് ആശ്രയിക്കുവാൻ തൊട്ടടുത്ത പഞ്ചായത്തിൽ മെഡിക്കൽ കോളേജും ഉണ്ട്.

പരമ്പരാഗത ചികിത്സാ സമ്പ്രദായമോ വൈദ്യന്മാരോ ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ ഒരു ആയുർവ്വേദ മരുന്ന് നിർമ്മാണശാല പ്രവർത്തിക്കുന്നുണ്ട്.

കേരളം ഇന്ത്യയുടെ ഒരു ഉപഭോക്ത സംസ്ഥാനമാണ്. വടക്കേ ഇന്ത്യൻ ലോബിയിൽപ്പെട്ട ഏതെങ്കിലും കുത്തകമുതലാളിമാർ ഒരു പുതിയ ഉൽപന്നം നിർമ്മിച്ചാൽ അത് ടോണിക്കോ മരുന്നോ എന്തുമാകട്ടെ. അതിൻെറ വിപണി കണ്ടെത്തുന്നത് കേരളത്തിലാണ്. നമുക്ക് അസുഖമില്ലെങ്കിലും നമ്മെകൊണ്ടവർ മരുന്ന് കുടിപ്പിക്കും, പൊടിയുപ്പ് തീററിക്കും, നമ്മുടെ വെളിച്ചെണ്ണയ്ക്കുപകരം പാമോലിൻ കഴിപ്പിക്കും.

അങ്ങനെ പരോക്ഷമായി നമ്മുടെ ആരോഗ്യത്തെ തകർക്കുന്നു. അതവരുടെ ആവശ്യമാണ്.

മേൽ പറഞ്ഞ സ്വകാര്യങ്ങളിൽനിന്ന് നമ്മുടെ ജനങ്ങളും വിമുക്തരല്ല. പരസ്യമാദ്ധ്യമങ്ങൾ നമ്മുടെ ജനങ്ങളെ ബ്രെയിൻവാഷ് ചെയ്തിരിക്കുകയാണ്. പാൽ വിററ പണം കൊണ്ട് കുഞ്ഞിന് 'കോംപ്ലാൻ' വാങ്ങി കൊടുക്കാൻ പ്രേരിപ്പിക്കുന്നു. ചെറിയൊരു തുമ്മൽ ഉണ്ടാകുമ്പോഴേക്ക് സ്പെഷാലിററി ഹോസ്പിററലിൽ പോയി ചികിത്സിക്കാൻ അവർ തയ്യാറാകുന്നു.

## കോലഴി ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറി

| വർഷം | ഇൻപേഷ്യൻറിൻെറ നമ്പർ | ഔട്ട്പേഷ്യൻറിൻെറ നമ്പർ | രോഗങ്ങൾ സംബന്ധിച്ച വിവരം ( പ്രതിവർഷം- എണ്ണം ) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി etc) | മററു രോഗങ്ങൾ | ആകെ |
| 1992-93 | | 591 | 90 | 250 | 100 | | 250 | 591 |
| 1993-94 | | 957 | 200 | 500 | 150 | | 500 | 957 |
| 1994-95 | | 710 | 25 | 500 | 100 | | 500 | 710 |
| 1995-96 | | 670 | 30 | 450 | 100 | | 450 | 670 |
| ആകെ | | 2928 | 345 | 1700 | 450 | | 1700 | 2928 |

അത്യന്താധുനിക ചികിത്സാ സൗകര്യങ്ങൾ മനുഷ്യൻെറ ആയുസ് നീട്ടികിട്ടുന്നതിന് ഒരു പരിധിവരെ സഹായകമാണെങ്കിലും സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇന്നും അത് അപ്രാപ്യമാണ്. നിലവിലുള്ള ജീവിത രീതികൾ പരിസരമലിനീകരണം, ആധുനിക ഭക്ഷണക്രമങ്ങൾ, എന്നിവ ജനങ്ങളെ തീരാവ്യാധികളിലേക്ക് തള്ളിവിടുന്നു. പുകവലി, മയക്കുമരുന്ന്, മദ്യപാനം തുടങ്ങിയവയ്ക്കെതിരെ ആസൂത്രിതമായ ബോധവൽക്കരണം ഔദ്യോഗികതലത്തിൽതന്നെ കൂടിയേകഴിയൂ.

വൈദ്യനെ ആവശ്യമില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കലായിരിക്കണം നമ്മുടെ ലക്ഷ്യം. ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു നാടിൻെറ സമ്പത്ത്. അതിന് നമുക്ക് പ്രകൃതിയിലേക്ക് മടങ്ങേണ്ടതുണ്ട്. മനുഷ്യൻ എത്രത്തോളം പ്രകൃതിയുമായി അലിഞ്ഞു ചേർന്നു ജീവിക്കുന്നുവോ, അത്രത്തോളം അസുഖങ്ങളിൽനിന്ന് അകന്ന് നിൽക്കാം. ഇക്കാര്യത്തിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ബോധവൽക്കരണക്ലാസ്സുകളും ക്യാമ്പുകളും നടത്തേണ്ടതുണ്ട്. കഴിയുന്നത്ര ഓരോ വീടുകളിലും നശിച്ചുകൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കാൻ മുൻകയ്യെടുക്കേണ്ടതുണ്ട്.

### ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശം.

1. നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം, ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി ഇവ 10 കിടക്കകൾ വീതമുള്ള ആസ്പത്രികളാക്കി ഉയർത്തണം.

2. എല്ലാ വാർഡിലും സബ് സെൻററുകൾ ആരംഭിക്കണം.

3. കൊതുക് നിവാരണ മാർഗങ്ങൾ, പ്രതിരോധകുത്തിവെയ്പ്പ് മുതലായവ യഥാസമയം നടത്തുക.

4. തെരുവുകളിൽ ആവശ്യമായ കേന്ദ്രങ്ങളിൽ ചവററു വീപ്പകൾ സ്ഥാപിക്കുക.

5. ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകജീവനക്കാരെ നിയമിക്കുക.

6. വാണിജ്യ വ്യവസായകേന്ദ്രങ്ങളിലും മററും പാഴ്ജല ചാലുകൾ നിർമ്മിച്ച് വെള്ളം കെട്ടികിടക്കുന്നത് തടയുക.

7. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കുവാൻ സഹായിക്കുക.

8. തെരുവ് പട്ടികളുടെ ശല്ല്യം അവസാനിപ്പിക്കാൻ തക്ക ഏർപ്പാടുകൾ ഉണ്ടാക്കുക.

9. മദ്യത്തിനും മയക്കുമരുന്നിനും എതിരെ ബോധവൽക്കരണം നടത്തുവാൻ ഏർപ്പാട് ചെയ്യുക.

10. ഹോസ്ററലുകൾ പോലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലം പുറത്തേയ്ക്ക് ഒഴുകുന്നത് തടയുക. (ഉദാ:- ചിന്മയാ മിഷൻ ഹോസ്ററൽ)

# കുടിവെള്ളം

ഈ ഗ്രാമപഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സ് വീട്ടുകിണറുകളാണ്. ഒട്ടുമിക്ക വീടുകൾക്കും സ്വന്തമായ കിണറുകൾ ഉണ്ട്. കൂടാതെ താഴെ കൊടുത്തവിധം 38 പൊതുകിണറുകളും പഞ്ചായത്തിൽ ഉണ്ട്.

എന്നാൽ ജനുവരിമാസം മുതൽ മിക്ക കിണറുകളിലേയും വെള്ളം വററാനും കുടിനീർക്ഷാമം രൂക്ഷമാവുകയും ചെയ്യും. പീച്ചി ഇറിഗേഷൻ കനാൽ വഴി യഥാസമയം വെള്ളം ഒഴുക്കുകയാണെങ്കിൽ പരിസര പ്രദേശങ്ങളിലെ കിണറുകളെ ബാധിക്കുന്ന വരൾച്ച ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും.

പഞ്ചായത്തിൽ 10 കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ട്

| വാർഡ് | കിണർ | കുഴൽകിണർ |
|---|---|---|
| I | 5 | 1 |
| II | 4 | 3 |
| III | 5 | - |
| IV | 3 | 1 |
| V | 1 | - |
| VI | 7 | 1 |
| VII | 3 | 2 |
| VIII | 3 | 1 |
| IX | 1 | 1 |
| X | 6 | |
| ആകെ | 36 | 10 |

ഇവയെല്ലാം ജലസുലഭവും ഉപയുക്തവുമാണെന്ന് പറഞ്ഞുകൂടാ.

കേരള വാട്ടർ അതോറിററിയുടെ ജലവിതരണ ശൃഗലയിൽനിന്ന് 88 പൊതുടാപ്പുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽനിന്നും വീട്ടുകണക്ഷനുകളും നല്കിയിട്ടുണ്ട്. എന്നാൽ ഈ ശൃഗലവഴി പഞ്ചായത്തിന് വളരെ കുറച്ച് സമയം മാത്രമേ വെള്ളം കിട്ടുന്നുള്ളൂ. വാട്ടർ അതോറിററിയുടെ ഓഗ്മെൻേറഷൻ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പ്രാരംഭഘട്ടത്തിൽ 12 മണിക്കൂർ കോലഴി പഞ്ചായത്തിന് ജലവിതരണം നടത്താൻ കഴിയും എന്നാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ മെഡിക്കൽ കോളേജിലേക്കുള്ള ജലാവശ്യത്തിനുകൂടി ഈ പൈപ്പ് ലൈൻ ഉപയോഗിക്കാൻ തുടങ്ങിയതോടെ നമ്മുടെ പഞ്ചായത്തിലേക്കുള്ള ജലവിതരണസമയം ഗണ്യമായി വെട്ടിക്കുറക്കുകയാണുണ്ടായത്. മെഡിക്കൽ കോളേജിന് വേണ്ടി പ്രത്യേകം കുഴൽകിണർ വിന്യസിച്ചുകൊണ്ട് ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതാണ്.

## ഗ്രാമസഭകളിൽ നിന്ന് വന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ കുളങ്ങളും കെട്ടി സംരക്ഷിച്ച് കിണറുകളിലേക്ക് നീരുറവ് പോഷിപ്പിക്കുക.

2. തോടുകളിൽ അനുയോജ്യമായ ഇടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് പാഴായിപോകുന്ന പെയ്ത്ത്വെള്ളത്തെ തടഞ്ഞ് നിർത്തുക.

3. പീച്ചി ഇറിഗേഷൻ കനാലുകൾ യഥാസമയം വൃത്തിയാക്കി നീരൊഴുക്ക് സുഗമമാക്കുക.

4. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ വൃത്തിയാക്കുകയും സാധ്യതയുള്ള സ്ഥലങ്ങളിൽ പുതിയവ കുഴിക്കുകയും ചെയ്യുക.

5. ആവശ്യമായ സ്ഥലങ്ങളിൽ വാട്ടർ അതോറിററിയുടെ വിതരണശൃഗലയിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുകയും പൈപ്പുലൈൻ വിപുലീകരിക്കുകയും ചെയ്യുക.

## നിർദ്ദേശങ്ങൾ

താഴെ പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ കുടിനീർക്ഷാമത്തിന് അറുതിവരുത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

### മാട്ടുകുളം പദ്ധതി

പഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയിലുള്ള മാട്ടുകുളം കെട്ടിസംരക്ഷിച്ച് ഉയർന്ന പ്രദേശമായ പുത്തൻമഠം കുന്നിൽ ടാങ്ക് നിർമ്മിച്ച് ഒരു ശുദ്ധജല പദ്ധതിയുണ്ടാക്കുകയാണെങ്കിൽ പീച്ചിജലത്തെ ആശ്രയിക്കാതെ 1, 2, 3, 4, വാർഡുകളിൽ വെള്ളം ലഭ്യമാകും.

### തോണിച്ചാൽ പദ്ധതി

മൂന്നര ഏക്രയോളം വിസ്തൃതിയുള്ള ഈ ജലാശയം ശുദ്ധജലപദ്ധതിയാക്കുകയാണെങ്കിൽ പഞ്ചായത്തിലെ അഞ്ചു മുതൽ പത്ത് വരെയുള്ള വാർഡുകളിലേക്കും ശുദ്ധജലമെത്തിക്കാൻ പ്രാപ്തമായ ഒന്നാക്കാൻ കഴിയും. മേൽപ്രദേശത്ത് വെള്ളം സുലഭമായി ലഭിക്കുന്നതിന് വേണ്ടി കുററൂർ പാലം കുഴിചെക്ക്ഡാം ഉപയോഗിക്കാം.

എന്നാൽ മേൽ പറഞ്ഞ രണ്ട് പദ്ധതികളുടേയും പ്രയോജനം അത്തേക്കാട് കോളനിക്ക്, അത് ഉയർന്ന പ്രദേശത്ത് കിടക്കുന്നതായതിനാൽ ലഭിക്കുകയില്ല.

അതിനാൽ അവിടെ ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽകിണറിനു പകരം പുതിയ ഒരു കുഴൽ കിണർ നിർമ്മിച്ച് നിലവിലുള്ള പദ്ധതിയുടെ പമ്പ് സെററ് ഉപയോഗിച്ചാൽ അവിടത്തെ കുടിനീർ പ്രശ്നം പരിഹരിക്കാനാകും.

പുത്തൻമഠം കുന്നിലെ അംബേദ്കർ ഗ്രാമത്തിൽ നിലവിലുള്ള കുഴൽകിണർ ശുദ്ധജലവിതരണ പദ്ധതിയുടെ ടാങ്ക് ഉയർത്തി വെയ്ക്കേണ്ടതും, ടാങ്കിൻെറ വലുപ്പം കൂട്ടേണ്ടതുമാണ്. കൂടാതെ പുതിയ ഹൗസ് കണക്ഷനുകൾ യാതൊരു കാരണവശാലും അനുവദിക്കരുത്. ഈ പദ്ധതി മുഖേന 1, 2, 3 വാർഡുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമായി നടത്തിവരുന്നു.

# വിദ്യാഭ്യാസം

പിന്നിട്ട ഒരു നൂററാണ്ടിനിടെ കോലഴി പഞ്ചായത്തിനു വിദ്യാഭ്യാസമേഖലയിൽ എറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് ഏറെ സൗകര്യങ്ങൾ ലഭ്യമായ തൃശ്ശൂർ നഗരത്തിനോടടുത്തുകിടക്കുന്ന പഞ്ചായത്തായതിനാൽ. ആ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ തദ്ദേശവാസികൾക്കു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പഞ്ചായത്തിലെ അപര്യാപ്തമായ വിദ്യാഭ്യാസസൗകര്യങ്ങളിലേക്ക് അധികമാരുടേയും ശ്രദ്ധ ചെന്നിട്ടില്ല എന്നിട്ടും നിരക്ഷരതാ നിർമ്മാർജ്ജനം വരെയുള്ള കാര്യങ്ങളിൽ പഞ്ചായത്തിന് അഭിമാനിക്കാൻ വകയുണ്ട്. വിദ്യാഭ്യാസ ഉന്നമനത്തോടൊപ്പംതന്നെ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പിന്നോക്കാവസ്ഥയും വിലയിരുത്തപ്പെടേണ്ടതാണ്.

ഇന്ന് പ്രീ പ്രൈമറി മുതൽ കോളേജ് വരെയുള്ള വിദ്യാഭ്യാസ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഒരു നൂററാണ്ടിനുമുമ്പ് കോലഴി പഞ്ചായത്തിൽ വിദ്യാലയങ്ങൾ ഇല്ലായിരുന്നു. വിദ്യാഭ്യാസതല്പരരായവരുടെ കുട്ടികൾ കിലോമീററോളം നടന്ന് തൃശ്ശൂരിൽ പോയാണ് പഠനം നടത്തിയിരുന്നത്. വാഹനസൗകര്യം ഇല്ലാതിരുന്ന അക്കാലത്ത് കാൽനടയായി പോയി പഠിക്കുന്നത് സാഹസം നിറഞ്ഞ കാര്യമായിരുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്കുമാത്രമെ വിദ്യാഭ്യാസം നേടാൻ സാധിച്ചിരുന്നുള്ളൂ. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലായിരുന്നവർക്ക് പഠനം ഒരു സ്വപ്നം മാത്രമായിരുന്നു. സാമൂഹിക അസമത്വം ഒരു വിഭാഗം ജനങ്ങളെ വിദ്യാഭ്യാസരംഗത്തുനിന്നും അകററി നിറുത്തി.

ഈ പശ്ചാത്തലത്തിലാണ് കോലഴി പഞ്ചായത്തിൽ ആദ്യത്തെ വിദ്യാലയം കോലഴിയിൽ സ്ഥാപിക്കപ്പെടുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിനു തുടക്കം കുറിക്കും വിധം മിഷനറിമാർ കോലഴിയിൽ 1888 ൽ സെനാനമിഷൻ ലോവർ പ്രൈമറി സ്ക്കൂർ ആരംഭിച്ചു. പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് ഇതൊരു വഴിത്തിരിവായി. തൊട്ടടുത്തവർഷം 1989 ൽ കുററൂരിൽ ഗവണ്മെൻറ് ലോവർ പ്രൈമറി സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. പഞ്ചായത്തിൻെറ ഇരുകരകളിലുമായി ആരംഭിച്ച് സ്ക്കൂളുകൾ തദ്ദേശവാസികൾക്ക് അറിവിൻെറ ഒരു പുതുലോകം തുറന്നുകൊടുത്തു. സാധാരണക്കാരനും പാവപ്പെട്ടവനും പഠിക്കാനുള്ള അവസരം ലഭിച്ചു. ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളുണ്ടായിരുന്ന കുററൂർ സ്ക്കൂളിൽ നിന്നും പിന്നീട് അഞ്ചാംക്ലാസ് വേർപ്പെടുത്തി ഹൈസ്ക്കൂളിനോട് ചേർത്തു. ആദ്യകാലത്ത് 20 ഡിവിഷനുകളിലായി 800ഓളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. ഇന്ന് പഞ്ചായത്തിൽ ഏററവും ശോചനീയാവസ്ഥയിലാണ് പ്രസ്തുത ഗവ.സ്ക്കൂൾ.

പ്രാഥമിക വിദ്യാഭ്യാസം നേടിയവർക്കുതന്നെ സ്ക്കൂൾ തല ഉന്നതവിദ്യാഭ്യാസം പിന്നെയും സ്വന്തം സ്ഥലത്ത് അപ്രാപ്യമായിരുന്നു. എൽ.പി.സ്ക്കൂൾ. നിലവിൽ വന്ന് അരനൂററാണ്ടുപിന്നിട്ടപ്പോഴാണ് ഒരു ഹൈസ്ക്കൂൾ കോലഴി പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടത്. 1942-ൽ ശ്രീമാൻ കരിമ്പററകൊച്ചുണ്ണിമേനോനാണ് കുററൂരിൽ ഹൈസ്ക്കൂൾ ആരംഭിച്ചത്. ആദ്യം "ലോവർ സെക്കണ്ടറി സ്ക്കൂൾ, കുററൂർ"എന്നായിരുന്നു പേർ. ഒമ്പതുവിദ്യാർത്ഥികളുമായി ഫസ്ററ് ഫോറം (ഇന്നത്തെ അഞ്ചാംക്ലാസ്) മാത്രമായി തുടങ്ങിയ സ്ക്കൂളാണ് പിന്നീട് "ചന്ദ്രാമെമ്മോറിയൽ ഗവ.ഹൈസ്ക്കൂൾ"ആയി മാറിയത് 1943ൽ പ്രൈമറി, ഫസ്ററ് ഫോറം, സെക്കൻറ് ഫോറം, തേർഡ്ഫോറം എന്നിവ ഒന്നിച്ചാരംഭിച്ച സ്ക്കൂളിന് ശ്രീ. കൊച്ചുണ്ണിമേനോൻ ഒരു ഏക്കർ 21 സെൻറ് സ്ഥലം വാങ്ങി തൻെറ മകളുടെ സ്മരണക്കായി സംഭാവന ചെയ്യുകയാണുണ്ടായത്.

1996 ൽ കേരളസർക്കാരിൻെറയും അന്നത്തെ M.L.A ആയ ശ്രീ തേറമ്പിൽ രാമകൃഷ്ണനും നാട്ടുകാരുടെ സമിതി അംഗങ്ങളായ ശ്രീ.P.L. പൈലോത് മാസ്ററർ അഡ്വക്കേററ് സി. ശിവനാരായണൻ, രാജൻകുർക്കഞ്ചേരി ഡേവിഡ് കണ്ണനായ്ക്കൽ എന്നിവർ നേതൃത്വം നൽകിയ കമ്മററിയുടേയും ആശ്രാന്ത പരിശ്രമത്തിൽ സ്ക്കൂളിലെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് 50,000ക. ഡെപ്പോസിററ് ചെയ്ത് സ്ക്കൂളിൽ കമ്പ്യൂട്ടർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇത് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി കമ്പ്യൂട്ടറിനെക്കുറിച്ച് പ്രാഥമികവിവരം ലഭിക്കുന്നതിനും പ്രയോജനമായിട്ടുണ്ട്. ഇന്ന് കോലഴി പഞ്ചായത്തിന് അഭിമാനിയ്ക്കാവുന്ന ഒന്നാണ്

നാട്ടുകാരുടെ ഒരു കമ്മററി മുഖേന 1945-ൽ തിരൂർ സെൻറ് തോമസ്ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് തിരൂർ സെൻറ് തോമസ് പള്ളിയുടെ നിയന്ത്രണത്തിൽ സ്ക്കൂൾ വിട്ടുകൊടുക്കുകയായിരുന്നു.

# നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | മാനേജ്മെൻറ് | സ്ഥാപിച്ച വർഷം | കുട്ടികളുടെ എണ്ണം | അദ്ധ്യാപകർ | അനദ്ധ്യ പകർ |
|---|---|---|---|---|---|---|
| | എൽ.പി. | | | | | |
| 1. | Z.M.L.P School Kolazhy | Aided | 1888 | 300 | 10 | 1 |
| 2. | G.L.P School Kuttur | Govt. | 1889 | 52 | 4 | 1 |
| 3. | AIP School, Attoor | Aided | 1935 | 128 | 4 | 0 |
| 4. | St. Marys CBPS, Kottekad | " | 1952 | 639 | 13 | 0 |
| 5. | A.V.M.L.PS. Pamboor | " | 1964 | 115 | 4 | 0 |
| 6. | Tagore English M.School, Kolazhy | Unaided | 1982 | 90 | 6 | 0 |
| | യു.പി.ഹൈസ്ക്കൂൾ | | | | | |
| 1. | CMG High School,Kuttur | Goct. | 1942 | 797 | 31 | 5 |
| 2. | St. Thomas, Thirur | Aided | 1945 | 1925 | 70 | ലഭ്യമല്ല |
| | LP, UP,HS&PlusTwo | | | | | |
| 1. | Chinmaya Mission, Kolazhy | Unaided | 1988 | 1100 | 49 | 7 |
| 2. | Devi Academy, Kolazhy | Unaided | 1993 | 380 | 30 | 10 |
| | College | | | | | |
| 1. | Chinmaya College | Unaided | 1993 | 600 | 22 | 8 |

പഞ്ചായത്തിലെ മൂന്നാമത്തെ ലോവർ പ്രൈമറി സ്ക്കൂൾ 1935-നോടടുത്താണ് ആട്ടോരിൽ പ്രവർത്തനമാരംഭിച്ചത്. സ്ക്കൂളിൻെറ സ്ഥാപകമാനേജർ വാളക്കട ശങ്കരൻ എഴുത്തച്ഛൻെറ വീട്ടിലാണ് സ്ക്കൂൾ തുടങ്ങിയത്. 1116-ാം ആണ്ടിൽ കൊടുങ്കാററിൽ സ്ക്കൂളിൻെറ ഓല ഷെഡ് തകർന്നുവീണു. 1948-ലാണ് സ്ക്കൂൾ നിലവിലുള്ള കെട്ടിടത്തിലേക്ക് മാററിയത്.

1952-ലാണ് കൊട്ടേക്കാട് സെൻറ് മേരീസ് കോൺവെൻറ് ബേസിക് പ്രൈമറി സ്ക്കൂൾ ആരംഭിച്ചത്. പള്ളിവികാരി അറയ്ക്കൽ നെല്ലിശ്ശേരി ജോർജ്ജിൻെറ നേതൃത്വത്തലാണ് സ്ക്കൂൾ തുടങ്ങിയത്. പ്രാരംഭത്തിൽ 40 കുട്ടികളാണ് ഉണ്ടായിരുന്നത്.

പഞ്ചായത്തിലെ അഞ്ചാമത്തെ എൽ.പിസ്ക്കൂൾ പാമ്പൂരിലാണ് സ്ഥാപിക്കപ്പെട്ടത്. നാട്ടുകാരുടെ പ്രത്യേകം താല്പര്യപ്രകാരം 1964-ൽ പെരിങ്ങോട്ടുകര അവണങ്ങാട്ടുകളരിക്കൽ ശ്രീ. എ.വി സുബ്രഹ്മണ്യപണിക്കരാണ് സ്ക്കൂൾ ആരംഭിച്ചത്. എ.വി.എം.എൽ.പി. സ്ക്കൂളിൻെറ പ്രാരംഭത്തിൽ 150 വിദ്യാർത്ഥികളും 4 അദ്ധ്യാപകരുമാണ് ഉണ്ടായിരുന്നത്. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലായി 9ഡിവിഷനുകൾ ഉള്ള ഒരു കാലഘട്ടം വരെ ഉണ്ടായി.

5 എൽ.പി.സ്ക്കൂളുകളും 2 ഹൈസ്ക്കൂളുകളും പ്രവർത്തനമാരംഭിച്ചതോടെ പഞ്ചായത്തുനിവാസികൾക്ക് വിദ്യാഭ്യാസത്തിന് ഏറെ ദൂരം സഞ്ചരിക്കേണ്ട ആവശ്യമില്ലാതെ വന്നു. സമൂഹത്തിലെ പിന്നോക്ക ജനസമൂഹത്തിന് അക്ഷരജ്ഞാനം ലഭിക്കാനവസരം വന്നതോടുകൂടി ജീവിത നിലവാരം മെച്ചപ്പെടുത്താനും കഴിഞ്ഞു. വിദ്യാഭ്യാസരംഗത്തുണ്ടായ വളർച്ച പഞ്ചായത്തിൻെറ മൊത്തം പുരോഗതിയ്ക്ക് കാരണമായി. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിലും ജീവിതരീതികളിലും വിശ്വാസങ്ങളിലും ഒരുപാട് പരിവർത്തനമുണ്ടാക്കുന്നതിൽ വിദ്യാഭ്യാസം ചെലുത്തിയ സ്വാധീനം എടുത്തുപറയേണ്ടതാണ്. അയിത്തം പോലുള്ള അനാചാരങ്ങൾ ഉന്മൂലനം ചെയ്യുന്നതിലും വിദ്യാഭ്യാസം വലിയ പങ്കുവഹിച്ചിട്ടുണ്ട്.

എൺപതുകളിൽ പഞ്ചായത്തിലെ ചില അൺഎയ്ഡഡ് ഇംഗ്ലീഷ് സ്ക്കൂളുകളും ആരംഭിക്കുകയുണ്ടായി. ആധുനിക സംസ്കാരത്തിൻെറ ഭാഗമായി ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ അഭിനിവേശമാണ് ഇവയുടെ ആവിർഭാവത്തിനു നിദാനം. 1982ൽ തിരൂരിൽ ടാഗോർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളും 1988ൽ തൃശ്ശൂരിൽ നിന്ന്

കോലഴിയിലേക്ക് ചിന്മയാമിഷൻ വിദ്യാലയവും വരികയുണ്ടായി 1993 ദേവി അക്കാദമി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ കോലഴിയിൽ സ്ഥാപിക്കപ്പെട്ടു. 1993ൽ തന്നെ അൺ എയ്ഡഡ് കോളേജായ ചിന്മയാമിഷൻ കോളേജ് തൃശ്ശൂരിൽ നിന്നും മാററി കോലഴിയിൽ പ്രവർത്തനമാരംഭിച്ചു.

## കുട്ടികൾ കുറയുന്നു.

ഏറെ വിദ്യാഭ്യാസപുരോഗതി നേടാൻ കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ വിദ്യാലയങ്ങൾ ഇന്നു പ്രതിസന്ധിനേരിടുകയാണ്. കുടുംബാസൂത്രണം നടപ്പിലാക്കിയതോടെ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കുടുംബങ്ങളുടെ എണ്ണത്തിൽ താരതമ്യേന വർദ്ധനവുണ്ടായിട്ടുണ്ട്. നാട്ടിൽ കുട്ടികളുണ്ടെങ്കിലും നാട്ടിൻപുറവിദ്യാലയങ്ങളിൽ കുട്ടികളുടെ അവസ്ഥ സംജാതമായിരിക്കുന്നു. വിദ്യാഭ്യാസരംഗം അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം അറിവ് നേടുന്നതിലുപരി ഒരു സ്ററാററസ് ആയി മാറിയിരിക്കുന്നു. തൃശ്ശൂർ നഗരത്തിലും പരിസരപ്രദേശങ്ങളിലും പെരുകികൊണ്ടിരിക്കുന്ന ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകൾ സ്ററാററസ് സിംബലായി രക്ഷകർത്താക്കളെ ആകർഷിച്ചിരിക്കുന്നു. ഇവിടുത്തെ വിദ്യാഭ്യാസം ചെലവേറിയതാണെങ്കിലും അതിനോടുള്ള പ്രതിപത്തി ഗ്രാമീണസ്ക്കൂളുകളെ അവഗണിക്കാൻ കാരണമായി ഗവ./എയ്ഡഡ് സ്ക്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, അദ്ധ്യയന-അദ്ധ്യാപനത്തിലെ അച്ചടക്കമില്ലായ്മ, അദ്ധ്യാപർക്ക് പുനഃപരിശീലനം ലഭിയ്ക്കായ്ക രക്ഷാകർതൃസമിതികളുടെ കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ എന്നിവ സ്ക്കൂളുകളിലെ വിജയശതമാനത്തെ ബാധിച്ചു. ഇതെല്ലാം പ്രസ്തുത വിദ്യാലയങ്ങളെ ആകർഷണ കേന്ദ്രമല്ലാതാക്കി. പല ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലും പ്രവേശനപരീക്ഷമാത്രം നടത്തി പ്രവേശനം നൽകുന്നതുകൊണ്ട്, ശേഷിക്കുന്ന പിന്നോക്കക്കാരേയാണ് ഗ്രാമീണ സ്ക്കൂളുകൾക്ക് ലഭിക്കുന്നത്. മിടുക്കരെ മാത്രം ഉപയോഗിച്ച് നൂറുമേനികൊയ്തു ഇംഗ്ലീഷ്മീഡിയംകാർ മേനി നടിക്കുമ്പോൾ, പ്രഗത്ഭരും യോഗ്യരുമായ അദ്ധ്യാപകർ ഏറെ കഠിനാധ്വാനം ചെയ്താണ് ഗ്രാമീണ സ്ക്കൂളുകളിലെ നിലവാരം കുറഞ്ഞ വിദ്യാർത്ഥികളെ വിജയത്തിലേക്ക് എത്തിക്കുന്നത്!

കോലഴി സെനാന മിഷൻ സ്ക്കൂളിൽ ഒന്നുമുതൽ 5 വരെ ക്ലാസുകളിലായി പത്തുഡിവിഷനുകളും 300വിദ്യാർത്ഥികളു ഉണ്ട്. 52 വിദ്യാർത്ഥികൾ മാത്രമുള്ള കുററൂർ ഗവ. എൽ.പി. സ്ക്കൂൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. പാമ്പൂർ എ.വി.എം. എൽ.പി.സ്ക്കൂളിൽ 4 ഡിവിഷനുകളിലായി 115 കുട്ടികൾ പഠിക്കുന്നു. ആട്ടോർ എൽ.പി.എസിൽ 128 കുട്ടികളുണ്ട്. കുററൂർ ഗവ.ഹൈസക്കൂളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവന്നിട്ടുണ്ട്. ഇപ്പോൾ 797 വിദ്യാർത്ഥികളാണ് ഉള്ളത് 639കുട്ടികളുള്ള കൊട്ടേക്കാട് സെൻറ് മേരീസ് സ്ക്കൂളിലും 1925 വിദ്യാർത്ഥികളുള്ള തിരൂർ സെൻറ് തോമസ് സ്ക്കൂളിലുമാണ് കുട്ടികളുടെ കുറവ് അനുഭവപ്പെടാത്തത്.

## ഭൗതികസാഹചര്യം

പഞ്ചായത്തിലെ വിദ്യാലയങ്ങൾ പൊതുവെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉള്ളവയാണ്. സ്വന്തമായ സ്ഥലം, കെട്ടിടം, ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ, ലൈബ്രറി, ലാബറട്ടറി, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ എന്നിവ പ്രായേണ മിക്ക സ്ഥാപനങ്ങളിലും ലഭ്യമാണ്. കമ്പ്യൂട്ടർ തുടങ്ങി ആധുനിക പഠനോപകരണങ്ങളും ചിലയിടങ്ങളിലുണ്ട്. പ്രശ്നങ്ങളുള്ള വിദ്യാലയങ്ങളും ഉണ്ട്. ആട്ടോർ സ്ക്കൂളിന് കുടിവെള്ള സൗകര്യമില്ല. കക്കൂസ്, മൂത്രപ്പുര എന്നി ആവശ്യാനുസരണം ഇല്ല. ഫർണിച്ചർ വളരെ കുറ

## എസ്.എസ്.എൽ.സി. വിജയശതമാനം

| Year | CMGHS Kuttur | St. Thomas Thirur | Chinmaya Kolazhy | Devi Academy Kolazhy |
|---|---|---|---|---|
| 1993-94 | 44% | 67.4% | 100% - | |
| 94-95 | 62% | 63.4% | 100% - | |
| 95-96 | 40% | 63.4% | 100% | 100% |

വാണ്, അദ്ധ്യാപകർക്കിരിക്കാൻ സ്ററാഫ് മുറിയില്ല, വൈദ്യുതിയില്ല, കോലഴി Z.M.L.PS ലും സ്ററാഫ് റൂമി ല്ലാത്തത് വലിയ പ്രശ്നമാണ് ഫർണീച്ചർ, മററ് ഉപ കരണങ്ങൾ കാലപ്പഴക്കം ചെന്നവയുമാണ്. കുററൂർ എൽ.പി.യിൽ വൈദ്യുതിയില്ല കൊട്ടേക്കാട് സ്ക്കൂളിൽ ഫർണീച്ചർ, മൂത്രപ്പുര ഇവയുടെ കുറവുണ്ട്. ആട്ടോർ സ്ക്കൂൾ, തിരൂർ സ്ക്കൂൾ, കുററൂർഎൽ.പി എന്നിവി ടങ്ങളിൽ റേഡിയോ, ടേപ്പ്റെക്കോർഡർ എന്നിവപോ ലുമില്ല.

പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങളുടെ ഇല്ലായ്മ അനുഭവപ്പെടുന്നുണ്ട് ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ പരിശീലനം നൽകാൻ കഴിയുന്ന സ്ഥാപ നങ്ങൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ആർട്ട്സ് വിഷയങ്ങളിൽ പ്രീഡിഗ്രിമുതൽ ബി രുദാനന്തരബിരുദം വരെ പഠനം നടത്തുന്ന ചിന്മയാ മിഷൻ സമാന്തര കോളേജാണ് പഞ്ചായത്തിലെ ഏക ഉന്നത വിദ്യാഭ്യാസസ്ഥാപനം.

## പി.ടി.എ. മാതൃസമിതികൾ

കോലഴി ചിന്മയാമിഷൻ വിദ്യാലയം ഒഴികെ യുള്ള സ്ക്കൂളുകളിൽ പി.ടി.എ.. സജീവമായിട്ടുണ്ട്. ഇത്തരം സ്ക്കൂളുകളിൽ പഠനകാലത്ത് നിലവാരം മെച്ച പ്പെട്ടിട്ടുണ്ട്. ചിന്മയാമിഷൻ ദേവി അക്കാദമി എന്നിവ യിലൊഴികെ മാതൃസമിതികൾ സജീവമാണ്. ചിന്മ യാമിഷൻ ഭരണസമിതിയിൽ രക്ഷാർത്താക്കൾക്കു പങ്കാ ളിത്തമുണ്ട്. മിക്ക വിദ്യാലയങ്ങളിലും നിർമ്മാണ-വികസന പ്രവർത്തനങ്ങൾക്ക് പി.ടി.എ നേതൃത്വം നൽകുന്നുണ്ട്. പ്രാഥമികസൗകര്യം, കുടിവെള്ളം, ക്ലാസ്സു മുറികൾ നിർമ്മിക്കൽ എന്നിവ ചില പ്രവർത്തനങ്ങ ളാണ്. പാമ്പൂർ എ.വി.എം. എൽ.പി.സ്ക്കൂളിൽ പഠന-പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്ക്കൂൾ സംരക്ഷണ സമിതി സജീവമായി രംഗത്തു ണ്ട്. ഇവിടെ പി.ടി.എ. മാതൃസമിതി, സംരക്ഷണസ മിതി എന്നിവ സംയുക്തമായി പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നുണ്ട്. കുട്ടികളുടെ വായനശാല, രക്ഷാകർതൃബോധവൽക്കരണക്ലാസ്സുകൾ, ആരോഗ്യപ രിപാലന ക്ലാസ്, പഠനോപകരണ-കളിപ്പാട്ടനിർമ്മാണ പരിശീലനം, സ്വാതന്ത്ര്യദിനറാലി എന്നിവ ചില പ്രമുഖ പ്രവർത്തനങ്ങളാണ്.

പഞ്ചായത്തിലെ സ്ക്കൂൾ വിദ്യാർത്ഥികളെ പരി ശീലിപ്പിച്ച് സബ്ജില്ലാ കായിക മത്സരങ്ങളിൽ പങ്കെ ടുപ്പിക്കാറുണ്ട്. സ്ക്കോളർഷിപ്പ് പരീക്ഷകൾ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തുന്ന യൂറിക്കാ/ ശാസ്ത്രകേരളം വിജ്ഞാനോത്സവം എന്നിവയിലും വിദ്യാലയങ്ങളുടെ സജീവ പങ്കാളിത്വമുണ്ട്. വൈവി ധ്യപൂർണ്ണമായ കലാപരിപാടികളോടെ സ്ക്കൂൾ വാർഷി കങ്ങൾ സമുചിതമായി ആഘോഷിക്കാറുണ്ട്. കായി കദിനം സംഘടിപ്പിച്ച് വിദ്യാർത്ഥികളിലെ കായിക പ്രതി ഭകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

## സമാന്തര വിദ്യാലയങ്ങൾ

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സമാ ന്തര വിദ്യാലയങ്ങൾ സജീവമാണ്. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി, പ്രീഡിഗ്രി തോററ വിദ്യാർത്ഥികൾക്കും ട്യൂഷൻ നൽകുന്നതിലാണ് സമാന്തര വിദ്യാലയങ്ങൾ മുഖ്യമായും ശ്രദ്ധകേന്ദ്രീക രിക്കുന്നത്. തൊഴിലില്ലാത്ത വിദ്യാസമ്പന്നർക്ക് ഒരു തൊഴിൽ എന്നതിലുപരി സ്ക്കൂളുകളിലും കോളേജു കളിലും പിന്നോക്കം പോന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിജയം കരസ്ഥമാക്കുവാൻ പ്രസ്തുത സമാന്തര വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ സഹായകരമാകുന്നുണ്ട്.

## ശിശുവിദ്യാഭ്യാസം

ശിശുപരിപാലനത്തിന് മിതമായ സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാണ്. ഈ മേഖലയിൽ 4 മഹിളാ സമാജങ്ങൾ നടത്തുന്ന സേവനങ്ങൾ സ്തുത്യർഹമാ ണ്. സാമ്പത്തിക പരാധീനതയുടേയും ഭൗതികസൗക ര്യങ്ങളുടേയും കുറവുകളുണ്ടെങ്കിലും മെച്ചപ്പെട്ട രീതി യിൽ പ്രവർത്തിക്കുന്നവയാണ് ഇവർ നടത്തുന്ന നേഴ്സ റികൾ പ്രീതി മഹിളാരത്നം നേഴ്സറി, പാമ്പൂർ പ്രിയ ദർശിനി മ.സ.നേ കുററൂർ ദീപ്തി. മ.സ.നേ, പോട്ടോർ മഹിളാ സമാജം നേഴ്സറി, തിരൂർ വത്സാ മെമ്മോറി യൽ മ.സ.നേ, കൂടാതെ കോലഴി ZMLPനേഴ്സറി കൊട്ടേക്കാട് സെൻറ് മേരീസ് നഴ്സറി, കോലഴി മരി യാഭവൻനേഴ്സറി, ചിന്മയാമിഷൻ നേഴ്സറി, ദേവിഅ ക്കാദമി നേഴ്സറി, ടാഗോർ ഇംഗ്ലീഷ് മീഡിയം നേ ഴ്സറി എന്നിവയും ശിശുപരിപാലനരംഗത്ത് സജീവ മായി രംഗത്തുണ്ട്. ഇവയിൽ ഭൂരിഭാഗവും Feeding centers കൂടിയാണ്.

ശിശുവിദ്യാലയങ്ങളുടെ ശരിയായ ഉദ്ദേശ്യലക്ഷ്യ ങ്ങൾ നിറവേററപ്പെടുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടി യിരിക്കുന്നു. ഉദ്യോഗസ്ഥരായ മാതാപിതാക്കൾക്ക് സ്വന്തം മക്കളെ വേണ്ടരീതിയിൽ സംരക്ഷിക്കാൻ സാധി ക്കാതെ വരുമ്പോൾ ശിശുവിദ്യാലയങ്ങൾ വളരെ ഉപ കാരമാകാറുണ്ട്. എന്നാൽ കളിച്ചു രസിച്ചു വളരേണ്ട കുട്ടികൾക്ക് അതിനവസരം നൽകാതെ വളരെ ഭാരിച്ച പഠന സമ്പ്രദായമാണ് മിക്ക നേഴ്സറികളിലും ഏർപ്പെ ടുത്തിയിട്ടുള്ളത്. ശിശുപരിപാലനകേന്ദ്രം അല്ലെങ്കിൽ "കുട്ടികളുടെ പൂന്തോട്ട"മാകേണ്ട നേഴ്സറികൾ മിക്ക പ്പോഴും പീഡനകേന്ദ്രങ്ങളായി മാറുന്നില്ലേ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. സ്വന്തം മാതൃഭാഷയുടെ സ്ഥാനത്ത് ഇംഗ്ലീഷ് പഠിപ്പിക്കുവാനുള്ള തീവ്രമായ അഭി നിവേശവും ശിശുമനസ്സിന് താങ്ങാവുന്നതിലേറെയാണ്.

## അനൗപചാരിക വിദ്യാഭ്യാസം

ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം നടത്തിയ അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ പുരോഗതിക്കു കാരണമായിട്ടുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വായനശാലകൾ, ഗ്രന്ഥശാലകൾ, മഹിളാസമാജങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയാണ് ഇതിനു നേതൃത്വം നൽകിയത്. വയോജനവിദ്യാഭ്യാസക്ലാസുകളും നിശാപാഠശാലകളും സംഘടിപ്പിച്ച് ഒട്ടനവധി നിരക്ഷരർക്ക് അക്ഷരത്തിൻെറ പ്രകാശം പ്രദാനം ചെയ്യുകയുണ്ടായിട്ടുണ്ട്. കേരളസർക്കാർ നടത്തിയ സാക്ഷരതാ യജ്ഞത്തിൻെറ ഭാഗമായി പഞ്ചായത്തിൽ നൂറുശതമാനം സാക്ഷരത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## പ്രശ്നങ്ങൾ

സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിൽ പൊതുവെ വർഷം തോറും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. അൺഎയ്ഡഡ് സ്ക്കൂളുകളുടെ ആവിർഭാവം നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് ചേക്കാറാനുള്ള അഭിവാഞ്ചയുമാണ് പ്രമുഖ കാരണം. കുട്ടികളുടെ എണ്ണക്കുറവുമൂലം ഡിവിഷൻ നഷ്ടപ്പെടലും അദ്ധ്യാപകരുടെ പ്രോട്ടക്ഷനും പ്രശ്നമാകുന്നുണ്ട്. ഈ നില തുടർന്ന് സ്ക്കൂളുകൾ അടച്ചുപൂട്ടിയാൽ പഞ്ചായത്തിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടും.

P.T.A സജ്ജീവമായ സ്ക്കൂളിൽ നിലവാരം ഏറെ മെച്ചപ്പെടുന്നുണ്ട്. എന്നാൽ ചലിയിടങ്ങളിൽ P.T.A മാതൃസമിതികൾ നിലവിലുണ്ടെങ്കിലും ചലനാത്മകമല്ല. പ്രസ്തുത സമിതികൾ ഫലപ്രദമായി പ്രവർത്തിച്ചാൽ സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും പഠനവും മെച്ചപ്പെടുത്താൻ കഴിയും.

പ്രാഥമിക തലത്തിലെ ഉച്ചഭക്ഷണ വിതരണം പലയിടത്തും കാര്യക്ഷമമല്ല. പാത്രങ്ങളുടെ കുറവ്, സാമ്പത്തിക പരാധീനത എന്നിവയാണ് കാരണം. ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണ്.

## സാദ്ധ്യതകൾ

### ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

സമീപസ്ഥവിദ്യാലയങ്ങളിലെ പഠനംകൊണ്ട് കുട്ടികൾക്കുണ്ടാകുന്ന നേട്ടങ്ങളെകുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കണം. കുട്ടികളേയും രക്ഷിതാക്കളേയും ആകർഷിക്കുവിധം ബോധനരീതിയിലും പാഠ്യക്രമത്തിലും മാററം വരുത്തണം പഞ്ചായത്തുതല കോംപ്ലക്സുകൾ ആരംഭിച്ച് നൂതന പഠന-ബോധന സമ്പ്രദായങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും അവസരമൊരുക്കണം.

പി.ടി.എ.കളും മാതൃസമിതികളും ഏറെ സജ്ജീവമാക്കാൻ പഞ്ചായത്തുതലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യണം. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരുടെ സേവനം പ്രയോജനപ്പെടുത്തി സ്ക്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താവുന്നതാണ്.

വിദ്യാലയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുമ്പോൾ പഠിപ്പിക്കുന്ന വിഷയത്തിൽ ബിരുദാനന്തരബിരുദമുള്ളവരെ മാത്രം നിയമിക്കണം (ഉദാ:ഇംഗ്ലീഷ്)

സിലബസ് പരിഷ്കരണം വളരെ അടിയന്തിരമായി നടപ്പിലാക്കണം. നിലവിലുള്ള സിലബസ് ലഘൂകരിക്കണം. ജീവിതസ്പർശിയായ വിഷയങ്ങൾ ഉൾപ്പെടുത്തുകയും പ്രവൃത്തിന്മുഖവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിന് ഊന്നൽനൽകുകയും വേണം. ശാരീരികവും മാനസികവുമായ വളർച്ചയ്ക്കുതകുംവിധം കായിക പ്രവർത്തനങ്ങൾക്ക് പാഠ്യക്രമത്തിൽ പ്രാധാന്യം നൽകണം. ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും അവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും വേണം. സ്ക്കൂളിലെ മററു ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തകയും വേണം. ചുററും മതിൽകെട്ടി സ്ക്കൂൾ സംരക്ഷിക്കുകയും വേണം സാമൂഹ്യവിരുദ്ധരിൽനിന്ന് സ്ക്കൂളുകളെ സംരക്ഷിക്കണം. ഫോൺ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

അൺ എക്കണോമിക്ക് എന്നു പ്രഖ്യാപിച്ച് സ്ക്കുളുകൾ നിർത്തലാക്കരുത്. അത്തരം സ്ക്കൂളുകൾ പഞ്ചായത്ത് ഏറെറടുത്തു നടത്തേണ്ടതാണ്. അദ്ധ്യാപക-വിദ്യാർത്ഥി അനുതാപം 1:3 എന്ന് പുനർ നിർണ്ണയിക്കേണ്ടതാണ്

ഉച്ചഭക്ഷണവിതരണം കാര്യക്ഷമമായി നടത്തേണ്ടതാണ്. ശിശുപരിപാലനകേന്ദ്രങ്ങൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കുകയും കുട്ടികൾക്ക് കളിക്കാനാവശ്യമായ ഉപകരണങ്ങൾ സമാഹരിക്കുകയും വേണം. പ്രീപ്രൈമറി തലത്തിൽ പ്രത്യേകമായ പാഠ്യപുസ്തകങ്ങളും സിലബസും ഏർപ്പെടുത്തി പഠനംനടത്താൻ അനുവദിക്കരുത്. പഠനമാദ്ധ്യമം മലയാളമാക്കണം വിദ്യാലയങ്ങളിലെ രാഷ്ട്രീയം ഒഴിവാക്കേണ്ടതാണ്

LPസ്ക്കൂൾ UPആയി Upgrade ചെയ്യുകയും ഹൈസ്ക്കൂളുകളിൽ പ്ലസ്ടു ആരംഭിക്കുകയും വേണം

സ്ക്കൂൾ സ്ഥിതിചെയ്യുന്ന റോഡുകളിൽ അപകടങ്ങൾ ഒഴിവാക്കാൻ Sign Boardകൾ സ്ഥാപിക്കണം.

നാം നേടിയ സമ്പൂർണ്ണ സാക്ഷരത നിലനിർത്താൻ വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കണം.

സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ പ്രോത്സാഹിപ്പിച്ച് വായനാശീലവും അനൗപചാരിക വിജ്ഞാന സമ്പാദനവും ലഭ്യമാക്കേണ്ടതാണ്.

അനൗപചാരിക വിദ്യാഭ്യാസത്തിൽ തൊഴിലിനു പ്രാധാന്യം നൽകണം. തൊഴിൽ സംരംഭർക്ക് പരിശീലനം നൽകേണ്ടതാണ്.

വിദ്യാഭ്യാസപ്രവർത്തനം ഒരു ജനകീയ പ്രവർത്തനമാക്കി മാററിയാൽ, ഈ മേഖലയിൽ പഞ്ചായത്തിന് ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ കഴിയും ഇതിനുള്ള യോജിച്ച പ്രവർത്തനം ഉണ്ടാക്കേണ്ടതാണ്.

# ഊർജ്ജം - ഗതാഗതം വാർത്താവിനിമയം

## ഊർജ്ജം

കോലഴി ഗ്രാമപഞ്ചായത്തിൻെറ 90% വീടുകളും വൈദ്യുതീകരിച്ചവയാണ്. നഗരപ്രദേശത്തോട്ചേർന്നു കിടക്കുന്നതിനാൽ വൈദ്യുതി വളരെമുമ്പ്തന്നെ ഈ പ്രദേശത്ത് വന്നിട്ടുണ്ട്. എന്നിരുന്നാലും ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാനഗാർഹിക ഇന്ധനം വിറകുതന്നെയാണ്. കാർഷികവ്യവസായ ആവശ്യത്തിന് വൈദ്യുതി തന്നെയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. വിറക്ക്ഷാമംമൂലം സാധാരണജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഇത്മൂലം കൂടുതൽ ഇന്ധനക്ഷമതയുള്ള പുകയില്ലാത്ത അടുപ്പ്, ഗോബർഗ്യാസ് പ്ലാൻറ് എന്നിവയുടെ പ്രചരണത്തിന് ആക്കം കൂടുന്നു.

തെരുവ് വിളക്കുകൾ കത്തിക്കുന്നതിൻെറ മുഴുവൻ സംഖ്യയും പഞ്ചായത്തുതന്നെ വഹിക്കുന്നു. (ഏകദേശം പ്രതിമാസം 10,134രൂപ). പഞ്ചായത്തിൽ മൊത്തം 215ട്യൂബും 999 ബൾബും നിലവിലുണ്ട്.

ആകെ മൊത്തം 1214 വഴിവിളക്കുകൾ. എന്നാലും പഞ്ചായത്തിൻെറ പ്രധാനവഴികളിൽ ഇനിയും സ്ട്രീററ് ലൈററ് എത്തിയിട്ടില്ല. ഏകദേശം 10 കൊല്ലത്തിലുള്ളിൽ സ്ട്രീററ്ലൈററുകൾ പുതുതായി നീട്ടിയിട്ടില്ല. ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും തിട്ടപ്പെടുത്തുമ്പോൾ എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയായി കാണുന്നു. ആകെ പഞ്ചായത്തിൽ ചെറുതും വലുതുമായി 29 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. ഇതുമൂലം പലഭാഗങ്ങളിലും വോൾട്ടേജ്ക്ഷാമം രൂക്ഷമായിരിക്കുകയാണ്. ആയതുകൊണ്ട് ഇനിയും പഞ്ചായത്തിൻെറ പലഭാഗങ്ങളിലും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. എന്നാൽ കാർഷിക മേഖലയിലെ ഉപയോഗം നാമമാത്രമാണ്. കൊല്ലങ്ങളായി കാർഷികാവശ്യത്തിന് കണക്ഷന്വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നു. ആയതുകൊണ്ട് ഇതിന് എത്രയും വേഗം നടപടി ഉണ്ടകേണ്ടതാണ്. വൈദ്യുതീകരിച്ച വീടുകളിൽ 50% മാത്രമേ ട്യൂബ് ലൈററുകൾ ഉള്ളു. ബാക്കി ബൾബ് തന്നെയാണ് ടി പഞ്ചായത്തിലെ 2, 3, 4 വാർഡുകളിലെ വൈദ്യുതി വിതരണം ചെയ്യുന്നത് മുളകുന്നത്തുകാവ് സബ്ഡിവിഷനെ ആശ്രയിച്ചും. 1, 5, 6, 7, 8, 9, 10 വാർഡുകളിലെ വൈദ്യുതി വിതരണം വിയ്യൂർ മേജർ സെക്ക്ഷൻ പരിധിയിലുമാണ്. വിയ്യൂർ ഇലക്ട്രിക്കൽ മേജർ സെക്ഷണൽ ആഫീസിലും മുളകുന്നത്തുകാവ് സെക്ഷൻ ഓഫീസിലും ആവശ്യത്തിന് മെററീരിയൽസ് ലഭിക്കാത്തതുമൂലം വളരെയധികം കണക്ഷനുകൾ നൽകാൻകഴിയാതെ ബുദ്ധിമുട്ടുകയാണ്. തന്മൂലം ഉപഭോക്താക്കളുടെ കാത്തിരിപ്പും നീളുന്നു. പണം അടച്ച് കണക്ഷന് വേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം മുളംകുന്നത്തുകാവ് ഓർഡിനറി 62. OTP: 6 OYEC: 13 വിയ്യൂർ ഓർഡിനറി 148 OTP: 4 OYEC 26 എന്നിങ്ങനെയാണ്. കൂടാതെ സ്ട്രീററ് ബൾബുകളും ട്യൂബുകളും യഥാസമയം മാററി സ്ഥാപിക്കുന്നതിനും കാലതാമസം നേരിടുന്നു. പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതിയും വരുമാന മാർഗ്ഗങ്ങളും ഉയരാതെ ഇനിയും പുതിയ സ്ട്രീററ് ലൈററുകൾ അനുവദിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ്.

പഞ്ചായത്തിലെ വിവിധ റോഡുകളുടെ സൈസുകളിൽ സ്ഥാപിച്ചിട്ടുള്ള പഴയ ഇലക്ട്രിക് പോസ്ററുകൾ ഗതാഗതത്തിന് തടസ്സമായിടത്തുനിന്ന് മാററി സ്ഥാപിക്കണം. കാലഹരണപെട്ട പോസ്ററുകൾ മാററി പുതിയവ എത്രയും പെട്ടെന്ന് സ്ഥാപിക്കണം. പൊതുവെ ലൈൻമാൻമാരുടെ സേവനം വാർഡ് അടിസ്ഥാനത്തിനും പഞ്ചായത്ത് മെമ്പർമാരുമായി സഹകരിച്ചും നടത്തേണ്ടിയിരിക്കുന്നു.

കോലഴി ഗ്രാമ പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാൻറ് ഉപഭോക്താക്കളുടെ എണ്ണം 25ഉം, പുകയില്ലാത്ത അടുപ്പ് 250ഉം, സോളാർ പമ്പ് 12ഉം, സോളാർ വാട്ടർ ഹീററർ 1ഉം ആണ്. മുളംകുന്നത്തുകാവ് സെക്ഷൻ ആഫീസ് അവസാനമായി നല്കിയ കണക്ഷൻെറ അപേക്ഷ തീയതി 28.10.96. വിയ്യൂർ മേജർ സെക്ഷൻ ഓഫീസ് അവസാനമായി നല്കിയ കണക്ഷൻെറ അപേക്ഷാ തീയതി 26-9-96. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം താഴെ ചേർക്കുന്നു.

### കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ വിശദവിവരം

| വിയ്യൂർ മേജർ സെക്ഷൻ | | മുളകുന്നത്തുകാവ് സെക്ഷൻ | |
|---|---|---|---|
| ഓർഡിനറി - | 148 | ഓർഡിനറി | 62 |
| O.T.P | 4 | O.T.P | 6 |
| OTEC | 26 | OYEC | 13 |

### ഈ വർഷത്തെ കണക്ഷൻ നൽകിയ വിവരം

| വിയ്യൂർ മേജർ സെക്ഷൻ | | മുളകുന്നത്തുകാവ് സെക്ഷൻ | |
|---|---|---|---|
| ഓർഡിനറി - | 33 | ഓർഡിനറി | -- |
| O.T.P | 7 | O.T.P | 5 |
| OTEC | 103 | OYEC | 31 |

മുളംകുന്നത്തുകാവ് സെക്ഷൻ ആഫീസ് പരിധിയിൽ വൈദ്യുതതി വിതരണം നടത്തുന്ന L.T. ട്രാൻസ്ഫോർമറുകളുടെ പേരും എണ്ണവും

| | |
|---|---|
| 1. തിരൂർ | 160 KVA |
| 2. ശ്രീ വടകുറുമ്പക്കാവ് | 100 KVA |
| 3. ശ്രീനീ സോമിൽ | 160 KVA |
| 4. കായത്തോട് | 100 KVA |
| 5. മോഡേൺ റബ്ബേഴ്സ് | 100 KVA |
| 6. വുഡ് ഫോർങ്ങിംസ് | 100 KVA |
| 7. കാർത്ത്യായനി ടെമ്പിൾ | 100 KVA |
| 8. സൗത്ത് പോട്ടോർ | 100 KVA |
| 9. മാനുവൽ സൺസ് | 100 KVA |
| 10. ആട്ടോർ | 50 KVA |
| 11. സോമിൽസ് | 100 KVA |

വിയ്യൂർ മേജർ സെക്ഷനിൽ കോലഴി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 18 ട്രാൻസ്ഫോർമറുകളുണ്ട്. മുളംകുന്നത്തുകാവ് സെകഷൻ പരിധിയിൽപെടുന്ന സ്ട്രീററ് ലൈനിൻെറ നീളം 17 കിലോ മീററർ ആണ്.

*സ്ട്രീററ് ലൈററ് നിലവാരം:-* 133 ട്യൂബ്, 594 ബൽബും ആകെ 727 തെരുവ് വിളക്കുകളും, വിയ്യൂർ മേജർ സെക്ഷനിൽപ്പെട്ട കോലഴി ഗ്രാമപഞ്ചായത്തിലെ സ്ട്രീററ് ലൈനിൻെറ നീളം 23 കി.മീററും. ട്യൂബ് എണ്ണം 82 ഉം, ബൾബ് 405 ഉം, ആകെ 487 തെരുവ് വിളക്കുകളും അടക്കം ആകെ 487 തെരുവ് വിളക്കുകളും അടക്കം ആകെ പഞ്ചായത്തിൽ 1214 തെരുവ് വിളക്കുകൾ കത്തിക്കുന്നു.

## *പ്രധാന പ്രശ്നങ്ങൾ*

- ഗതാഗതത്തിന് തടസ്സമായിരിക്കുന്ന വൈദ്യുതി പോസ്ററുകൾ മാററി സ്ഥാപിക്കുക.
- സൗരോർജ്ജ വൈദ്യുതിയുടെ ലഭ്യത ലഭ്യമാക്കുക.
- ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നല്കുക.
- പുതിയ സ്ട്രീററ് ലൈററുകൾ അനുവദിക്കുക.
- പുകയില്ലാത്ത അടുപ്പ് എല്ലാ വീടുകളിലും സ്ഥാപിക്കുന്നതിന് നടപടി സ്ഥാപിക്കുക.
- കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- സൗജന്യമായി അനുവദിച്ച 20 യൂണിററ് വൈദ്യുതിയും കർഷകർക്ക് സൗജന്യ വൈദ്യുതിയും നില നിർത്തുക.

## *സാധ്യതകൾ*

നിലവിലുള്ള മുളംകുന്നത്തുകാവ് സെക്ഷൻ ഓഫീസിൻെറ ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനത്തിന് ആവശ്യത്തിന് ലൈൻമാൻമാരെ നിയമിക്കേണ്ടതാണ്. മെയിൻ റോഡിൽ സ്ഥാപിച്ചിട്ടുള്ള ട്യൂബുകൾ കേടുവന്നാൽ അടിയന്തരമായി നന്നാക്കുന്നതിന് നടപടിയെടുക്കണം. പള്ളി അമ്പലം പൊതുസ്ഥലം എന്നിവിടങ്ങളിലെ ബൾബുകൾ കാര്യക്ഷമമായി കത്തിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്. വൈദ്യുതിയുടെ അതിപ്രസരണം ഉണ്ടാക്കുന്ന വൃക്ഷങ്ങളുടെ ശിഖിരങ്ങൾ യഥാസമയം വെട്ടിമാററണം. പഴകിയതും ഗതാഗതത്തിന് തടസ്സമായിട്ടുള്ള പോസ്ററുകളും അടിയന്തരമായി മാറേറണ്ടതാണ്.

വൈദ്യുതി വിതരണത്തിലെ അപാകതകൾ പരിഹരിച്ച് വോൾട്ടേജ്ക്ഷാമം ഇല്ലാതാക്കുവാൻ ആവശ്യമായ ഇടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. പൊതുസ്ഥാപനങ്ങൾക്ക് യഥാസമയം വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതാണ്.

# ഗതാഗതം

കോലഴി ഗ്രാമപഞ്ചായത്ത് റോഡ് വികസനത്തിൻെറ കാര്യത്തിൽ സമാന്യം മെച്ചപ്പെട്ടനിലയിലാണ്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 102.58 കി.മീററാണ്. ഇതിൽ 38 കി.മീററർ ടാർചെയ്തിട്ടുണ്ട്.

P.W.D റോഡുകളുടെ നീളം 16 കി.മീററാണ്. ഉപാധിര ഹിതഫണ്ട് ജെ.ആർ.വൈ. എന്നീ പദ്ധതികളുടെ പ്രവർത്തനഫലമായി കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് പഞ്ചായത്ത് റൊഡുകളുടെ നീളം ഗണ്യമായി വർദ്ധി ച്ചിട്ടുണ്ട്.

ഇവിടത്തെ റോഡ് ശൃഖംല മെച്ചപെട്ടതാണെ ങ്കിലും റോഡിൻെറ സ്ഥിതിമോശമാണ് മിക്കവാറും റോഡുകൾക്ക് ഓവുചാലുകളില്ല. കൾവർട്ടുകളുമില്ല സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഞ്ചായത്തിന് റോഡുകളുടെ അററകുററപണികൾ യഥാസമയം നട ത്താൻ സാധിക്കാത്ത അവസ്ഥയാണ്. ഓവുചാലുക ളും കൾവർട്ടുകളും ഇല്ലാത്തതിനാൽ മഴക്കാലത്ത് മണ്ണ് വീണ് റോഡുകളുടെ സഞ്ചാരം ദുഷ്കരമായിത്തീരു ന്നു. റോഡുകളിലെ അനധികൃതകയ്യേററങ്ങൾ റോഡു കളുടെ വീതി കൂട്ടുന്നതിനുള്ള ശ്രമങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. റോഡുപണികളിലെ ഗുണവാരമില്ലാ യ്മ റോഡുകളുടെ ശോചനീശായവസ്ഥയ്ക്ക് ആക്കം കൂട്ടുന്നു. ഉൾപ്രദേശങ്ങളിലെ റോഡുകളുലെ വികസ നത്തിന് ഇനിയും അനേകം സാധ്യതകൾ ഉള്ളതി നാൽ അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധനല്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. കാർഷിക മേഖലക ളുടെ വികസനത്തിന് പുതിയതായി ഫാംറോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. കുററൂർ പൂങ്കുന്നം പുതിയ റോഡിൻെറ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടു ത്തി പണിപൂർത്തതത്തീകരിച്ചാൽ കൊട്ടേക്കാട് കുററൂർ നിവാസികൾക്ക് തൃശ്ശൂർ പട്ടണവുമായി വേഗത്തിൽ ബന്ധപ്പെടുന്നതിന് കഴിയുന്നതാണ് കഴിക്കൻ മേഖല യിൽ വിൽവട്ടം പഞ്ചായത്തിൻെറ കിഴകക്കുഭാഗത്തുള്ള രാമവർമ്മപുരം റോഡ്, കോലഴി അത്തേക്കാട് സേവാ സദനം സെൻററുമായി ബന്ധപ്പെടുത്തിയാൽ തൃശ്ശൂർ ഷൊർണൂർ റോഡിന് പാരലായി ഒരു റോഡ് സംവി ധാനം ഉണ്ടാകുന്നതാണ്. ഈ റോഡ് വിൽവട്ടം, കോലഴി, കിള്ളന്നൂർ ഗ്രാമപഞ്ചായത്തുകളിലെ പ്രദേ ശനിവാസികൾക്ക് വളരെ ഗുണകരമായിരിക്കും.

## *ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ.*

☛ പഞ്ചായത്തിലെ പ്രധാന മൺറോഡുകൾ ടാറിങ്ങ് നടത്തുക, പൊളിഞ്ഞുകേടായ ടാറിട്ടറോഡു കൾ റിപ്പയർ ചെയ്യുക. റോഡുകളിലെ അനധികൃത കയ്യേററങ്ങൾ അവസാനിപ്പിക്കുക

☛ റോഡുകളുടെ ഇരുവശത്തും കാനകളും ആവ ശ്യമായിടത്ത് കൾവർട്ടറുകളും നിർമ്മിക്കുക.

☛ മുടങ്ങിക്കിടക്കുന്ന റൂട്ടുകളിലെ ബസ്ഗതാ ഗതം പുനസ്ഥാപിക്കുകയും പുതിയറൂട്ടുകളിൽ ബസ്ഗ താഗതം ആരംഭിക്കുകയും ചെയ്യുക

☛ ടെമ്പോ, ടാക്സി, ലോറി ഓട്ടോറിക്ഷ പാർക്കിങ്ങ് സൗകര്യം വികസിപ്പിക്കുക

☛ ജനപങ്കാളിത്തത്തോടെയുള്ള റോഡ്പണി കൾക്ക് പ്രാധാന്യം നൽകുക.

☛ റോഡ്പണിയുടെ ഗുണനിലവാരം മെച്ചപ്പെ ടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ഗ്രാമീ ണരെ ഇക്കാര്യത്തിൽ ഉൽബുദ്ധരാക്കുകയും ചെയ്യുക.

## *സാധ്യതകൾ*

ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് ഒന്നില ധികം വാർഡുകൾക്ക് പ്രയോജനകരമായ റോഡു കൾ പണിയുന്നതിൽ മുൻഗണനനല്കണം. കൂടുതൽ യാത്രക്കാർ സഞ്ചരിക്കുന്നതും മററുപഞ്ചായത്ത് മേഖ ലയിലേക്ക് പോകുന്നതുമായ റോഡുകൾ യഥാസ മയം നന്നാക്കുകയും ആവശ്യമായസ്ഥലങ്ങളിൽ വീതി കൂട്ടേണ്ടതുമാണ് ബസ്സ്സൗകര്യം ആവശ്യമായ മേഖ ലകളിൽ ബസ്സ്സൗകര്യം ഏർപ്പെടുത്തണം പഞ്ചായത്ത് റോഡുകളിൽ നിലവിലുള്ള കയ്യേററങ്ങൾ ഒഴിവാക്കി ന്നതിന് റോഡിൻെറ അളവ് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിക്കണം. പൈപ്പ്ലൈൻ കണക്ഷനുവേണ്ടി റോഡുകൾ കുറുകെ വെട്ടിപ്പൊളിക്കുമ്പോൾ അടിയ ന്തിരമായി ആഭാഗത്ത് റിപ്പയർ നടത്തണം വാഹന ങ്ങളുടെ അമിതവേഗത നിയന്ത്രിക്കണം. പഞ്ചായത്തു റോഡുകളിലെ കനാൽ യഥാസമയം വൃത്തിയാക്കി റോഡ്സംരക്ഷിക്കണം ചപ്പുചവറുകളും മാലിന്യങ്ങളും പഞ്ചായത്തുറോഡുകളിൽ നിക്ഷേപിക്കുന്നവർക്കെതിരെ നടപടിയെടുക്കണം.

# വാർത്താവിനിമയം

ആദ്യകാലങ്ങളിൽ വാർത്താവിനിമയം "അഞ്ച ലോട്ടം" വഴിയായിരുന്നു. അഞ്ചലോട്ടക്കാരുടെ വരവ് വളരെ കൗതുകമുള്ളതായിരുന്നുവെന്ന് പഴയ കാര ണവന്മാർ പറയുന്നു. ഒരുകയ്യിൽ ഓലക്കുടയും മറുക യ്യിൽ മണികെട്ടിയ വടിയുമായിട്ടായിരുന്നു സന്ദേശമെ ത്തിക്കുന്നതിനുവേണ്ടിയുള്ള നിറുത്താതെയുള്ള ഓട്ടം കാലക്രമേണ ആ സംവിധാനത്തിൽ മാററമുണ്ടായി അഞ്ചലാഫീസുകൾ പോസ്ററ് ഓഫീസുകളായിമാറി യപ്പോൾ ഏതുഗ്രാമത്തിലും പോസ്ററ് ഓഫീസുകളും ടെലിഫോൺ സൗകര്യങ്ങളും ലഭ്യമായി. കോലഴി ഗ്രാമ പഞ്ചായത്തിലും ആ മാററം നിഴലിക്കുന്നതായി കാണാം. മുളകുന്നത്തുകാവ്പോസ്റേറാഫീസ്, കോലഴി ED പോസ്റേറാഫീസ്, പോട്ടോർ ED പോസ്റേറാഫീസ്, കുററൂർപോസ്റേറാഫീസ്, എന്നിവയിലൂടെ കോലഴി ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ തപാൽ വിതരണം സാധ്യമാകുന്നു. ടെലിഫോൺസൗകര്യം പഞ്ചായത്തിൻെറ എല്ലാമേഖലയിലും ലഭ്യമായിട്ടുണ്ട്. പുതിയതായി DTD സൗകര്യങ്ങളും നിലവിൽ വന്നും STD ബൂത്ത്, പബ്ലിക്ക്ബൂത്തുകൾ വിവിധ മേഖലക ളിൽ ഇനിയും ആവശ്യമാണ്. പഞ്ചായത്തിലെ കിഴ ക്കൻ മേഖലകളിൽ തപാൽ വിതരണം മെച്ചപ്പെടു ത്തേണ്ടതുണ്ട്. ടെലിഫോൺ സൗകര്യം എല്ലാ വാർഡി ലും എത്തുന്നതിന് നടപടിയെടുക്കേണ്ടതാണ്

പഞ്ചായത്തിലെ ഏകദേശം 1000 വർത്തമാന പത്രങ്ങൾ ചിലവാകുന്നുണ്ട്. മററു പ്രസിദ്ധീകരണങ്ങളും എല്ലായിടത്തും ലഭ്യമാണ്. T.V മാധ്യമം വന്നതോടെ പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ വില്പനയിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ ഗ്രന്ഥശാലകളിൽ നിന്നും പുസ്തകമെടുത്ത് വായിക്കുന്ന ശീലവും കുറഞ്ഞുവരികയാണ്.

## പ്രധാനപ്രശ്നങ്ങൾ

☛ തപാൽ വിതരണത്തിൽ ജനസാന്ദ്രതയനുസ്സരിച്ച് പോസ്ററുമാൻമാരുടെ സേവനമേഖല ക്രമീകരിക്കുക.

☛ തപാൽപെട്ടികൾ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുക.

☛ കോലഴി ED പോസ്റേറാഫീസ് പോസ്റേറാഫീസായി ഉയർത്തുക

☛ ടെലിഫോൺ അപേക്ഷകൾക്ക് കാലതാമസം കൂടാതെ ടെലിഫോൺ അനുവദിക്കുക

☛ ഗതാഗതത്തിന് അസൗകര്യമായി സ്ഥാപിച്ചിട്ടുള്ള ടെലിഫോൺപോസ്ററുകൾ മാററി സ്ഥാപിക്കുക.

## സാധ്യതകൾ

കോലഴി ED പോസ്റേറാഫീസിൽ സ്ററാഫിൻെറ എണ്ണം വർദ്ധിപ്പിച്ച് അത്തേക്കാട്, സേവസദനം സെൻറർ പ്രദേശത്തും ശങ്കരൻ ചിറഭാഗത്തും താപാൽവിതരണം കാര്യക്ഷമമാക്കാവുന്നതാണ്. പുത്തൻമഠംകുന്ന് അംബേദ്കർ കോളനിയിൽ ഒരു തപാൽപെട്ടിസ്ഥാപിക്കുകയും മുളംകുന്നത്തുകാവ് പോസ്റേറാഫീസിൻെറ പ്രവർത്തനമേഖല വിപുലീകരിക്കേണ്ടതുമാണ്. ടെലിഫോൺ സൗകര്യം എത്താത്തപ്രദേശങ്ങൾക്ക് മുൻഗണനനല്കി ടെലിഫോൺ അനുവദിക്കാവുന്നതാണ്. വർത്തമാനപത്രങ്ങളിൽ വാർത്തസ്വീകരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സൗകര്യമുണ്ടാകണം.



# ഭവന നിർമ്മാണം - സാമൂഹ്യക്ഷേമം

## ഭവന നിർമ്മാണം

കോലഴി ഗ്രാമപഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. പഞ്ചായത്തിൻെറ 1,2,വാർഡുകളിൽ പുതിയതായി നിർമ്മിച്ചുവരുന്ന വീടുകളിൽ ഒട്ടുമുക്കാലും മുളകുന്നത്തുകാവ് മെഡിക്കൽ കോളേജ്, അത്താണി സ്ററീൽ ഇൻഡസ്ട്രിയൽ ഏരിയയിലുള്ള ഉദ്യോഗസ്ഥന്മാർ എന്നിവരുടേതാണ്. ഈ വീടുകൾ കോലഴി ഗ്രാമപഞ്ചായത്തിൽ കൂടി പോകുന്ന ഷൊർണൂർ റൂട്ടിലാണ് സ്ഥിതി ചെയ്യുന്നത്. കഴിഞ്ഞ 5വർഷങ്ങളിലായി ശരാശരി 400കെട്ടിടങ്ങൾ പഞ്ചായത്ത് ലൈസൻസ് നല്കിയിട്ടുണ്ട്. കോലഴി ഗ്രാമപഞ്ചായത്തിലെ 60% വീടുകൾ ഓടുകൊണ്ടുമേഞ്ഞതും 30% വീടുകൾ കോൺക്രീററ് ചെയ്തതും 10%വീടുകൾ ഓലമേഞ്ഞതും കുടിലുകളുമാണ്. പഴയ വീടുകളിൽ അധികവും പച്ചഇഷ്ടികകൊണ്ട് നിർമ്മിച്ചതാണ്. എന്നാൽ പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് ഹോളോ ബ്രിക്സും ചുട്ട ഇഷ്ടികയും ഉപയോഗിച്ചു വരുന്നു. സാമാന്യം വലിയ രീതിയിലുള്ള വീടുകളും പഞ്ചായത്തിൽ ഉണ്ട്. ആകെ പഞ്ചായത്തു കണക്കനുസരിച്ച് വീടുകളുടെ എണ്ണം 7000ത്തോളം വരും. രാജീവ് ദശലക്ഷപാർപ്പിട ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വീടുകൾ നിർമ്മിക്കുന്നുണ്ട്. കൂടാതെ ദുർബല വിഭാഗങ്ങൾക്കും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുമുള്ള ഇന്ദിര ആവാസ് യോജന പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ഈ കഴിഞ്ഞ സാമ്പത്തിക വർഷം വീടുകൾ പണിയുന്നതിനുള്ള സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. സന്നദ്ധസഹായ സംഘടനകളുടെ സഹായത്താൽ കാര്യമായ പണികൾ ചെയ്തിട്ടില്ല. പാർപ്പിട പ്രശ്നത്തിൽ ഇനിയും പല സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

### ഗ്രാമസഭകളിൽനിന്നും ഉന്നയിച്ച നിർദ്ദേശങ്ങൾ.

#### പാർപ്പിടം.

1. പുറംപോക്കിൽ താമസിക്കുന്നവർക്ക് പുനരധിവാസപദ്ധതി.
2. ലക്ഷം വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി.
3. സ്വന്തമായി സ്ഥലമുള്ളതും താഴ്ന്നവരുമാനക്കാരുമായവർക്ക് വീട് വെക്കാനുള്ള വായ്പാ പദ്ധതി.
4. ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കുക.
5. ഗൃഹനിർമ്മാണ ഉപകരണങ്ങൾ കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക.
6. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.

## സാമൂഹ്യക്ഷേമം

രണ്ട് വിധത്തിലുള്ള സാമൂഹ്യക്ഷേമപദ്ധതികളാണ് പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര്യ നിർമാർജ്ജന പദ്ധതികളും വിവിധ ഭാഗങ്ങൾക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളും. 1992 ലെ IRDP സർവെ പ്രകാരം ദാരിദ്ര്യരേഖക്കുതാഴെയുള്ള കുടുബങ്ങളുടെ എണ്ണം 2348 ആണ്. പ്രതിവർഷം ശരാശരി 1196 കുടുബങ്ങൾക്കു മാത്രമാണ് IRDP പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത് അതിൽ പട്ടിക ജാതി വിഭാഗക്കാർക്ക് മുൻഗണന നല്കുകയും താഴ്ന്ന വരുമാനക്കാർക്ക് ഒരു നിശ്ചിത ശതമാനം അനുവദിച്ചുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ പഞ്ചായത്തിലുള്ള ബാങ്കുകൾ താഴ്ന്ന വരുമാനക്കാർക്ക് ധനസഹായം അനുവദിക്കുന്നില്ല 1995 ലെ കണക്കനുസരിച്ച് വിവിധ ധനസഹായങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർദ്ധക്യകാല പെൻഷൻ.
2. വികലാംഗ പെൻഷൻ.
3. വിധവ പെൻഷൻ.
4. തൊഴിലില്ലായ്മ വേതനം.
5. കർഷകതൊഴിലാളി പെൻഷൻ.

ഇനിയും ധനസഹായം ലഭിക്കാൻ അർഹതയുള്ള നല്ല ഒരു വിഭാഗം അപേക്ഷകർ പഞ്ചായത്തിലുണ്ട്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലും കർഷകതൊഴിലാളി ക്ഷേമനിധിയിലും റജിസ്ററർ ചെയ്തിട്ടുള്ളവർ പഞ്ചായത്തിൽ 5% ഉണ്ട്. സാമൂഹ്യക്ഷേമരംഗത്ത് സന്നദ്ധസംഘടനകളുടേയും പഞ്ചായത്തിൻെറയും നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നിലവിലുള്ള എല്ലാക്ഷേമപദ്ധതികളുടെയും വ്യാപ്തി വർദ്ധിപ്പിക്കേണ്ടതുണ്ട്.

### ഗ്രാമസഭകളിൽനിന്നും ഉന്നയിച്ച നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിൽ കക്കൂസില്ലാത്തവർക്കെല്ലാം കക്കൂസുനിർമ്മിക്കുന്നതിനുള്ള പദ്ധതി.
2. പഞ്ചായത്തുവക ടാക്സി, സൈക്കിൾ, സ്ററാൻറ് നിർമ്മിക്കുക.

3. വാർഡ്തലത്തിൽ മഹിളാസമാജങ്ങളും ബാലവാടികളും പ്രോൽസാഹിപ്പിക്കുക.

4. കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനം നൽകുക.

5. കായിക കലാമത്സരങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ഓഫീസ്സൗകര്യം ഏർപ്പെടുത്തുക.

7. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഏർപ്പെടുത്തുക.

8. വായനശാലകൾ, ക്ലബുകൾ തുടങ്ങിയ സാമൂഹ്യസാംസ്ക്കാരിക സംഘടനകൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുക.

9. സാമൂഹ്യക്ഷേമപദ്ധതി പ്രകാരമുള്ള പുതിയപെൻഷൻ പരിപാടികൾക്ക് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുക.

## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ടവീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 22 | 7 | 7 | -- | 15 |
| ii | 54 | 23 | 22 | 1 | 31 |
| III | 41 | 8 | 7 | 1 | 33 |
| IV | 39 | 2 | 1 | 1 | 37 |
| V | 42 | 5 | 5 | - | 37 |
| VI | 60 | 19 | 18 | 1 | 41 |
| VII | 53 | 10 | 10 | - | 43 |
| VIII | 38 | 2 | 2 | - | 36 |
| IX | 49 | 28 | 28 | - | 21 |
| X | 20 | 2 | 2 | - | 18 |
| | 418 | 106 | 102 | 4 | 312 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതു വരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം(92നുശേഷം) | പൂർത്തീകരിച്ച വീടുകൾ | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 40 | 20 | 20 | 20 |
| II | 73 | 6 | 6 | 67 |
| III | 70 | 2 | 2 | 68 |
| IV | 72 | 2 | 2 | 70 |
| V | 70 | 4 | 4 | 66 |
| VI | 60 | 5 | 5 | 55 |
| VII | 53 | 2 | 2 | 51 |
| VII | 45 | 11 | 11 | 34 |
| VIII | 49 | 15 | 15 | 34 |
| IX | 26 | 3 | 3 | 23 |
| | 558 | 70 | 70 | 488 |

## കോഴിക്കോട് ഗ്രാമപഞ്ചായത്ത് IRDP സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 244 | 11 | 88 | 14 | 48 | 284 |
| II | 143 | 18 | 114 | 50 | 60 | 197 |
| III | 155 | 19 | 98 | 32 | 42 | 211 |
| IV | 181 | 14 | 105 | 42 | 48 | 238 |
| V | 120 | 2 | 79 | 36 | 39 | 160 |
| VI | 404 | 46 | 152 | 67 | 90 | 342 |
| VII | 243 | 39 | 157 | 80 | 70 | 156 |
| VIII | 323 | 13 | 120 | 26 | 84 | 239 |
| IX | 333 | 35 | 183 | 92 | 72 | 261 |
| X | 307 | 13 | 100 | 24 | 47 | 260 |
| | 2453 | 210 | 1196 | 463 | 600 | 2348 |

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനവിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 4 | 5 | 6 | 7 |
| I | ടൈലറിങ്ങ്, | 8 | 3 | 5 | NILL |
| II | തുന്നൽ,<br>വയറിംഗ് | 4<br>3 | - | 4<br>3 | |
| III | ഓട്ടോഡ്രൈവിങ്ങ് | 2 | - | 2 | |
| IV | കുടനിർമ്മാണം | 8 | - | 8 | |
| V | പമ്പ്സെററ് റിപ്പയറിംഗ്<br>ഡയമണ്ട്കട്ടിങ്ങ് &<br>പോളീഷിങ്ങ്, ഹാൻറിക്രാഫ്ററ്<br>ഓട്ടോഡ്രൈവിങ്ങ് | 2<br>4<br>2<br>1 | -<br>3<br>1<br>- | 2<br>1<br>1<br>1 | |
| VI | ടൈലറിങ്ങ്,<br>പ്ലംബർ | 1<br>1 | 1<br>1 | 1<br>1 | |
| VII | ഓട്ടോഡ്രൈവിങ്ങ്<br>മിഠായിനിർമ്മാണം | 1<br>2 | 1<br>2 | -<br>- | |
| VIII | മിഠായിനിർമ്മാണം | 8 | 8 | - | |
| IX | മസ്ലിൻ സ്പ്പിന്നിങ്ങ്<br>T.V. VCR റിപ്പയറിങ്ങ്<br>ഓട്ടോഡ്രൈവിങ്ങ് | 2<br>1<br>1 | 2<br>1<br>1 | -<br>-<br>- | |
| ആകെ | | 51 | 24 | 27 | |

## സാമൂഹ്യ വനവത്ക്കരണ പരിപാടിയിലൂടെ ഉല്പാദിപ്പിച്ച തൈകളുടെ വിവരം 1992

| ഉല്പാദിപ്പിച്ച തൈയുടെ ഇനം | ആകെ ഉല്പാദിപ്പിച്ച തൈകളുടെ എണ്ണം | വിതരണം നടത്തിയതിന്റെ എണ്ണം |
|---|---|---|
| സുബാബുൾ | 900 | 900 |
| നാട്ടുമാവ് | 200 | 200 |
| പ്ലാവ് | 250 | 250 |
| പേര | 200 | 200 |
| ആത്ത | 170 | 170 |
| സീതപ്പഴം | 150 | 150 |
| മട്ടി | 125 | 125 |
| അശോകം | 275 | 275 |
| ബദാം | 180 | 180 |
| മല്ലി | 250 | 250 |
| ഞാവൽ | 600 | 600 |
| ആര്യവേപ്പ് | 425 | 425 |
| കറിവേപ്പ് | 50 | 50 |
| പൂമരം | 200 | 200 |
| ശീമപ്ലുള | 300 | 300 |
| കണിക്കൊന്ന | 150 | 150 |
| കുടമ്പുളി | 100 | 100 |
| കശുമാവ് | 350 | 350 |
| പുളി | 450 | 450 |
| ഉങ്ങ് | 550 | 550 |
| മദിരാശി | 250 | 250 |
| മരോട്ടി | 20 | 20 |
| ഇലഞ്ഞി | 10 | 10 |
| നാരകം | 10 | 10 |
| കൂവളം | 25 | 25 |
| തേക്ക് | 75 | 75 |
| മരോട്ടി | 100 | 100 |
| കുടമ്പുളി | 34 | 34 |
| ജാതി | 20 | 20 |
| ഇരുമ്പമ്പുളി | 10 | 10 |
| അറണമരം | 250 | 250 |
| അരിനെല്ലി | 35 | 35 |
| പൂമരം | 50 | 50 |
| തൊണ്ടി | 56 | 56 |
| മുവാണ്ടൻമാവ് | 105 | 105 |
| കടപ്ലാവ് | 2 | 2 |
| അയിനി പ്ലാവ് | 95 | 95 |
| അശോകം | 10 | 10 |
| ചന്ദനം | 25 | 25 |
| കറുവപ്പട്ട | 25 | 25 |
| മുള്ളൻ കൈനി | 10 | 10 |
| വീട്ടി | 40 | 40 |
| കരശ് | 40 | 40 |
| മുള്ളിലം | 25 | 25 |
| ഞാവൽ | 1200 | 1200 |
| ശീമകൊന്ന | 150 | 150 |
| സാധാരണ പേര | 100 | 100 |
| കറിവേപ്പ് | 50 | 50 |
| പുളി | 250 | 250 |
| ബദാം | 200 | 200 |
| ഉങ്ങ് | 200 | 200 |
| ആത്ത | 250 | 250 |
| കശുമാവ് | 100 | 100 |
| പ്ലാവ് | 230 | 230 |
| നാട്ടുമാവ് | 105 | 105 |
| സുബാബുൾ | 250 | 250 |
| ചാമ്പ | 6 | 6 |
| | 10288 | 10288 |

# ബ്ലോക്ക് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ

## 1. ദാരിദ്രനിർമ്മാർജ്ജന പരിപാടികൾ:-

ഐ.ആർ.ഡി.പി ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ സർവ്വതോന്മുഖമായ ഉയർച്ചലക്ഷ്യം വെച്ചുകൊണ്ടുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വായ്പയും സബ്സിഡിയും നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുവാൻ സഹായിക്കുന്നതിനുള്ള പദ്ധതിയാണ് ഐ.ആർ.ഡി.പി. പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് 6000 രൂപയും ഇതരവിഭാഗങ്ങൾക്ക് 4000രൂപയും ട്രൈസം പരിശീലനം ലഭിച്ച യുവതീയുവാക്കൾക്ക് അവർ പഠിച്ച തൊഴിൽ ചെയ്യുന്നതിന് 7500രൂപയും ധനസഹായം ലഭിക്കും.

പദ്ധതിക്കുവേണ്ട സബ്സിഡിയുടെ 50% കേന്ദ്രസർക്കാരും 50% കേരള സർക്കാരും നല്കുന്നു. ആകെ അലോക്കേഷന്റെ 20% വരെ അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. വായ്പ്പകൾ നല്കുന്നതിന് ദേശവൽകൃതബാങ്കുകൾ, സഹകരണബാങ്കുകൾ, റൂറൽ ബാങ്കുകൾ,ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയാണ്. ഓരോ ഗുണഭോക്താവിനും ചുരുങ്ങിയത് 15000രൂപയെങ്കിലും സഹായം നല്കിയിരിക്കണം. ഈ പദ്ധതിയുടെ ഉപപദ്ധതിയാ കുടുംബവായ്പാപദ്ധതിയിൽ ഓരോ കുടുംബത്തിന് ചുരുങ്ങിയത് 30,000രൂപയുടെ ആസ്ഥികൾ നല്കേണ്ടതാണ്. ഈ പദ്ധതി തുടരേണ്ടത് അത്യാവശ്യമാണ്.

## 2. ട്രൈസം പരിപാടി:-

ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽപെട്ട ചെറുപ്പക്കാർക്ക് ഏതെങ്കിലും തൊഴിൽ പരിശീലനം നല്കുകയും അയാൾക്ക് തൊഴിൽ നടത്തുവാൻ സഹായധനവും വായ്പയും നല്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടിയിൽപെട്ട ആളുകൾക്ക് ഐ.ആർ.ഡി.പി. വായ്പ നല്കുമ്പോൾ പരിശീലനം കഴിഞ്ഞ അതേട്രേഡിൽ തന്നെ വായ്പയെടുത്താൽ 7500 രൂപവരെ സഹായധനം നല്കുന്നു.

## 3. ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (ഡി.ഡബ്ളിയു.സി.ആർ.ഏ)

ഐ.ആർ.ഡി.പിയുടെ ഉപപദ്ധതിയായ ഡി.ഡബ്ളിയു.സി.ആർ.ഏ ദരിദ്രകുടുംബങ്ങളിൽപെട്ട സ്ത്രീകൾക്ക് കൂട്ടായി പ്രവർത്തിക്കാനും അങ്ങിനെ രൂപീകരിക്കുന്ന ഗ്രൂപ്പിന് സ്ബ്സിഡിയും വായ്പയും നല്കി തൊഴിലിൽ ഏർപ്പെടാൻ സഹായിക്കുകയും അതുവഴി അവർക്ക് ജീവിത പുരോഗതി ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം.

10മുതൽ 15 വരെയുള്ള പാവപ്പെട്ട സ്ത്രീകളുടെ ഗ്രൂപ്പുകളാണ് ആരംഭിക്കേണ്ടത്. സബ്സിഡിയ്ക്കും വായ്പക്കും പുറമെ ഓരോ യൂണിററിനും 25000 രൂപ വീതം റിവോൾവിംഗ് ഫണ്ടായി നല്കുന്നു.

## 4. ഗ്രാമീണ തൊഴിലുകാർക്കുള്ള നവീന തൊഴിലുപകരണവിതരണ പരിപാടി.

ഇത് ഒരു കേന്ദ്രാവിഷ്കൃതപദ്ധതിയാണ് പാവപ്പെട്ട കരകൗശലതൊഴിലാളികൾക്ക് പരിഷ്കൃതമായതും വിദ്യുഛക്തി ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതുമായ ഉപകരണങ്ങൾ നല്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പരമാവധി 4500രൂപയുടെ ഉപകരണങ്ങൾ ഒരാൾക്ക് നൽകാവുന്നതാണ്. ഇതിൽ 10%ഗുണഭോക്താവ് നല്കണം.

## 5. കേന്ദ്രഗ്രാമ ശുചിത്വ പരിപാടി (സി.ആർ.എസ്.പി.)

ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസംസ്ഥാനസർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പരിപാടിയാണിത്. ഗ്രാമങ്ങളിൽ ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ഈ പരിപാടി വഴി സഹായം ലഭിക്കും. ആകെ ഫണ്ടിന്റെ 20% പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാററിവയ്ക്കും. യുൻ.എൻ.സി.പി. മാതൃകയിലുള്ളവയായിരിക്കും. കക്കൂസുകൾ ഒരെണ്ണത്തിന് 2500രൂപ ചെലവു വരും. ഇതിൽ 500 രൂപ ഗുണഭോക്താവിന്റെ വിഹിതമായിരിയ്ക്കണം. 2000രൂപയിൽ പകുതി കേന്ദ്രവും പകുതി സംസ്ഥാനവും നൽകും.

ഇതുകൂടാതെ ഗ്രാമീണ തൊഴിലാളികൾക്ക് സാനിട്ടറി/കുളിമുറി സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി ബാലവാടി, അംഗനവാടി എന്നിവയ്ക്കുള്ള കക്കൂസുകളും എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്.

# തൊഴിൽദാനപരിപാടികൾ:

## 6. ജവഹർ തൊഴിൽദാനപരിപാടികൾ (JRY) (ജവഹർ റോസ്ഹാർ യോജന)

തൊഴിൽ രഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ഉദ്ദേശം അതിനുതകുന്ന അടിസ്ഥാന സൗകര്യങ്ങളും ആസ്ഥികളും മെച്ചപ്പെടുത്തുകയും തന്മൂലം ഗ്രാമീണരുടെ പൊതുജീവിതനിലവാരം ഉയർത്തുക എന്നതുമാണ്. പദ്ധതിയുടെ ചെലവ് 80:20എന്ന അനുപാദത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. പദ്ധതിക്ക് ഈ വർഷം മുതൽ ജില്ലാതലത്തിൽ കുട്ടുന്ന സംഖ്യയുടെ 20% ജില്ലാ പഞ്ചായത്തിനും 15%ബ്ലോക്കുപഞ്ചായത്തിനും 65% ഗ്രാമപഞ്ചായത്തിനും മാററിവയ്ക്കുന്നു.

## 7. മില്യൻ വെൽസ്കീം

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ദാരിദ്രരേഖയ്ക്കുതാഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾ അടിമപ്പണിയിൽ നിന്ന് മോചനം ലഭിച്ചവർ എന്നിവരാണ് പ്രധാന ലക്ഷ്യഗ്രൂപ്പ് കൂടാതെ ദാരിദ്രരേഖയ്ക്കു താഴെകഴിയുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത ചെറുകിടനാമമാത്ര കർഷകർക്ക് ഈ പദ്ധതിയിൽ സഹായത്തിനർഹതയുണ്ട്. ഗുണഭോക്താവിന് ഭക്ഷ്യവിളകളോ നാണ്യവിളകളോ പച്ചക്കറിയോ കൃഷിചെയ്യാനുള്ളഭൂമി സ്വന്തമായി ഉണ്ടായിരിക്കണം. കൃഷിക്ക് ഭൂമി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പൊതു ജലസേചനത്തിനുള്ള കിണറുകൾ ടാങ്കുകൾ, കനാലുകൾ തുടങ്ങിയവ നിർമ്മിക്കുക. പ്രകൃതിദത്തമായ ജലസേചനസ്രോതസ്സുകളും ചാനലുകളും വികസിപ്പിക്കുക, മഴവെള്ളം സംഭരിക്കുക, മണ്ണൊലിപ്പ് തടയുക, ചതുപ്പുനിലം കൃഷിയോഗ്യമാക്കുക എന്നിവയാണ് ഈപദ്ധതിയിൽ ഏറ്റെടുത്തു നടത്തേണ്ടത്.

## 8. ഇന്ദിരാ ഭവനനിർമ്മാണ പദ്ധതി (ഐ.എ.വൈ) (ഇന്ദിര ആവാസ് യോജത)

ദാരിദ്രരേഖയ്ക്കു താഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഇതരസമുദായത്തിൽപെട്ട പാവപ്പെട്ടവർക്കും സ്വന്തമായി വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ് ഇന്ദിര ആവാസ് യോജന. രണ്ട് സെൻറ് ഭൂമി സ്വന്തമായുള്ളവർക്കും സ്വന്തമായി താമസയോഗ്യരായ വീടില്ലാത്തവർക്കും മററും ഏജൻസികളിൽ നിന്ന് ഭവനനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്കും ആണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഇതരവിഭാഗത്തിൽപ്പെട്ടവർക്കുള്ള വിഹിതം മൊത്തം വീതത്തിന്റെ 40% ൽ കവിയാൻ പാടില്ല. സ്ത്രീകൾക്കാണ് ഇതിൽ സഹായം നല്കുന്നത്.

## 9. കാർഷിക വികസനത്തിന് ചെറുകിട/പരിമിത കർഷകർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിമുഖേന ധനസഹായം

കാർഷിക ഉല്പാദന വർദ്ധനവിനുവേണ്ടി ജലസേചന സൗകര്യത്തിന് ബ്ലോക്കുമുഖേന സാഹയ ധനം നല്കുന്ന പരിപാടിയാണിത്. കിണർകുഴിക്കൽ, കിണർനന്നാക്കൽ, പമ്പ്സെററ് സ്ഥാപിക്കൽ, പമ്പ്ഹൗസ്, സ്റേറാറേജ് ടാങ്ക് നിർമ്മാണം മുതലായവയ്ക്കായി ചെറുകിട/പരിമിത കർഷകരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് വായ്പയും സബ്സിഡിയും നല്കുന്നു. പ്രസ്തുതപദ്ധതിയ്ക്ക് ആവശ്യമുള്ള വായ്പാധനസഹായത്തോടുകൂടി ബാങ്കുമുഖേന കൊടുക്കുന്നു. യോഗ്യതയുള്ള കർഷകരുടെ അപേക്ഷകൾ ശുപാർശചെയ്ത് ബി.ഡി.ഒ. ബാങ്കിലേക്ക് അയ്ക്കുകയും ബാങ്ക് അവരുടെ പ്രാഥമിക അന്വേഷണത്തിനുശേഷം സബ്സിഡിയ്ക്കുവേണ്ടി ഡി.ആർ.ഡി.എയിലേക്ക് അയ്ക്കുകയും ചെയ്യുന്നു.

## 10 വനിതാ ശിശുവികസനപരിപാടികൾ (CPWPC)

ഈ പരിപാടി പ്രകാരം ശിശുപരിചരണത്തിനും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുമുള്ള ബാലവാടികൾ പോഷകാഹാരവിതരണകേന്ദ്രങ്ങൾ, സമഗ്രമാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ തുടങ്ങിയവയിലൂടെയുള്ള പോഷകാഹാരവിതരണം കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഉൾപ്പെടെ 2ലക്ഷത്തോളം പേർക്ക് കേരളത്തിൽ ഓരോവർഷവും ലഭിയ്ക്കുന്നുണ്ട്. ആഗോളഭക്ഷ്യ പരിപാടിയ്ക്ക് പകരം ഐ.സി.ഡി.എസ് ബ്ലോക്കുകൾ ഒഴികെയുള്ള കേന്ദ്രങ്ങളിൽ ഗ്രാമവികസനവകുപ്പ് സൗജന്യ ഉച്ചഭക്ഷണപരിപാടി നടപ്പിലാക്കിവരുന്നു. ഇതിനാവശ്യമായ അരിയും പയറും ബി.ഡി.ഒ.മാർ മാവേലി സ്റേറാറുകളിൽ നിന്ന് നേരിട്ട് ഭക്ഷ്യവിതരണകേന്ദ്രങ്ങളിൽ എത്തിക്കുന്നു.

സ്വന്തമായി കെട്ടിടമില്ലാത്ത ബാലവാടികൾക്കും (സി.പി.ഡബ്ലിയു.ഡി) പോഷകാഹാര വിതരണകേന്ദ്രങ്ങൾക്കും (യു.ആർ.എഫ്.സി.) കെട്ടിടം നിർമ്മിച്ചു കൊടുക്കുന്നതിനും സർക്കാർതലത്തിൽ ആവശ്യമായ ഫണ്ടുലഭ്യമല്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ ആവശ്യമായ നടപടികൾ ഈകാര്യത്തിൽ കൈകൊള്ളുന്നത് വനിതാ-ശിശു വികസനപ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കും.



# കർഷകതൊഴിലാളി പെൻഷന് അപേക്ഷിക്കുന്നത്, അനുവദിക്കുന്നത്, വിതരണം ചെയ്യുന്നതും സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ.

### *പെൻഷനുള്ള അർഹത.*

ഈ പദ്ധതിപ്രകാരം പെൻഷൻ ലഭിക്കേണ്ടയാൾ (ചട്ടം3 ) യഥാർത്ഥ കർഷകതൊഴിലാളിയും അപേക്ഷ നൽകുന്നതിന് തൊട്ടുമുമ്പ് 10 വർഷം തുടർച്ചയായി കേരള സംസ്ഥാനത്തിൽ സ്ഥിരതാമസക്കാരനുമായിരിക്കണം. ചട്ടം (4എ) അപേക്ഷകൻെറ-അപേക്ഷ കയുടെ വാർഷിക കുടുംബവരുമാനം 1500 രൂപയിൽ കൂടുവാൻ പാടില്ല (ഭാര്യയുടേയും അവിവാഹിതരായ മക്കളുടേയും വരുമാനം ഇതിൽ ഉൾപ്പെടും) ഏതെങ്കിലും, ഭൂഉടമുടമകളുടെ കീഴിൽ ചുരുങ്ങിയത് 10 വർഷം കർഷകതൊഴിലാളികളായിരിക്കണം 60 വയസ്സു പൂർത്തിയായിരിക്കണം.

ചട്ടം (6എ) പ്രകാരം യഥാർത്ഥ കർഷക തൊഴിലാളി ഫോറം 1 ൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. (ബി) വില്ലേജ് ആഫീസർ 2 മാസത്തിനകം വിശദമായ അന്വേഷണം നടത്തുകയും അതിൻമേൽ തീരുമാനം എടുക്കുകയും ചെയ്യുന്നു. അപേക്ഷകയുടെ ഒപ്പും ഒരു കോപ്പിയും മെഡിക്കൽ സർട്ടിഫിക്കററും മതിയായ റിപ്പോർട്ട് സഹിതം ജില്ലാ ലേബർ ഓഫീസിലേക്ക് അയക്കുന്നു. അപേക്ഷയിൽമേൽ തീരുമാനം എടുക്കുകയും ചെയ്യുന്നു. അപേക്ഷകയുടെ ഒരു കോപ്പിയും മെഡിക്കൽ സർട്ടിഫിക്കററും മതിയായ റിപ്പോർട്ട് സഹിതം ജില്ലാ ലേബർ ഓഫീസിലേക്ക് അയക്കുന്നു. അപേക്ഷയിൽമേൽ (സി) ഡെപ്യൂട്ടി ലേബർ ഓഫീസർ തീർപ്പ് കൽപ്പിക്കുകയും അർഹതയുള്ള കർഷകതൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുകയും ചെയ്യുന്നു. കർഷകതൊഴിലാളി സംസ്ഥാനം വിട്ടുപോകുകയോ, മററു പെൻഷൻ ഏതെങ്കിലും ലഭിക്കുകയോ ആണെങ്കിൽ കിട്ടിക്കൊണ്ടിരിക്കുന്നപെൻഷൻ റദ്ദുചെയ്യുന്നതുമാണ്.

വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തൃപ്തികരമായി തോന്നുന്നപക്ഷം ഗുണഭോക്താവിന് പെൻഷൻ അനുവദിച്ചു (ചട്ടം 6 സി) അനുസരിച്ചു ഫോറം നമ്പർ 2(എ)യിൽ അനുമതി പത്രം അയച്ചുകൊടുക്കാവുന്നതാണ്. അല്ലാത്ത അപേക്ഷകൾ വീണ്ടും വിചരണ നടത്തി അർഹതയുള്ളവ അനുവദിക്കുകയും അല്ലാത്തവ തള്ളിക്കളയാവുന്നതുമാണ്. തള്ളിക്കളയുന്ന അപേക്ഷയിൽമേൽ അപേക്ഷകന് ചട്ടം 10 (എ) പ്രകാരം 60 ദിവസത്തിനുള്ളിൽ റവന്യു ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകാവുന്നതും അദ്ദേഹം അവസാന തീരുമാനം എടുക്കുന്നതുമാണ്.

ചട്ടം 11 പ്രകാരം പെൻഷൻ ലഭിക്കുന്ന കർഷക തൊഴിലാളി മരിക്കുകയാണെങ്കിൽ ആ വിവരം ബന്ധപ്പെട്ട വില്ലേജ് ആഫീസർ ഡെപ്യൂട്ടി ലേബർ ആഫീസറെ രേഖാമൂലം അറിയിക്കേണ്ടതും ഉടനെ പെൻഷൻ രദ്ദ്ചെയ്ത് ഈ വിവരം ബന്ധപ്പെട്ട രജിസ്ററററിൽ രേഖപ്പെടുത്തുന്നതുമാണ്. (Form No.IV)

ചട്ടം 13 പ്രകാരം പെൻഷൻ കർഷകതൊഴിലാളി സംസ്ഥാനത്തിന് പുറത്ത് 6 മസത്തിൽ കൂടുതൽ താമസിക്കുന്ന പക്ഷം കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻ നിർത്തിവെക്കേണ്ടതാണ്.

5 (ഡി) പ്രകാരം വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഡെപ്യൂട്ടി ലേബർ ഓഫീസർ സൂക്ഷിക്കുന്ന ഫോം 3 രജിസ്റററിൽ (അംഗീകരിച്ചവയും തള്ളിക്കളഞ്ഞവയും) ചേർത്തേണ്ടതാണ്.

അപേക്ഷകൻെറ വയസ്സ് (5സി) അപേക്ഷകൻെറ വയസ്സ് തെളിയിക്കുന്നതിന് സ്ക്കൂൾ സർട്ടിഫിക്കറേറാ, ജനനമരണ രജിസ്ട്രാറുടെ സർട്ടിഫിക്കറേറാ, പള്ളിറിക്കാർഡോ ലഭിക്കാത്ത പക്ഷം അസിസ്ററൻറ് സർജനിൽ കുറയാത്ത ഒരു സർക്കാർ മെഡിക്കൽ ഓഫീസറുടെ വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ് ഹാജരാക്കേണ്ടതാണ്.

കർഷകതൊഴിലാളി പെൻഷൻ വിതരണം ചെയ്യേണ്ടതിൻെറ പൂർണ്ണ ഉത്തരവാദിത്വം ഡെപ്യൂട്ടി ലേബർ ഓഫീസർ നിക്ഷിപ്തമായിരിക്കുന്നു. വില്ലേജ് അടിസ്ഥാനത്തിലുള്ള ലിസ്ററ് പ്രകാരം ആവശ്യമായ ഫണ്ട് ലേബർ കമ്മീഷണറോട് ആവശ്യപ്പെടാവുന്നതുമാണ്.

# സംസ്ക്കാരം

വിദ്യാഭ്യാസരംഗത്തുണ്ടായ വളർച്ച കോലഴി ഗ്രാമ പഞ്ചായത്തിൽ സാസ്കാരികരംഗങ്ങളിലും പ്രതിഫലിക്കുകയുണ്ടായി. സാംസ്കാരിക വളർച്ചക്ക് സഹായകരമായി പ്രവർത്തിച്ച ഘടകങ്ങൾ ഈ പ്രദേശത്ത് ആരംഭിച്ചിട്ടുള്ള വായനശാലകളും, ക്ലബ്ബുകളുമാണ്. കായിക കലാരംഗങ്ങളിൽ സജീവമായി പങ്കെടുക്കാൻ താല്പര്യമുള്ളവരെ വാർത്തെടുക്കുന്നതിൽ ഈക്ലബ്ബുകളിലെ പ്രവർത്തനം മുഖേന സാധിച്ചു. വിദ്യാലയങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. പഞ്ചായത്തിൽ 7 വായനശാലകളും 40ൽ പരം റിക്രിയേഷൻ ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു. മുൻ കാലങ്ങളെ അപേക്ഷിച്ച് T.V. മാദ്ധ്യമങ്ങളുടെ അതിപ്രസരം മൂലം കലാകായിക മത്സരങ്ങളും കുറഞ്ഞ് വരികയാണ്. പഞ്ചായത്ത് വർഷം തോറും നടത്തുന്ന കലാ കായിക മത്സരങ്ങളിൽ എല്ലാ ക്ലബ്ബുകളിൽ നിന്നും നിരവധിപേർ പങ്കെടുക്കാറുണ്ട്. ബ്ലോക്ക്തല മത്സരങ്ങളിലും ജില്ലാതല മത്സരങ്ങളിലും പങ്കെടുക്കാൻ പലർക്കും അവസരം ലഭിച്ചിട്ടുണ്ട്. സാസ്കാരിക ഘോഷയാത്രകളും കലാ കായിക മത്സരങ്ങളും വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. പഞ്ചായത്ത് ലൈബ്രറിയിൽ നല്ലൊരു പുസ്തക ശേഖരമുണ്ട്. ഗ്രന്ഥശാലകൾക്ക് ലഭ്യമാക്കുന്ന ഗ്രാൻറുകൾ പരിമിതമാണ്. ആയതിനാൽ വായനശാലകളുടെ പ്രവർത്തനം മന്ദീഭവിക്കുകയാണ്. സാസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൻെറ പാരമ്പര്യം നിലനിർത്തുന്ന സമുദായിക സൗഹാർദ്ദം കോലഴി ഗ്രാമ പഞ്ചായത്തിൽ കാണാം.

തിരൂർപള്ളി പെരുന്നാളിലും കൊട്ടേക്കാട് പള്ളി പെരുന്നാളിലും അതുപോലെതന്നെ വടകുറുമ്പ ക്ഷേത്രത്തിലെ പൂരമഹോത്സവങ്ങൾക്കും കുററൂർ നെതലക്കാവ് കാവടിയാഘോഷങ്ങൾക്കും ജാതിമത വ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ പങ്കെടുക്കുന്നു.

നാടൻ കലാരൂപങ്ങളായ മൂക്കാൻ ചാത്തൻ, കുമ്മാട്ടിക്കളി, കാളകളി, തിരുവാതിരകളി, കിണ്ണംകളി, കൈകൊട്ടിക്കളി, എന്നീ കളികളും - നാടൻപാട്ട്, ഉടുക്കുപാട്ട്, അയ്യപ്പൻപ്പാട്ട് തുടങ്ങിയ പാട്ടുകളും ഈഗ്രാമത്തിൽ നിലനില്ക്കുന്നു. ഓണാഘോഷ വേളയിൽ വിവിധ കലാരൂപങ്ങളുടെ ഘോഷയാത്രയും സംഘടിപ്പിക്കാറുണ്ട്.

'മലയാള മനോരമ', 'മാതൃഭൂമി', 'വീക്ഷണം', 'ദേശാഭിമാനി', 'എക്സപ്രസ്സ്', 'രാഷ്ട്രദീപിക' തുടങ്ങിയ മലയാള പത്രങ്ങളും 'ഇന്ത്യൻ എക്സ്പ്രസ്സ്' 'ഹിന്ദു' തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും കോലഴിയിൽ പ്രചാരത്തിലുണ്ട്

കായിരംഗത്ത് ഫുട്ബോൾ, ക്രിക്കററ്, ഷട്ടിൽ, പഞ്ചഗുസ്തി, ചെസ്, കാരംസ്, വടംവലി മത്സരം എന്നീ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പഞ്ചായത്ത്വക കളിസ്ഥലം ആട്ടോരിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കുററൂർ, തിരൂർ പ്രദേശങ്ങളിലെ സ്ക്കൂൾ ഗ്രൗണ്ടുകൾ ലഭ്യമാണ്.

## പ്രശ്നങ്ങളും സാദ്ധ്യതകളും.

- പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും ക്ലബ്ബുകൾക്കും സാസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കണം.
- സാമൂഹ്യ സംഘടനകൾക്ക് അംഗീകാരം നല്കി. പഞ്ചായത്ത് തലത്തിൽ വികസന പ്രവർത്തനങ്ങൾക്ക് സഹകരിപ്പിക്കണം.
- പഞ്ചായത്ത് വക സാംസ്കാരിക നിലയം പണിയണം.
- പഞ്ചായത്ത് വക T.V, റേഡിയോ മാദ്ധ്യമങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിക്കണം.
- പഞ്ചായത്തുകളിലെ ക്ലബ്ബുകളെ സംഘടിപ്പിച്ച് ഒരു സ്പോർട്ട്സ് കൗൺസിൽ ആരംഭിക്കണം.
- അവധികാലങ്ങളിൽ വിദ്യാർത്ഥികൾക്ക് കായിക-കലാമത്സരങ്ങളിൽ പരിശീലനം നല്കണം.
- നല്ല കലാകാരന്മാർക്കും, കായിക മത്സര വിജയികൾക്കും സാമൂഹ്യപ്രവർത്തകർക്കും പഞ്ചായത്ത് അവാർഡുകൾ നല്കി ആദരിക്കണം

# വനിത

കോലഴി ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം 11574 ആണ്. പുരുഷന്മാരുടെ എണ്ണം 10943 മാത്രമാണ്. വനിതാ റിസർവേഷനിലുള്ള ഈ പഞ്ചായത്തിൽ ഇതിന് മുൻപ് 5 വനിതകൾ പഞ്ചായത്ത് മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത്‌രാജ് സംവിധാനപ്രകാരം വനിതകൾക്ക് 33% റിസർവേഷൻ നല്കിയിരിക്കുന്ന ഈ സാഹചര്യത്തിൽ കോലഴി ഗ്രാമപഞ്ചായത്തിൻെറ പ്രസിഡണ്ട് പദം വനിതക്കു തന്നെ ലഭിച്ചതിൽ കോലഴിയിലെ വനിതകൾക്ക് അഭിമാനിക്കാം. പ്രസിഡണ്ട് അടക്കം നാലു വനിതകൾ പഞ്ചായത്തിൽ തെരഞ്ഞെടുക്കപെട്ടിട്ടുണ്ട്

വീട്ടുജോലിയിലും സ്വന്തം കുടുംബകാര്യങ്ങളിലുമായി ഒതുങ്ങിക്കഴിയുന്ന സ്ത്രീകൾ സമൂഹത്തിൻെറ വിവിധ മേഖലകളിൽ സേവനം അനുഷ്ഠിക്കാൻ തയ്യാറായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇപ്പോൾ കാണുന്നത് കോലഴി ഗ്രാമ പഞ്ചായത്തിൽ ഹെവി ലൈസൻസ് എടുത്ത കേരളത്തിലെ ഏക വനിതയും അതുപോലെ വനിതാപോലീസുകാരായ മൂന്നുപേരുമുണ്ട്. ദേശീയ സമ്പാദ്യപദ്ധതിയുടെ കീഴിൽ 10 MPK By Agent മാർ സേവനമനുഷ്ഠിച്ചുവരുന്നു. വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ചു കുറവാണ്. വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ എണ്ണം 9373 ആണ്. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കർഷകർ | 130 |
| കർഷകതൊഴിലാളികൾ | 1050 |
| മൃഗസംരക്ഷണം | 215 |
| കുടിൽവ്യവസായം | 75 |
| മററുവ്യവസായങ്ങൾ | 8 |
| കെട്ടിടനിർമ്മാണം | 400 |
| വ്യാപാരം | 27 |
| ഗവ:സർവ്വീസ് | 150 |

പൊതു പ്രവർത്തനങ്ങളിലും സാമൂഹ്യരംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഈ പഞ്ചായത്തിൽ കൃഷിവകുപ്പിൻെറ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു വനിതാ യൂണിററും, ഒരു DWCRA യൂണിററും ഉണ്ട്. 6 മഹിളാ സമാജങ്ങളും 4 ബാലവാടികളും പ്രവർത്തിച്ചുവരുന്നു. തൊഴിൽരഹിതരായ വനിതകളുടെ എണ്ണം വളരെ കൂടുതലാണ്. പഞ്ചായത്തിൽ വനിതാ തൊഴിൽ പരിശീലനയൂണിററുകൾ വളരെ കുറവാണ്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിനും കുടനിർമ്മാണത്തിനും, ചിപ്സ് ബേക്കറി ഉല്പന്നങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനും വില്പന നടത്തുന്നതിനും പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട്. കാർഷികപ്രാധാന്യമുള്ള കോലഴി ഗ്രാമപഞ്ചായത്തിൽ കൃഷി അനുബന്ധമായ വ്യവസായങ്ങൾ വനിതകളെ ഉൾക്കൊള്ളിച്ചുക്കൊണ്ട് സഹകരണമേഖലയിൽ തുടങ്ങാവുന്നതാണ്. നെല്ല്, തേങ്ങ സംഭരണസംസ്ക്കരണകേന്ദ്രങ്ങൾ തുടങ്ങുകയാണെങ്കിൽ വനിതകൾക്ക് തൊഴിൽ ലഭ്യതയുണ്ടാകുന്നതാണ്. കോഴിവളർത്തൽ, ആടുവളർത്തൽ, തേനീച്ചവളർത്തൽ എന്നിവ വീട്ടമ്മമാർക്ക് ചെയ്യാൻ കഴിയുന്നതും പച്ചക്കറിതോട്ടനിർമ്മാണം, ഓർക്കിഡ് പൂക്കളുടെ സംരക്ഷണം എന്നീകാര്യങ്ങളിൽ വനിതകളെ സംഘടിപ്പിച്ച് സെമിനാറുകൾ നടത്തുകയും താല്പര്യമുള്ളവർക്ക് സഹകരണസ്ഥാപനങ്ങൾവഴി സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയുംവേണം. സർക്കാർ ചാരായനിരോധനം നടപ്പിലാക്കിയതുവഴി വീട്ടമ്മമാർക്ക് വളരെയധികം സമാധാനവും ശാന്തിയും ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മദ്യഷാപ്പുകൾ നിർത്തലാക്കി കുടുംബങ്ങളുടെ സാമ്പത്തികമായ തകർച്ചയും വീട്ടമ്മമാരുടെ മാനസികതകർച്ചയും ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## ഗ്രാമസഭയിൽ ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾ.

- തൊഴിൽ പരിശീലനം ലഭ്യമാക്കണം
- വനിതാസഹകരണസംഘങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
- വനിതാബോധവൽക്കരണക്യാമ്പുകൾ നടത്തുക.
- വിവിധ മേഖലകളിൽ വനിതാവ്യവസായ യൂണിററുകൾ ആരംഭിക്കുക.
- വാർദ്ധക്യകാല പെൻഷൻ, തുടങ്ങിയ പെൻഷൻപദ്ധതികൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ ലഘൂകരിക്കുക.
- സ്ത്രീകൾക്കും കുട്ടികൾക്കും വൈദ്യസഹായം കാര്യക്ഷമമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.
- എല്ലാ വാർഡിലും മഹിളാസമാജങ്ങളും ബാലവാടികളും ആരംഭിക്കണം
- പരസ്യങ്ങളിൽ സ്ത്രീകളെ അപമാനിക്കുന്ന രംഗങ്ങൾ ഒഴിവാക്കുന്നതിനും അർദ്ധനഗ്നചിത്രങ്ങൾ ഒഴിവാക്കുന്നതിനും നടപടിയെടുക്കുക.
- മദ്യനിരോധനം സംപൂർണ്ണമാക്കുക. കള്ളുഷാപ്പുകൾ ജനനിബിഡമായസ്ഥലങ്ങളിൽ നിന്നുമാററുക.
- പഞ്ചായത്ത് ഓഫീസുകളിൽ മാസത്തിലൊരിക്കൽ വനിതാ പോലീസ് സൗകര്യം ലഭ്യമാക്കി വനിതകൾക്ക് പരാതി നല്കുന്നതിന് നടപടി സ്വീകരിക്കുക.
- DWCRA യൂണിററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിദഗ്ദ്ധഉപദേശങ്ങൾ ലഭ്യമാക്കുക.
- തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുക.
- പുരുഷമേധാവിത്വത്തിൽ നിന്ന് സ്ത്രീകൾക്ക് മോചനം ലഭിക്കുവാൻ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക
- സ്ത്രീധനത്തിനെതിരെയും, സ്ത്രീ മർദ്ദനത്തിനെതിരെയും നടപടികൾ സ്വീകരിക്കുക.

# സഹകരണ മേഖല

കോലഴി ഗ്രാമപഞ്ചായത്തിൽ നിരവധി സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും, പല സംഘങ്ങളും പ്രവർത്തനരഹിതങ്ങളാണ്. സമത്വാധിഷ്ഠിതമായി അംഗങ്ങളുടെ സാമ്പത്തികവും, സാമൂഹികവുമായ പുരോഗതിയെ ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ ലക്ഷ്യം അതിലെ അംഗങ്ങളുടെ ഭൗതികവും സേവനപരവുമായ കാര്യങ്ങൾ കുറഞ്ഞ ചിലവിൽ എത്തിച്ചുകൊടുക്കുകയാണ്. സേവന താല്പര്യം മുന്നിൽ കണ്ടുപ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ വിജയിക്കണമെങ്കിൽ അതിന്റെ ഭരണസമിതി കാര്യക്ഷമമായെങ്കിലെ പററൂ. ആശയത്തിലും തത്വത്തിലും വിത്യാസമുണ്ടെങ്കിലും സഹകരണ സ്ഥാപനങ്ങൾ വ്യാപാരസ്ഥാപനങ്ങളാവുകയാണ്. സഹകരണപ്രസ്ഥാനം പഞ്ചവത്സരപദ്ധതികളുടെ നടത്തിപ്പിന് വളരെയധികം പ്രാധാന്യമാർന്ന മേഖലയാണ്. ഗ്രാമീണജനതയുടെ ആവശ്യങ്ങൾക്കും, കാർഷിക മേഖലയുടെ ഉണർവിനും സഹകരണമേഖലയ്ക്ക് പലതും ചെയ്യുവാൻ സാധിക്കും.

കോലഴി ഗ്രാമപഞ്ചായത്തിൽ 1957- ൽ സ്ഥാപിതമായ തിരൂർ സർവ്വീസ് സഹകരണസംഘം അതിന്റെ ആദ്യകാല പ്രവർത്തനങ്ങളുടെ ഫലമായി നിരവധി നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. 1975- ൽ സർവ്വീസ് സഹകരണബാങ്ക് എന്നനിലയിൽ വിവിധ പ്രദേശങ്ങളിൽ ശാഖകളോടുകൂടിയ സ്ഥാപനമായി മാറി. കോലഴി സർവ്വീസ് സഹകരണ ബാങ്കും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ക്ഷീരവ്യവസാസ സഹകരണസംഘങ്ങളായ തിരൂർ ക്ഷീരവ്യവസായ സഹകരണസംഘവും കൊട്ടേക്കാട് ക്ഷീരവ്യവസായ സഹകരണസംഘവും പ്രവർത്തിച്ചുവരുന്നു. വ്യവസായികമേഖലയിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം വളരെ കുറവാണ്.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. സഹകരണ സംഘങ്ങളിൽ അർഹതപ്പെട്ടവർക്ക് മാത്രം അംഗത്വം നല്കുക.
2. കാർഷിക മേഖലയിലെ ഉത്പന്നങ്ങൾ വിററഴിക്കുന്നതിന് മാർക്കററിങ്ങ് സഹകരണസംഘങ്ങൾ ആരംഭിക്കുക.
3. കാർഷികവായ്പകളും കാർഷിക ഉപകരണങ്ങളും സഹകരണസംഘങ്ങൾ വഴി ലഭ്യമാക്കുക.
4. വളം ഡിപ്പോകൾ മേഖല അടിസ്ഥാനത്തിൽ തുടങ്ങുക.
5. കൊപ്ര സംഭരണം സഹകരണസംഘങ്ങൾ മുഖേന നടത്തുക.
6. കാർഷികമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മുൻഗണന നൽകി സംഘങ്ങളിൽ അംഗത്വം നല്കുക.
7. വനിതാ സഹകരണസംഘങ്ങൾ, ചെറുകിട സഹകരണസംഘങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ കൺസ്യൂമർ സ്റേറാറുകൾ മുഖേന വിപണനം നടത്തുക.
8. ക്ഷീര വ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനമേഖല വിപുലീകരിക്കുക.

## സാധ്യതകൾ

സഹകരണസംഘങ്ങൾ നടത്തുന്ന കൺസ്യൂമർ സ്റേറാറുകൾ പരിഷ്കരിക്കുകയും സൂപ്പർ മാർക്കററ് സംവിധാനം ഏർപ്പെടുത്തുകയുമാണെങ്കിൽ തിരൂർ കൊട്ടേക്കാട് പ്രദേശത്ത് വിജയകരമായി പ്രവർത്തിക്കുവാൻ സാധിക്കും. കൂടാതെ കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുകയും വിപണനസ്ററാളുകൾ നടത്തുകയും ചെയ്യുകവഴി കർഷകർക്ക് പ്രയോജനകരവും പച്ചക്കറി വിലനിലവാരം പിടിച്ചുനിർത്തുവാനും സാധിക്കും ഓണാഘോഷത്തിനുള്ള പച്ചക്കറി വില്പ്പനകേന്ദ്രം എന്ന ആശയത്തിന് പകരം സ്ഥിരം സംവിധാനങ്ങൾ സഹകരണസംഘങ്ങൾ വഴി നടത്താം. വികസനപ്രവർത്തനങ്ങൾക്ക് സംഘങ്ങൾ നേതൃത്വം നൽകുകയും, നിർമ്മാണ പ്രവർത്തനങ്ങൾ ഏറെറടുത്തുനടത്തവാൻ തയ്യാറാകുകയുംവേണം. ആയതുവഴി യഥാസമയം വികസന പ്രവർത്തനം നടപ്പിലാക്കുന്നതിനും സംഘങ്ങൾക്ക് സാമ്പത്തിക ഭദ്രതയുണ്ടാവുന്നതിനും സാധിക്കും.

# സഹകരണം സംബന്ധിച്ച വിവരങ്ങൾ

| | | | |
|---|---|---|---|
| I) | 1. സ്ഥാപനത്തിൻെറ പേര് | : | തിരൂർ സർവ്വീസ് സഹകരണബാങ്ക് |
| | 2. പ്രവർത്തനപരിധി | : | കിള്ളന്നൂർപഞ്ചായത്തിലെ തിരൂർ, മുളകുന്നത്തുകാവ്, ഗ്രാമല,ശങ്കരൻചിറയുടെ വടക്ക് ഭാഗം, പുത്തൻമഠംകുന്ന്, വെങ്ങിണിപ്പറമ്പ്, പാത്രക്കുഴി, പൂമല, ചേററുപാറ എന്നീ ദേശങ്ങളും, കോലഴി പഞ്ചായത്തിലെ തിരൂർ, കുററൂർ വില്ലേജിലെ കൊട്ടേക്കാട്, പോട്ടോർ വില്ലേജ് ആട്ടോർ ദേശം ഉൾപ്പെടെ |
| | 3. ക്രെഡിററ്/നോൺ ക്രെഡിററ് | : | ക്രെഡിററ് |
| | 4. പ്രവർത്തനം ആരംഭിച്ച വർഷം | : | 15-9-1957 |
| | 5. ആകെ അംഗങ്ങൾ | : | 9423 |
| | 6. ഓഹരിയുടെ വില | : | Rs. 5/- |
| | 7. അംഗീകൃത ഓഹരി മൂലധനം | : | 50,00,000 |
| | 8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | : | 38,00,819 |
| | 9. സർക്കാർ ഓഹരിയുണ്ടോ? | : | ഇല്ല |
| | 10. ഉണ്ടെങ്കിൽ ലഭിച്ച തുക | : | 00.00 |
| | 11. പരമാവധി കടം എടുക്കാവുന്ന തുക | : | ബാങ്കിൻെറ സ്വന്തം മൂലധനത്തിൻെറ 30 മടങ്ങിൽ അധികരിക്കാത്ത സംഖ്യ |

## II) പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | | | |
|---|---|---|---|---|
| 1. സ്ഥിരം | : | 7,55,38,233.70/- | കോലഴി | (5,51,35,199) |
| 2. ഹ്രസസ്വകാലം | : | 1,29,10,241.00/- | കോലഴി | (92,42,685) |

## III) നല്കിയിട്ടുള്ള വായ്പകൾ

| | | | |
|---|---|---|---|
| ആകെ | : | 7,80,00,192 | (കോലഴി 4,68,80,307/-) |

a). കാർഷിക വായ്പകൾ

| ഇനം | | | തുക |
|---|---|---|---|
| 1. കൃഷിവായ്പ | : | 3,34,074/- | (കോലഴി-1,11,358/-) |
| 2. MT&DRDA | : | 2,89,288/- | (കോലഴി-96,429) |

b) മററ് വായ്പകൾ

| ഇനം | | | തുക |
|---|---|---|---|
| 1. HSL | : | 3,34,798/- | കോലഴി 2,32,00/- |
| 2. വസ്തുപണയവായ്പ | : | 3,51,65,196 | കോലഴി 1,92,01,394/- |
| 3. L.P.P | : | 13,96,225/- | കോലഴി 4,65,408/- |
| 4. ആൾജാമ്യവായ്പ | : | 39,41,610/- | കോലഴി 30,03836/- |
| 5. PRL | : | 5,44,252 | കോലഴി 4,51,895/- |
| 6. Others | : | 39,39,121/- | കോലഴി 26,59,414 |

C. പ്രത്യേക വായ്പകൾ

| ഇനം | | | തുക |
|---|---|---|---|
| 1. വാഹനവായ്പ | : | 17,30,533/- | കോലഴി 5,76,844/- |
| 2. HPL | : | 2,46,350/- | കോലഴി 82315/- |
| 3. IRDP | : | 1,52,720/- | കോലഴി 50,900/- |
| 4. സ്വർണ്ണവായ്പ | : | 2,98,75,742/- | കോലഴി 2,33,37,376/- |

## നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക ആകെ | കോലഴി |
|---|---|---|
| 1. ML (വസ്തുപ്പണയവായ്പ) | 28,19,753 | 18,79,835 |
| 2. OL (സാധാരണവായ്പ) | 10,26,071, | 6,84,048 |
| 3. കാർഷിക വായ്പ | 98,345 | 32,781 |
| 4. IRDP | 28,496 | 18,997 |
| 5. മററ് വായ്പകൾ | 2,89,645 | 1,93,096 |

## സ്ഥാപനത്തിൻെറ ചെലവുകൾ

| | |
|---|---|
| 1. Establishments charges | 24,63,4442 |
| 2. Contingenies | 4,25,888 |

## വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. വിവിധതരത്തിലുള്ള വായ്പകൾ നല്കുക.
2. നിക്ഷേപങ്ങൾ സ്വീകരിക്കുക
3. വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുക
4. കൺസ്യൂമർ സ്റേറാർ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക
5. മെമ്പർമാർക്ക് ആവശ്യമായ പൊതുകാര്യങ്ങളിൽ സഹകരിക്കുക.

| സ്ഥാപനത്തിൻെറ പേര് | അംഗങ്ങൾ | ഓഹരി മൂലധനം | ജീവനക്കാർ | ടേണോവർ | നഷ്ടം | ലാഭം | റിമാർക്സ് |
|---|---|---|---|---|---|---|---|
| തിരൂർ സർവ്വീസ് സഹകരണസംഘം | 9423 | 50,00,000 | 32 | — | — | — | |
| കോലഴി സർവ്വീസ് സഹകരണസംഘം | 4533 | 649825 | 14 | 9125107 | 1452856 | | |
| തിരൂർ ചെറുകിട വ്യാപാരി വ്യവസായി വിവിദോദ്ദേശ സഹകരണസംഘം | 214 | 79300 | 7 | 338652 | 1993 | | |
| തിരൂർ സെൻറ് തോമാസ് സ്ക്കൂൾ സഹകരണസംഘം | 70 | 2120 | — | 57306 | 3300 | | |
| കോലഴി ഗ്രൂപ്പ് സ്ക്കൂൾ സഹകരണസംഘം | 10 | 632 | — | 36669 | — | 1388 | |
| കുററൂർ ഗവ.ഹൈസ്ക്കൂൾ സഹകരണസംഘം | 31 | 2365 | — | 20095 | 2211 | | |
| കോലഴി പഞ്ചായത്ത് ബീഡി നിർമ്മാണ വനിത സഹകരണസംഘം | 25 | 80000 | 1 | 29211 | 29011 | | |
| തിരൂർ പ്രിൻറിംഗ് സഹകരണസംഘം | 160 | 2140 | 3 | 103052 | 15943 | | |
| തിരൂർ വനിതവ്യസായ സഹകരണസംഘം | 15 | 7700 | 1 | 4863 | 9641 | | |
| തിരൂർ ക്ഷീരവ്യവസായ സഹകരണസംഘം | 240 | 2752 | 3 | 709083 | 75155 | | |
| തിരൂർ പ്രിൻറിംഗ് സഹകരണസംഘം | 225 | 5220 | 3 | 6,40,000 | — | | |

# പട്ടികജാതി - വർഗ്ഗ ക്ഷേമം

കോലഴി ഗ്രാമപഞ്ചായത്ത് പട്ടികജാതി/വർഗ്ഗ വിവരണ റിപ്പോർട്ട്.

കോലഴി ഗ്രാമപഞ്ചായത്തിലെ പത്ത് വാർഡുകളിലായി ഉദ്ദേശം നാനൂററി ഇരുപത്തിയഞ്ചോളം കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇവരിൽ ഭൂരിപക്ഷവും ഇന്നും മണ്ണിലെ അദ്ധ്വാനവും മററു കൂലിവേലചെയ്തുമാണ് ജീവിച്ചുവരുന്നത്.

മേൽപ്പറഞ്ഞ പട്ടികജാതിക്കാരിൽ 75 % ത്തിനും വീട്, കക്കൂസ്സ്, കുളിമുറി, വീട് വൈദ്യുതീകരിക്കൽ എന്നിവ സർക്കാരും വിവിധ ഏജൻസികൾ വഴിയായി ലഭിച്ചുകഴിഞ്ഞു. 25 ശതമാനത്തിന് മേൽപ്പറഞ്ഞകാര്യങ്ങളിൽ ഏതെങ്കിലും ചില സൗകര്യങ്ങൾ ഇന്നും ഇല്ലാത്ത സ്ഥിതിയാണുള്ളത്. 10 സെൻറിൽ താഴെയുള്ള പലവീട്ടുക്കാർക്കും ശുദ്ധജലത്തിന് കിണർ സൗകര്യം ഇല്ലാത്തവരാണ്. അവർക്ക് കുടിനീർക്ഷാമം പരിഹരിക്കാൻ, സ്വന്തമായി കിണറുണ്ടാക്കുവാൻ സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

10 സെൻറിൽ താഴെ മാത്രം ഭൂമിയുള്ള ചില പട്ടികജാതി കുടുംബങ്ങളിൽ കുടുംബത്തെ അംഗസംഖ്യ പെരുകിയതിനാൽ മാറിത്താമസ്സിക്കുവാൻ സാമ്പത്തികഭദ്രത അനുവദിക്കാത്തതിനാൽ അത്തരക്കാരെ മാററി താമസ്സിപ്പിക്കുവാനുള്ള ഒരു പദ്ധതി ഗ്രാമപഞ്ചായത്ത് തലത്തിൽ (4 സെൻറ് ഭൂമിയും വീടും) നടപ്പിലാക്കി മേൽപ്പറഞ്ഞ ബുദ്ധിമുട്ട് ഒഴിവാക്കേണ്ടതാണ്.

പഞ്ചായത്തിലെ 425 - ഓളം വരുന്ന പട്ടികജാതി കുടുംബങ്ങളിലെ പ്രായപൂർത്തിയെത്തിയ ഏതാണ്ട് പകുതിയോളം പൗരന്മാർ നിലവിലുള്ള സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ല. അത്തരക്കാരെ നിർബന്ധപൂർവ്വം സഹകരണസംഘങ്ങളിൽ അംഗങ്ങളാക്കുവാൻ 9ാം പദ്ധതിക്കാലത്ത് നടപടി പൂർത്തീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്തെ 10ഉം അതിൽ കൂടുതലും പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശത്തേക്ക് സഞ്ചാരയോഗ്യമായ റോഡുകൾ, വഴിവിളക്കുകൾ, ശുദ്ധജലവിതരണം എന്നീ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

കഴിഞ്ഞകാലങ്ങളിലെ സാമൂഹ്യ ആചാരമനുസരിച്ച് തൊട്ടുകൂടാത്തവർ, തീണ്ടികൂടാത്തവർ, ദൃഷ്ടിയിൽ പെട്ടാൽ പാപമുള്ളവരായി ഗണിച്ചിരുന്ന പട്ടികജാതി/ വർഗ്ഗക്കാരെ കൂട്ടത്തോടെ കോളനികളാക്കി പാർപ്പിച്ചതാണ് ആധുനിക സമൂഹത്തിൽ സാമൂഹ്യ സമത്വത്തിന് വിലങ്ങ് തടിയായിത്തീർന്നത്. ആയതിനാൽ ആധുനികജീവിതത്തിൽ സാമൂഹ്യ സമത്വം കൈവരിക്കാനായി പട്ടികജാതിക്കാരെ മാത്രം കൂട്ടത്തോടെ താമസ്സിപ്പിക്കാതെ അവരെ സമൂഹത്തിൻെറ ഇടയിലേക്ക് ഒററയ്ക്കൊററയ്ക്ക് കുടിയേററി പാർപ്പിക്കാൻ ആവശ്യമായ ഒരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഒമ്പതാം പദ്ധതികാലത്ത് ആ പുനരധിവാസത്തിന് ആവശ്യമായ മുഴുവൻ ചിലവുകളും ഗവൺമേൻറ് വഹിക്കേണ്ടതാണ്.

ഗവൺമെൻറ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സർട്ടിഫിക്കററ് അതാത് പഞ്ചായത്താഫീസ്സിൽനിന്ന് ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

വ്യാജജാതി സർട്ടിഫിക്കററ് ഹാജരാക്കി പട്ടികജാതി / വർഗ്ഗക്കാരുടെ ആനുകൂല്യം തട്ടിയെടുക്കുന്നവരെ ശിക്ഷിക്കാൻ ആവശ്യമായ നിയമനിർമ്മാണ നടപടികൾ പൂർത്തീകരിച്ചുകൊണ്ട് അത്തരം അനീതികളെ അടിയന്തിരമായി തടയുക.

പട്ടികജാതി / വർഗ്ഗക്കാർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും, പട്ടികജാതി / വർഗ്ഗസംരക്ഷണ നിയമങ്ങളെക്കുറിച്ചും പട്ടികജാതി / വർഗ്ഗങ്ങൾക്കും പൗരജനങ്ങൾക്കും അറിയുന്നതിലേക്ക് ബോധവൽക്കരണ പരിപാടികൾ ശക്തമായും വ്യാപകമായും നടത്തുക.

ഭൂസമ്പത്തിൽ ഏററവും കുറവുള്ള പട്ടിക ജാതി/ വർഗ്ഗക്കാരുൾപ്പെടെ ഹിന്ദുമതത്തിലെ ഭൂരഹിതർക്ക് മരിച്ചാൽ ശവം മറവു ചെയ്യുന്നതിനോ, ദഹിപ്പിക്കുന്നതിനോ ഒരു പൊതുസ്ഥലം ഇന്നില്ല. ആയതിനാൽ 9- ാം പദ്ധതിക്കാലത്ത് പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

7-ാം പദ്ധതിക്കാലത്ത് കോളനി പരിഷ്ക്കരണ പദ്ധതി അനുസരിച്ച് കോലഴി പഞ്ചായത്തിലെ ഏക കോളനിയായ വലിയപറമ്പ് പട്ടികജാതി കോളനിയുടെ പേരിൽ അനുവദിച്ച 10 കിടക്കകളോടുകൂടിയ പ്രൈമറി ഹെൽത്ത് സെൻറർ ഇന്ന് ടി കോളനിയിൽനിന്നും ഒരു കിലോമീററർ പടിഞ്ഞാറ്ഭാഗത്ത് കുററൂരിലാണ് പ്രവർത്തിക്കുന്നത്. ആയത് കോളനിക്ക് മുമ്പിലുള്ള 75 സെൻറ് റവന്യൂ പുറമ്പോക്ക് ഭൂമിയിലേക്ക് മാററി സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഗ്രാമസഭയിൽ ഉന്നയിച്ച നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. പട്ടികജാതി വർഗ്ഗക്കാരെ കോളനികളിൽ മാത്രം താമസിപ്പിക്കുന്ന പ്രവണത മാററി സമൂഹത്തിൻെറ ഭാഗമാകത്തക്കവിധത്തിൽ മററു വിഭാഗങ്ങളോടൊപ്പം താമസിപ്പിക്കുക.

2. പട്ടികജാതി വിഭാഗക്കാർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. പട്ടികജാതി വിഭാഗക്കാരുടെ പഴയ വീടുകൾ നന്നാക്കുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കുക.

4. പഞ്ചായത്ത് വക മിച്ചഭൂമി എറെറടുത്ത് ഭൂരഹിതരായ പട്ടികജാതിവിഭാഗക്കാർക്ക് ഭൂമിയും വീടും നല്കുക.

5. പട്ടികജാതിവിഭാഗത്തിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും തൊഴിൽ സാധ്യതകൾ ലഭ്യമാക്കുന്നതിനും നടപടിയെടുക്കുക.

6. പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരുടെ പ്രാചീനകലാപരിപാടികൾക്ക് പ്രോത്സാഹനവും സംരക്ഷണവും നല്കുക.

7. I.H.D.P കോളനിയിൽ അനുവദിക്കുന്ന സഹായങ്ങൾ എല്ലാ കോളനികളിലും ലഭ്യമാക്കുക.

8. പഞ്ചയാത്ത്തലത്തിൽ പട്ടികജാതി വികസന ഓഫീസ് പ്രവർത്തനം ലഭ്യമാക്കണം.

9. പട്ടികജാതി കോളനികളിൽ T.V. സെററുകൾ സ്ഥാപിക്കണം.

10. പരമ്പരാഗത കൈതൊഴിലുകൾ പുനരുദ്ധരിക്കുന്നതിനും വിപണന സൗകര്യങ്ങളും ഉണ്ടാക്കുക.

11. പട്ടികജാതി സഹകരണസംഘം തുടങ്ങുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

12. പുത്തൻമഠംകുന്ന് അംബേദ്കർ കോളനിയിലേക്ക് ബസ് സൗകര്യം ഏർപ്പെടുത്തുക.

13. IHDP അംബേദ്കർ കോളനികളിലെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കുക.

## പരിഹാരമാർഗ്ഗങ്ങൾ

പട്ടികജാതിവിഭാഗങ്ങൾക്കുള്ള ഉന്നമനത്തിന് സഹായകമായി നിരവധി ക്ഷേമപദ്ധതികൾ പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. പക്ഷേ ഗ്രാമപ്രദേശങ്ങളിലെ പട്ടികജാതി വിഭാഗക്കാർക്ക് യഥാസമയം അതു ലഭ്യമാക്കാൻ സംവിധാനങ്ങളില്ല. വിദ്യാഭ്യാസപരമായി ഉയർന്നുവരുന്നുണ്ടെങ്കിലും സാമൂഹ്യരംഗങ്ങളിലും പൊതുരംഗങ്ങളിലും പ്രവർത്തിക്കുവാനുള്ള അവസരം സമൂഹത്തിൽ ലഭ്യമാക്കേണ്ടതാണ്. എങ്കിൽ മാത്രമേ പട്ടികജാതിവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുള്ളൂ.. ലഭ്യമാകുന്ന സാമ്പത്തിക സഹായങ്ങൾ ഉല്പാദനപരമായ കാര്യങ്ങൾക്കും കുടുംബഭദ്രതയ്ക്കും ഉപയോഗിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവുമാണ് പ്രധാനമായി നൽകേണ്ടത്. പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന കാർഷിക ഉപകരണങ്ങൾ മററു വ്യവസായ സൗകര്യങ്ങൾ അവർക്കു തന്നെ ഉപകരിക്കുവാൻ വേണ്ട പൊതുവായ സഹകരണം മററു വിഭാഗക്കാരിൽനിന്നും ഉണ്ടാകണം. സാമ്പത്തികമായും സമുദായികമായും ഉയർന്നനിലയിൽ നിൽക്കുന്നവരിൽനിന്നും പട്ടികജാതിവിഭാഗക്കാരെ വേർത്തിരിച്ച് കാണുന്ന പ്രവണത ഇല്ലാതാക്കണം. എങ്കിൽ മാത്രമേ പട്ടികജാതിവിഭാഗക്കാരും സമൂഹത്തിൻെറ എല്ലാ വേദികളും ഭാഗമാക്കുകയുള്ളൂ.

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം

| വാർഡ് | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| I | 123 | 104 |
| II | 101 | 80 |
| III | 80 | 82 |
| IV | 90 | 79 |
| V | 41 | 48 |
| VI | 117 | 134 |
| VI | 117 | 114 |
| VIII | 56 | 54 |
| IX | 135 | 135 |
| X | 36 | 32 |
| ആകെ | 896 | 862 |

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

## പട്ടികജാതി വികസനം

*1. ഓലമേയുന്നതിന് ധനസഹായം:-* പാവപ്പെട്ട പട്ടികജാതിക്കാരുടെ വീട് ഓലമേയുഇന്നതിന് 500 രൂപ ധനസഹായം നൽകിവരുന്നു. വാർഷിക വരുമാനം 4000 രൂപയിൽ താഴെയുള്ളവർക്ക് ഗ്രാൻറിന് അപേക്ഷ നൽകാവുന്നതാണ്. 1995-96 വർഷത്തെ പദ്ധതി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

*2. വിവാഹ ധനസഹായം:-* വാർഷിക വരുമാനം 8000 രൂപയിൽ താഴെ വരുന്ന പാവപ്പെട്ട പട്ടികജാതിക്കാരുടെ പതിനെട്ടുവയസ്സിനോ അതിന് മുകളിലോ പ്രയമുള്ള പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 2000 (രണ്ടായിരം രൂപ) നൽകാവുന്നതാണ്. അപേക്ഷാഫോറം, പെൺകുട്ടിയുടെ അച്ഛൻ/അമ്മ അവരുടെ അഭാവത്തിൽ വിവാഹിതയാകുവാൻ പോകുന്ന പെൺകുട്ടിയോ രക്ഷകർത്താവോ ഒപ്പിട്ട് താഴെ പറയുന്ന രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

1. വരുമാന സർട്ടിഫിക്കററ്

2. ജാതി സർട്ടിഫിക്കററ്

3. വിവാഹമുറപ്പിച്ചുകഴിഞ്ഞു എന്നും വിവാഹം ഏതു തീയ്യതിയിൽ നടത്തുമെന്നും കാണിക്കുന്ന സർട്ടിഫിക്കററ് (സമുദായിക സംഘടന,ഗസററഡ് ഓഫീസർ, പഞ്ചായത്ത് പ്രസിഡണ്ട്)

4. വിവാഹിതയാകുവാൻ പോകുന്ന പെൺകുട്ടിയുടെ അച്ഛൻ/അമ്മ മരിച്ചുപോയിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കററ്.

5. പെൺകുട്ടിയുടെ വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ്.

മററ് ഏതെങ്കിലും വിധത്തിൽ സർക്കാരിൽനിന്നോ, സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സംഘടനകളിൽ നിന്നോ വിവാഹത്തിനാവശ്യമായ ധനസഹായം ഇതിനകം ലഭിച്ചുകഴിഞ്ഞവർക്ക് മേൽപറഞ്ഞ പദ്ധതിയനുസരിച്ച് സാമ്പത്തികസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. തുക നൽകുന്നതിനു മുമ്പ് അനുവദിക്കപ്പെട്ടതുക പ്രസ്തുതാവശ്യത്തിന് വേണ്ടി ഉപയോഗിക്കാതെ ദുരുപയോഗം ചെയ്യുകയാണെങ്കിൽ റവന്യൂറിക്കവറി നടപടികൾ മുഖേന വസൂലാക്കുന്നതിന് വ്യവസ്ഥചെയ്യുന്ന മുദ്രപത്രത്തിൽ എഴുതിയ കരാറിൽ (15 രൂപ) അപേക്ഷകനെകൊണ്ട് ഒപ്പ് വെപ്പിക്കേണ്ടതാണ്. ഒരു കുടുംബത്തിലെ രണ്ട് പെൺകുട്ടികൾക്ക് മാത്രമേ ഇത്തരത്തിലുള്ള വിവാഹ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. കൂടാതെ പെൺകുട്ടിയുടെ ആദ്യവിവാഹത്തിന് മാത്രമേ ഈ ധനസഹായം നൽകുവാൻ പാടുള്ളൂ. വിധവകളുടെ പെൺമക്കൾക്ക് മുൻഗണന നൽകേണ്ടതാണ്. വിവാഹധനസഹായത്തിനുള്ള അപേക്ഷ വിവാഹതിയ്യതിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്.

*3. ചികിത്സാ ധനസഹായം:-* ക്ഷയം കുഷ്ഠം, അർബുദം തുടങ്ങിയവ മാരക രോഗങ്ങൾക്ക് അടിമപ്പെട്ട് കഴിയുന്നവരും സ്ഥിരമായ ചികിത്സവേണ്ടിവരുന്ന ഗുരുതരമായ രോഗം ബാധിച്ചവരും അപകടങ്ങൾ കാരണമായി ദീർഘനാളായി ചികിത്സയിൽ കഴിയുന്നവരുമായ പട്ടികജാതിയിൽപെട്ട പാവപ്പെട്ടവർക്ക് പരമാവധി 1000 രൂപ (ആയിരം രൂപയോ, ചികിത്സക്കാവശ്യമായ തുകയോ, ഏതാണോ കുറവ്) അത് നൽകുന്നതായിരിക്കും. എല്ലാ മാർഗ്ഗങ്ങളിൽ നിന്നുമുള്ള അപേക്ഷകൻെറ കുടുംബ വാർഷിക വരുമാനം 8000 രൂപയിൽ കവിയരുത്.

*4. ഇൻറർവ്യൂവിന് പോകുന്നതിന് യാത്രാബത്ത:-* പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ഇൻറർവ്യൂ/കയ്യെഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന പട്ടികജാതി/ഓ.ഇ.സി/ക്രിസ്ത്യൻ കൺവെർട്ട്സ് എന്നീ വിഭാഗങ്ങളിൽ പെടുന്ന ഉദ്യോഗാർത്ഥിക്ക് യാത്രാബത്തയായി ബസ് ചാർജ്ജോ, 2-ാം ക്ലാസ്സ് റെയിൽവേ ചാർജ്ജോ നൽകുന്നതാണ്. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഹാജർ സർട്ടിഫിക്കററ്, സ്വന്തമായി ജോലി ഇല്ല എന്ന് തെളിയിക്കക്കുന്ന സ്വന്തം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കററ്, ജാതിതെളിയിക്കുന്നതിനുള്ള രേഖ (എസ്.എസ്.എൽ.സി ബുക്കിൻെറ പ്രസ്ക്ത ഭാഗം) എന്നിവ ഹാജരാക്കേണ്ടതാണ്.

*5. മിശ്ര വിവാഹധനസഹായം:-* മിശ്രവിവാഹം കൊണ്ട് ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായമായി 2000 രൂപ നൽകിവരുന്നു. ദമ്പതികളിൽ ഒരാൾ പട്ടികജാതിക്കാരനായിരിക്കണം. അപേക്ഷ സമർപ്പിക്കുമ്പോൾ വിവാഹം കഴിഞ്ഞ് ഒരു വർഷം ഒ ിച്ചു കഴിഞ്ഞിരിക്കണം. ദമ്പതികളുടെ മൊത്തത്തിലു വാർഷിക വരു

മാനം **8000 രൂപയിൽ കവിയാൻ പാടില്ല. അപേക്ഷ** യോടൊപ്പം താഴെ പറയുന്ന സർട്ടിഫിക്കററുകളും ഹാജ രാക്കേണ്ടതാണ്.

1. ദമ്പതികളുടെ ജാതി ·തെളിയിക്കുന്ന സർട്ടി ഫിക്കററ്.

2. ദമ്പതികളുടെ വാർഷിക വരുമാനം തെളിയി ക്കുന്ന സർട്ടിഫിക്കററ്.

3. ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിൽ കുറ യാത്ത കാലയളവിൽ ഒന്നിച്ചു താമസിക്കുകയാണ് എന്ന് കാണിക്കുന്നതിന് ഗസററഡ് ഓഫീസറിൽ നിന്നോ എം.എൽ.എ.യിൽ നിന്നോ എം.പി. യിൽനിന്നോ ഉള്ള സർട്ടിഫിക്കററ്.

4. മിശ്രവിവാഹം ഉടമ്പടിയുടെ അസ്സൽ.

6. സംയോജിത ഭവന നിർമ്മാണ ഗ്രാൻറ്:- സ്വന്തമായി സ്ഥലമുള്ള പട്ടികജാതിക്കാർക്ക് വീട് വെയ്ക്കുന്നതിന് 15,000 രൂപ നൽകിവരുന്നു. ധനസ ഹായം 3 ഗഡുക്കളായി വിതരണം ചെയ്യേണ്ടതാണ്. (30%,50%,20%,) ഒന്നാം ഗഡു സംഖ്യ മുൻകൂറായി നൽകേണ്ടതാണ്.

7. ഭൂരഹിത-ഭവന രഹിത പട്ടികജാതിക്കാരുടെ പുനരധിവാസ പദ്ധതി:- സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങുന്നതിന് 10,000 രൂപയും വീട് വെക്കുന്നതിന് 15,000 രൂപയും നൽകിവരുന്നു.

മെച്ചപ്പെട്ട വിദ്യാഭ്യാസം:- നാലാം ക്ലാസിൽ ഉയർന്ന മാർക്കുകൾ നേടി വിജയിച്ചവരും, രക്ഷിതാക്കൾക്ക് 18,000 രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള വരുമായ വിദ്യാർത്ഥികളെ ഓരോ വർഷവും തെര ഞ്ഞെടുത്ത് ഉന്നത നിലവാരം പുലർത്തുന്ന ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ സ്ക്കൂളുകളിൽ ചേർത്ത് 5-ാം ക്ലാസ് മുതൽ അതെ സ്ക്കൂളിൽ ചേർത്ത് അതേ സ്ക്കൂളിലെ ഏററവും ഉയർന്ന ക്ലാസ് വരെ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നു. ട്യൂഷ്യൻഫീസ്, ബോർഡിംഗ് ചാർജ്ജ്, സ്പെഷൽ ട്യൂഷ്യൻ, വസ്ത്രങ്ങൾ എന്നിവയ്ക്കുള്ള എല്ലാ ചെല വുകളും നൽകുന്നതാണ്.

## പട്ടികവർഗ്ഗവികസനം

**പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളും അവയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും**

1. ഗ്രാമ പഞ്ചായത്ത്

*1. വിവാഹധനസഹായം (പദ്ധതി)*

1992 ജൂലൈ 16 ലെ സർക്കാർ ഉത്തരവ് കൈയെ ഴുത്ത് നമ്പർ 28/92 പജ.പവ.വിവ. പ്രകാരം അനുവ ദിച്ച ഈ പദ്ധതിയിലൂടെ നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിലേക്ക് 5,000 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടതോ രോഗഗ്ര സ്തരോ, അതിക്രമങ്ങൾക്കിരയായവരോ ആയിട്ടുള്ള യുവതികളുടെ രക്ഷിതാക്കളാണ് ധനസഹായത്തിന് അർഹരായിട്ടുള്ളത്. ഈ പദ്ധതി സംബന്ധിച്ച് ആവ ശ്യമായ പ്രചാരണം നൽകേണ്ടതും ലഭിക്കുന്ന അപേ ക്ഷകൾ ആമ്പല്ലൂർ ട്രൈബൽ എക്സ്ററൻഷൻ ഓഫീ സറുടെ ശുപാർശയോടെ അപേക്ഷകൾ ട്രൈബൽ ഡവലപ്പ്മെൻറ് ആഫീസിർ ബന്ധപ്പെട്ട ഗ്രാമപഞ്ചായ ത്തിന് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് അപേക്ഷ പരിശോധിച്ച് അർഹരായവർക്ക് സഹായം അനുവദി ക്കേണ്ടതും തുക പഞ്ചായത്ത് നേരിട്ടോ ട്രൈബൽ എക്സററൻഷൻ ആഫീസർ മുഖേനയോ വിതരണം ചെയ്യാവുന്നതാണ്. തുക വിതരണം ചെയ്യുന്നയാൾ നിശ്ചിത ആവശ്യത്തിനു തന്നെ ഉപയോഗിച്ചതായി ഉറപ്പുവരുത്തേണ്ടതും വിനിയോഗ സാക്ഷ്യ പത്രം ട്രൈബൽ ഡവലപ്മെൻറ് ഓഫീസർക്ക് സമർപ്പിക്കേ ണ്ടതുമാണ് 1996-97 സാമ്പത്തിക വർഷം ഈയിന ത്തിൽ 2 പേർക്ക് 10,000 രൂപ ധനസഹായം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

*2. മഹിളാസമാജങ്ങൾക്ക് ധനസഹായം:- (പദ്ധതി)*

പട്ടികവർഗ്ഗ യുവതികൾ സംഘടിച്ച് രജിസ്ററർ ചെയ്തു പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾക്ക് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് ഈ പദ്ധതി അനുസരിച്ച് 5,000 രൂപ ധനസഹായം നൽകാവുന്ന താണ്. ഇത്തരം സമാജങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ട്രൈബൽ ഡവലപ്മെൻറ് ആഫീസർ പരിശോധിച്ച് ആവശ്യമായ ശുപാർശയോടെ ബന്ധ പ്പെട്ട ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. അർഹ മായ അപേക്ഷകൾക്ക് ഗ്രാമപഞ്ചായത്ത് ധനസഹായം അനുവദിക്കുകയും തുക ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്യാവുന്നതും വിനിയോഗ സാക്ഷ്യപത്രം ട്രൈബൽ ഡവലപ്മെൻറ് ഓഫീസർക്ക് നൽകേണ്ടതു മാണ്. 1996-97 സാമ്പത്തികവർഷം ഈയിനത്തിൽ 10,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

*3. ബാലവാടികൾ/ക്രഷുകൾ/നഴ്സറി സ്ക്കൂ ളുകൾ/കിൻഡർഗാർഡനുകൾ (പദ്ധതി/ പദ്ധതിയേതരം)*

ചെറുപ്രായത്തിൽ തന്നെ പഠനത്തിൽ ആഭി മുഖ്യം വളർത്താനും അവരെ ശുചിത്വമുള്ള പരിസര വുമായി ഇണക്കാനും ബുദ്ധിവികാസം ത്വരിതപ്പെടു ത്തുവാനും പോഷകാഹാരം നൽകുവാനും ലക്ഷ്യമിട്ടു കൊണ്ട് പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗവികസനവ വകുപ്പിൻെറ കീഴിൽ തൃശ്ശൂർ ജില്ലയിൽ ഒളരിയിലും, പയ്യനത്തും ഓരോ കിൻഡർ ഗാർഡനുകൾ വീതം

പ്രവർത്തിച്ചുവരുന്നു. ടി പദ്ധതിയിൽ ഭക്ഷണത്തിന് ദിനംപ്രതി ഒരു കുട്ടിക്ക് 3 രൂപാ 50 പൈസയും വസ്ത്രം നൽകുന്നതിന് വർഷത്തിൽ 50 രൂപ വീതം ഓരോ കുട്ടിക്കും അനുവദിക്കാവുന്നതാണ്.. ഈസ്ഥാപനങ്ങൾ പാണഞ്ചേരി പഞ്ചായത്തിന്റെ കീഴിലായിരിക്കുന്നതും. ഭക്ഷചെലവ്, സ്ഥാപനങ്ങളുടെ നടത്തിപ്പിനുള്ളചെലവ് എന്നിവ പഞ്ചായത്ത് മുഖേന അനുവദിച്ചുനൽകേണ്ടതുമാണ്. പ്രതിമാസം ഭക്ഷണചെലവിനുള്ള ബില്ലുകൾ ആവശ്യമായ പരിശോധനകൾക്കുശേഷം ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ വഴി ടി ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. ആവശ്യമായ പരിശേധനകൾക്ക്ശേഷം ഈ ബില്ലുകൾ പാസ്സാക്കി നൽകേണ്ടത് ടി ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാകുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മററ് അലവൻസുകളും ട്രൈബൽ ഡവലപ്മെന്റ് ആഫീസർ നൽകുന്നതാണ്. 1996-97 സാമ്പത്തികവർഷം ഈയിനത്തിൽ 60,00 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

*4. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ ചെലവുകൾ (പദ്ധതിയേതരം)*

പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവീസ് കമ്മീഷനും മററു റിക്രൂട്ടിങ്ങ് ഏജൻസികളും നടത്തുന്ന ഇൻറർവ്യൂവിനും മത്സര പരീക്ഷകൾക്കും പങ്കെടുക്കുന്നതിന് 2-ാം ക്ലാസ് ട്രൈയിൻ ചാർജ്ജോ യഥാർത്ഥ ബസ്സ് ചാർജ്ജോ ഈ പദ്ധതിയനുസരിച്ച് അനുവദിക്കാവുന്നതാണ്. ഈ പദ്ധതിയനുസരിച്ച് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ആവശ്യമായ പരിശോധനകൾക്കുശേഷം ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ വഴി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും തുക അനുവദിച്ച് വിതരണം ചെയ്യേണ്ടതാണ്. 1996-97 സാമ്പത്തിക വർഷം ഈയിനത്തിൽ 500 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

*5. പുരമേയുന്നതിന് ഗ്രാൻറ് (പദ്ധതിയേതരം)*

പട്ടകവർഗ്ഗ കുടുംബങ്ങൾക്ക് പുരമേയുന്നതിന് ഓരോ കുടുംബത്തിനും 500/-രൂപാ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. പുരമേയുന്നതിന് ധനസഹായത്തിനുള്ള അപേക്ഷകൾ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകൾ ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ വഴി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സമർപ്പിക്കേണ്ടതാണ്. അതാത് പഞ്ചായത്തിലെ പട്ടികവർഗ്ഗജനസംഖ്യയുടെ അടിസ്ഥാനത്തിൽ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തുക പഞ്ചായത്തുകൾക്ക് വിതരണം ചെയ്യേണ്ടതാണ്. പഞ്ചായത്തുതലത്തിൽ സർക്കാർ നിയോഗിക്കുന്ന കമ്മററി തന്നെ ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തെരെഞ്ഞെടുക്കേണ്ടതാകുന്നു. 1996-97 സാമ്പത്തിക വർഷം ഈയിനത്തിൽ 30 പേർക്കുവേണ്ടി 15,000രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

*6. കിണറുകളും ശുദ്ധജലവിതരണവും (പദ്ധതിയേതരം)*

ഈ പദ്ധതിയനുസരിച്ച് തുക ലഭ്യമായിട്ടുള്ള പഞ്ചായത്തുകൾ എവിടെയെല്ലാം കിണറുകൾ കുഴിക്കണമെന്ന് തീരുമാനിച്ചശേഷം. ഐ.ടി.ഡി.പി.യിലെ എൻജിനീയർ മുഖേനയോ പൊതുമരാമത്ത് വകുപ്പ് പഞ്ചായത്ത് ഡിവിഷൻ മുഖേനയോ എസ്ററിമേററ് തയ്യാറാക്കി ട്രൈബൽ ഡവലപ്മെന്റ് ആഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ട്രൈബൽ ഡവലപ്മെന്റ് ആഫീസർ ഫണ്ടിന്റെ ലഭ്യതയും ഓരോ സ്ഥലത്തുള്ള കിണറുകളുടെ ആവശ്യകതയും വിലയിരുത്തിയശേഷം വിവരം പഞ്ചായത്തിനെ അറിയിക്കുന്നതാണ്. 1996-97 വർഷം 15,000 രൂപ ചിലവിൽ ഒരു കിണർ കുഴിക്കാൻ കഴിയുന്നതാണ്.

*7. യുക്തിസഹ ഗ്രാൻറ് (പദ്ധതിയേതരം)*

പട്ടകവർഗ്ഗക്കാർക്ക് അത്യാവശ്യ ചികിത്സ മരണാനന്തരചടങ്ങുകൾ തുടങ്ങിയ ചെലവുകൾക്ക് ഈ പദ്ധതിയനുസരിച്ച് ധനസഹായം അനുവദിച്ച് നൽകുന്നു. ട്രൈബൽ ഡവലപ്മെന്റ് ആഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 300 രൂപ വരെ അനുവദിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് ഉണ്ട്. അതിൽ തുക ആവശ്യമായകേസ്സുകൾക്ക് 1,00രൂപവരെ പട്ടികവർഗ്ഗ വികസന ഡയറക്ടറും അതിന് മുകളിലുള്ള തുക സർക്കാർ ഉത്തരവുപ്രാകരം അനുവദിക്കാവുന്നതാണ്. 1996-97 സാമ്പത്തികവർഷം ടി പദ്ധതിക്ക് 15,000 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

*8. അഡൽട്ട് എഡ്യൂക്കേഷൻ (പദ്ധതിയേതരം)*

പട്ടികവർഗ്ഗക്കാർക്കുവേണ്ടി പഠന പര്യടനങ്ങൾ സംഘടിപ്പിക്കുകയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക പഞ്ചായത്തിന് അനുവദിക്കുന്നതാണ്. 1996-97 സാമ്പത്തികവർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 2,000 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

*9. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് ധന സഹായം (പദ്ധതിയേതരം)*

സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്. ഈ പദ്ധതിയനുസരിച്ച് 3,000 രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അപേക്ഷകൾ സ്വീകരിച്ച് അർഹതയുള്ളവ ശുപാർശയോടെ

ട്രൈബൽ ഡവലപ്മെൻറ് ഓഫീസർ മുഖാന്തിരം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിൻെറ ലഭ്യത അനുസരിച്ച് അർഹരായവർക്ക് ഗ്രാൻറ് അനുവദിച്ച് തുക ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന വിതരണം ചെയ്യേണ്ടതാണ്. 1996-97 സാമ്പത്തികവർഷം ടി പദ്ധതിയിൽ കീഴിൽ 5,000 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

### *10. മിശ്രവിവാഹിതർക്ക് ധനസഹായം (പദ്ധതിയേതരം)*

മിശ്രവിവിഹാതരായ ദമ്പതിമാർക്ക് 2,000 രൂപാ ധനസഹായം അനുവദിക്കാവുന്നതാണ്. ദമ്പതികളിൽ ഒരാൾ പട്ടികവർഗ്ഗത്തിൽപ്പെട്ടയാളായിരിക്കണം. വാർഷിക കുടുംബവരുമാനം 8,00 രൂപയിൽ കവിയാൻ പാടില്ല. ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അപേക്ഷ പരിശോധിച്ച് ആവശ്യമായ ശുപാർശകൾസഹിതം ട്രൈബൽ ഡവലപ്മെൻറ് ഓഫീസർ മുഖാന്തിരം ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. അർഹമായ അപേക്ഷകളിൽ ഗ്രാൻറ് അനുവദിച്ച് എഗ്രിമെൻറ് വച്ചശേഷം തുക ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്യാവുന്നതാണ്. ഈ സാമ്പത്തികവർഷം ടി പദ്ധതിക്ക് 4,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.



# പൊതുമരാമത്തു വകുപ്പ്

പഞ്ചായത്തുകളിലേക്ക് കൈമാററം തെയ്ച പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് വ്യക്തവും വിശദവുമായ മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പദ്ധ്യക്ഷനിൽ നിന്നും ജില്ലാ ഓഫീസിൽ ലഭിച്ചിട്ടില്ല. ലഭ്യമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ഹൈസ്ക്കൂളുകളുടേയും യു.പി.സ്ക്കൂളുകളുടേയും നിർമ്മാണവും അററകുററപണികളും ജില്ലാ പഞ്ചായത്തിനുവേണ്ടി ഈ ഓഫീസ് വഴിയാണ് നിർവ്വഹിക്കുന്നത്. അതിനുള്ള അലോട്ട്മെൻറ് ഒരു മാനസത്തിനകം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞവർഷം സ്ക്കൂളുകൾക്ക് അനുവദിച്ചുകിട്ടിയ തുക ഗ്രാമപഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും കൈമാറിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് വിട്ടുകൊടുത്ത റോഡുകളുടെ അററകുററപണികൾക്ക് ജില്ലാ പഞ്ചായത്തിന് 13.82 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന് 20.74 ലക്ഷം രൂപയും ആകെയുള്ളതിൻെറ മൂന്നിലൊന്നു ഗഡുവായിതിന്നിട്ടുണ്ട്. പഞ്ചായത്തുകൾക്കുള്ളവിഹിതം തുല്യമായി വീതിച്ചാൽ ഓരോ വർക്കിനും തികയില്ലെന്നതുംകൊണ്ട്. തൊരെഞ്ഞെടുത്തപഞ്ചായത്തുകൾക്കായി വീതിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്തിൻെറ വിഹിതം വർക്ക് കമ്മററിക്ക് തീരുമാനിക്കാവുന്നതാണ്.

വില്ലേജ് റോഡിൽ പുതിയവ ഏറെറടുത്ത് നടത്തുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് 25.2857 ലക്ഷം രൂപയും പുതിയ പാലങ്ങളും കലുങ്കുകളും പണിയാൻ ഗ്രാമപഞ്ചായത്തിന് 12.61 ലക്ഷം രൂപയും മൂന്നിലൊന്ന് ആദ്യഗഡുവായി വകയിരുത്തിയിട്ടുണ്ട്. ഈ തുകയും ഗ്രാമപഞ്ചായത്തുകൾക്ക് തുല്യമായി വീതിക്കുന്നതിന് പ്രായോഗികമല്ലാത്തതിനാൽ പഞ്ചായത്തുകൾ തമ്മിൽ വർക്കുകൾ തീരുമാനിക്കേണ്ടതാണ്. ഇതുവരേയും ഔദ്യോഗികമായി P.W.D. യിൽ നിന്നും റോഡുകളൊന്നും കൈമാറി കിട്ടിയിട്ടില്ല. കൂടുതൽ നിർദ്ദേശങ്ങളും ലഭിച്ചിട്ടില്ല.



# ധനകാര്യം വിഭവസമാഹരണം

വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ പഞ്ചായത്തുകൾക്ക് സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടതായിരിക്കണം. വിഭവസമാഹരണത്തിന്റെ സാധ്യതകൾ മനസ്സിലാക്കി മാത്രമെ പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ പഞ്ചായത്തിന്റെ ധനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കണം. പണം ചെലവഴിക്കുന്നതിന്റെ രീതി ക്രമീകരിക്കണം.

കോലഴി ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വരുമാനങ്ങൾ വളരെ കുറവാണ്. പഞ്ചായത്തിന്റെ മുഖ്യ വരുമാനമാർഗ്ഗം കെട്ടിട നികുതിയിലൂടെയാണ്. ആകെ വരുമാനത്തിന്റെ 20 ശതമാനവും കെട്ടിട നികുതിയിൽ നിന്നു ലഭിക്കുന്നു. തൊഴിൽ നികുതിയിനത്തിൽ 1,57,855 ക.യും വാടകയിനത്തിൽ 1,53,250 ക.യും, പഞ്ചായത്ത് വരുമാനത്തിനായി പ്രധാനമായി ആശ്രയിക്കുന്നത് സർക്കാർ ഗ്രാൻറുകളെയാണ് 40% ഇത് JRYയും അൺടൈഡ്ഫണ്ടും ഉൾപ്പെടെയാണ്. പഞ്ചായത്തിന്റെ മററു വരുമാന മാർഗ്ഗങ്ങൾ ലൈസൻസ്ഫീ, വസ്തു കൈമാററ നികുതി എന്നിവയാണ്.

പട്ടിക 1

വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | വരവ് | ശതമാനം |
|---|---|---|
| കെട്ടിടനികുതി | 4,08,715.00 | |
| തൊഴിൽനികുതി | 1,57,855.00 | |
| വിനോദനികുതി | 48,465.00 | |
| ലൈസൻസ്ഫീ | 17,874.00 | |
| വസ്തുകൈമാററഫീ | 1,55,860.00 | 75% |
| സർക്കാർഗ്രാൻറ് | 2,60,000.00 | 25% |
| വാടക ഡെപ്പോസിററ് | 1,53,250.00 | |
| മററുള്ളവ | 11,99,234.00 | |
| ആകെ | 26,27,687.00 | |

പഞ്ചായത്തിലെ കെട്ടിടനികുതി ഏർപ്പെടുത്തിയിട്ടുള്ളത് വാർഷികവാടക 1,200ക.യ്ക്ക് മീതെവരുന്ന വീടുകൾക്ക് മാത്രമാണ്, ചെറിയവീടുകൾക്കും കുടിലുകളെയും വീട്ടുനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഉദ്യോഗസ്ഥരുടേയും തൊഴിലാളികളുടേയും തൊഴിൽനികുതി പരിമിതമാണ്. നികുതിപരിഷ്ക്കരണങ്ങൾ നടത്തിയാലും കാര്യമായ നികുതി വർദ്ധനവ് ഉണ്ടാവുകയില്ല. പഞ്ചായത്തിലെ ചെറുകിട വ്യാപാരസ്ഥാപനങ്ങൾ കുറവായതുകൊണ്ട് ലൈസൻസ്ഫീ ഇനത്തിൽ തുച്ഛമായ സംഖ്യയേ പഞ്ചായത്തിന് വരുമാനമുള്ളൂ

പുതിയ നികുതി നിർദ്ദേശങ്ങൾ ഏർപ്പെടുത്താവുന്ന മേഖലകൾ പഞ്ചായത്തിലെ പണമിടപാടു സ്ഥാപനങ്ങൾക്കും, ഇരുനിലകെട്ടിടങ്ങൾക്കും, കേബിൾ T.V. വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന സ്ഥാപനങ്ങളിലുമാണ്. പഞ്ചായത്തിന്റെ പൊതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് മിനി ഷോപ്പിംഗ് കോംപ്ലക്സ് പണികൾ പൂർത്തീകരിക്കുകയും ലേലം ചെയ്ത് മുറികൾ കൊടുത്ത് വരികയും ചെയ്തുവരുന്നു. വലിയപറമ്പിൽ ഒരു മിനി മാർക്കററിന്റെ പണികൾ ഉടൻ ആരംഭിക്കും. ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം പഞ്ചായത്തിൽ കുറഞ്ഞുവരികയാണ്. ആയതിനാൽ ഗൾഫ് പണം പഞ്ചായത്തിന്റെ വികസന മേഖലകളിൽ ലഭ്യമാക്കുവാൻ കഴിയുന്നില്ല.

പഞ്ചായത്തിന്റെ ഭരണചിലവ് മൊത്തം ചിലവിന്റെ $^1/_3$ ആണ്. 4.5 ലക്ഷം രൂപ ജീവനക്കാരുടെ ശമ്പളത്തിനും മെമ്പർമാരുടെ അലവൻസിനും, യാത്രാ ചിലവ്, മററിനങ്ങളിലും, 3.5ലക്ഷം ക. റോഡുസംരക്ഷണത്തിനും, വൈദ്യുതിക്ക് 1,21,000 ക.ചിലവും, വാട്ടർചാർജ്ജ് ഇനത്തിൽ 77000 ക.യും ചിലവഴിക്കുന്നു. ഫണ്ടിന്റെ സിംഹഭാഗവും പൊതുമരാമത്ത് പണികൾക്കായി വിനിയോഗിക്കുന്നു. JRY പദ്ധതിയിലൂടെ ലഭിച്ച സംഖ്യയുടെ 75% പൊതുവിഭാഗങ്ങളിലും ശേഷിച്ചത് പട്ടികജാതി വിഭാഗത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. JRY പദ്ധതിയനുസരിച്ച് ആട്ടോർ ലക്ഷം വീട് കോളനിറോഡിന്റെ നിർമ്മാണത്തിന് 228400 ക.യും ചിലവഴിക്കുകയും കുററൂർ തവളക്കുളം കോളനി റോഡ് നിർമ്മാണത്തിന് 201960 ക. അനുവദിക്കുകയും ചെയ്തിട്ടുണ്ട് പട്ടികജാതി വിഭാഗത്തിന് ഈ കാലയളവിൽ ബഹുഭൂരിപക്ഷം വീടുകളും കക്കൂസും അനുവദിച്ചിട്ടുണ്ട് വയറിംഗ് എന്നിവ ചെയ്തിട്ടുണ്ട്. 5 വീടുകളും 23 കക്കൂസുകളും നിർമ്മിച്ചു നല്കിയിട്ടുണ്ട്. JRY യിലൂടെ ലഭിക്കുന്ന പണം ഉല്പാദനത്തെ നേരിട്ട് സഹായി

ക്കുന്ന മററു തുറകളിലേക്കും ചിലവഴിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൻെറ ചെലവിൻെറ രീതിയിൽ മാററം ആവശ്യമാണ്. കാർഷിക അഭിവൃദ്ധിക്ക് സഹായിക്കുന്ന രീതിയിൽ കൂടുതൽ പ്രയോജനകരമായി പണം ചെലവഴിക്കേണ്ടതുണ്ട്. പഞ്ചായത്തിൻെറ പണികൾ പൂർണ്ണമായും കോൺട്രാക്ടറെ ആശ്രയിക്കുന്ന അവസ്ഥമാറണം. ചെലവഴിക്കുന്ന മുഴുവൻ തുക നിർമ്മാണപ്രവർത്തനത്തിന് ലഭ്യമാകതക്കവിധത്തിൽ ജനകീയ സമിതികളെ ഏല്പിക്കേണ്ടതാണ്. പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങളെ സഹായിക്കുവാൻ പഞ്ചായത്ത് അതിർത്തിയിലുള്ള സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ബാദ്ധ്യതയുണ്ട്. സാമ്പത്തിക ലഭ്യത യഥാസമയം ഇല്ലാത്തതുമൂലമാണ് പൂർണ്ണമായും കോൺട്രാക്ടറെ അമിതമായി ആശ്രയിക്കേണ്ടിവരുന്നത്. സഹകരണസ്ഥാപനങ്ങൾ വായ്പ നല്കി പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തയ്യാറാവണം.

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ചെലവ് |
|---|---|
| ഭരണം | 464723 |
| പൊതുമരാമത്ത് | 896024 |
| വൈദ്യുതി | 121608 |
| ജലവിതരണം | 83421 |
| പൊതുജനാരോഗ്യം | 17690 |
| മററുള്ളവ | 250000 |
| വിദ്യാഭ്യാസം | 62029 |
| സാമൂഹ്യക്ഷേമം | 8163 |
| ആകെ | 1903868 |

## പ്രധാന പ്രശ്നങ്ങൾ

- പഞ്ചായത്തിൻെറ തനത് വരുമാനം വളരെ പരിമിതമാണ്. കെട്ടിട നികുതിയാണ് പ്രധാനവരുമാന മാർഗ്ഗം. കെട്ടടനികുതി കെട്ടിടത്തിൻെറ തറവിസ്തീർണ്ണമനുസരിച്ച് നിജപ്പെടുത്തണം.
- ലൈസൻസ്ഫീ കൃത്യമായി പുതുക്കുന്നതിന് നടപടിയെടുക്കണം
- വസ്തുകൈമാററ നികുതിയുടെ 25% പഞ്ചായത്തിന് ലഭ്യമാക്കണം
- പ്രത്യുൽപ്പാദനപരമായ തുറകളിൽ പണം ചെലവഴിക്കണം
- തൊഴിൽ നികുതി എല്ലാ ബിസിനസ് സ്ഥാപനങ്ങളിലും വ്യാപിപ്പിക്കണം
- പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ മേന്മ ഉറപ്പാക്കേണ്ടതുണ്ട്. ആവർത്തനചിലവ് കുറക്കാൻ ഇത് സഹായകമാവും
- സേവന നികുതി ഏർപ്പെടുത്തി കേബിൾ T.V. യെ പഞ്ചായത്ത് നികുതിയിൽ കൊണ്ടുവരണം
- സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളിൽ വാർഷിക വരവ്ചിലവ് അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾക്കും കുറികമ്പനികൾക്കും വാർഷികവരവ് ചിലവ് അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക.

2. സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും പാരലൽ കോളേജുകൾക്കും വാർഷികവരുമാനം, വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി നികുതി ചുമത്തുക.

3. കേബിൾ ടി.വി. വ്യവസായാടിസ്ഥാനത്തിൽ നടത്തുന്നവരിൽനിന്നും നികുതി ചുമത്തുക.

4. എല്ലാ വാണിജ്യ വ്യവസായസ്ഥാപനങ്ങളും ലൈസൻസ് എടുത്തിരിക്കണമെന്ന നിയമം പാലിച്ചിട്ടുണ്ടോ എന്നുറപ്പ്വരുത്തുക.

5. കുടിവെള്ളത്തിന് വീട്ടുകണക്ഷൻ ഉള്ളവരിൽനിന്ന് 5% വും അല്ലാത്തവരിൽനിന്ന് 1% വും നികുതി ചുമത്തുക.

6. ഭൂനികുതി പഞ്ചായത്തിലേക്ക് നിക്ഷിപ്തമാക്കുക.

7. വസ്തു കൈമാററനികുതിയുടേയും റോഡ് ടാക്സ്, വാഹനനികുതി എന്നിവയുടേയും അർഹിക്കുന്നവിഹിതം പഞ്ചായത്തിൽ കൃത്യമായി ലഭ്യമാക്കുക. ഓട്ടോ, ടാക്സി നികുതി പഞ്ചായത്തിലേക്ക് നിക്ഷിപ്തമാക്കുക.

8. പൊതുജനപങ്കാളിത്തത്തോടുകൂടി ചെറിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പൊതുജനങ്ങളിൽനിന്നും സംഭാവനയായി സ്വീകരിക്കുന്നതിനും, സംഭാവനയായി അദ്ധ്വാനം സ്വീകരിക്കുന്നതിനും പഞ്ചായത്തിന് അവകാശം ഉണ്ടായിരിക്കണം.

9. കാർഷികവിളകളും നാണ്യവിളകളും കർഷകരിൽനിന്ന് നേരിട്ട് സ്വരൂപിക്കുന്നതിന് സംഭരണകേന്ദ്രം പഞ്ചായത്ത്തലത്തിൽ തുടങ്ങി ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് നേരിട്ട് വിതരണം ചെയ്യുക.

10. ലഭ്യമായ അസംസ്കൃതവസ്തുക്കൾ സ്വരൂപി ക്കുന്നതിനും വിപണനം ചെയ്യുന്നതിനും സംവിധാനം ഉണ്ടാക്കുക.

11. വീട്ടുനികുതി തറവിസ്തീർണ്ണത്തിന് അനുസരിച്ച് പുതുക്കി നിശ്ചയിക്കുക. ആഡംബരമാളികകളെ പ്രത്യേകം തരംതിരിച്ച് നികുതി ഈടാക്കുക.

12. പഞ്ചായത്ത് തലത്തിൽ യുവജനങ്ങളേയും അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരേയും സംഘടിപ്പിച്ച് പുതിയ വ്യവസായസംരഭങ്ങൾ തുടങ്ങി തൊഴിൽ സാധ്യതയും വരുമാനവും വർദ്ധിപ്പിക്കുക.

13. തൊഴിൽരഹിതരായ വനിതകൾക്ക് സംരഭകർക്ക് പരിശീ ലനക്ലാസ്സുകൾ നടത്തി വനിതാ വ്യവസായ യൂണി റ്റുകൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുക. സോപ്പ്, ജ്യൂസ്, അച്ചാറുകൾ, പലഹാരങ്ങൾ, ബേക്കറിസാധനങ്ങൾ റെഡിമെയ്ഡ് വസ്ത്രങ്ങൾ തുടങ്ങിയ വ്യവസായങ്ങൾക്ക് പരിശീലന ക്ലാസ്സുകൾ നടത്തുക.

14. പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽരഹിതരുടേയും വിദഗ്ദ തൊഴിലാളികളുടേയും അഭ്യസ്ഥവിദ്യരുടേയും യുവജനങ്ങളുടേയും പ്രത്യേക രജിസ്ററർ ഉണ്ടാക്കി സൂക്ഷിക്കുക.

15. പഞ്ചായത്തടിസ്ഥാനത്തിൽ വിദേശത്തൊഴി ലാളി കളുടെ രജിസ്ററർ ഉണ്ടാക്കുന്നതിനും അവരുടെ സമ്പാദ്യം സഹകരണസംഘം വഴി സമാഹരിക്കുന്ന തിനും വേണ്ട സംവിധാനം ഉണ്ടാക്കുക.

16. പുറമ്പോക്കുകൾ പഞ്ചായത്തുകൾ ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനത്തിൽ ഉപയോഗിക്കുക.

17. പഞ്ചായത്ത് റോഡിലും, ഭൂമിയിലും ഉള്ള ഫലവൃക്ഷങ്ങൾ, ഫലങ്ങൾ കാലാകാലങ്ങളിൽ ലേലം ചെയ്ത് വില്ക്കുക.

18. കർഷകർക്ക് ആവശ്യമായ വിത്ത് വളം മുതലായവ സമഹരിച്ച് വിപണനം ചെയ്യുക.

19. കർഷകരെ പുതിയ സംവിധാനങ്ങളെക്കുറിച്ച് ബോധവന്മാരാക്കി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം കൊടുക്കുക.

20. വ്യവസായക സംരഭകത്വ ട്രെയിനിംഗ് നല്കി യുവജനങ്ങൾക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങു ന്നതിന് പ്രോത്സാഹനം കൊടുക്കുക.

## സാധ്യതകൾ

സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന വിദ്യാഭ്യാ സസ്ഥാപനങ്ങളിൽ നിന്നും വാർഷികവരുമാനമനുസ രിച്ച് നികുതി ചുമത്താവുന്നതാണ്. പഞ്ചായത്ത് കുഴൽകിണറുകളിൽനിന്നും വാട്ടർ അതോറിട്ടിമുഖേന നടത്തുന്ന ജലവിതരണം നല്കുമ്പോൾ വാട്ടർ ചാർജ്ജിൻെറ 20% പഞ്ചായത്തിന് ലഭ്യമാക്കുവാൻ സാധിക്കും. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള പുറമ്പോക്ക് വസ്തുക്കൾ കെട്ടിസംരക്ഷിച്ച്, ടി സ്ഥല ങ്ങളിൽ ആരംഭിക്കാവുന്ന വ്യവസായ സഹകരണ സ്ഥാപനങ്ങൾക്ക് കെട്ടിടം പണിതീർത്ത് നല്കണം. വാടകയിനത്തിൽ സ്ഥിരമായ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നതാണ്.

പഞ്ചായത്ത് വക കുളങ്ങൾ മീൻ വളർത്തുന്ന തിന് ലേലം ചെയ്ത് നല്കാവുന്നതാണ്. പ്രധാന പ്പെട്ട തോടുകളിൽനിന്നും മണൽവാരുന്നത് ലേലം ചെയ്ത് നല്കണം. പഞ്ചായത്ത് അതിർത്തിയിലുള്ള കരിങ്കൽ ക്വാറികളിൽ നിന്നും പഞ്ചായത്ത് നികുതി ചുമത്താവുന്നതാണ്. കൂടാതെ സ്ഥിരമായി കരിങ്കൽ, മണൽ, മണ്ണ് എന്നിവ പഞ്ചായത്ത് റോഡുകളിൽകൂടി കൊണ്ടുപോകുന്നതിന് നികുതി ചുമത്തി പാസു നല്കേ ണ്ടതാണ്.

ഇന്ദിരവികാസ്പത്രയിലൂടെ ശേഖരിക്കുന്ന പണ ത്തിൻെറ 25% വികസനത്തിന് വിനിയോഗിക്കുവാൻ ലഭ്യ മാക്കണം. ആയതിനാൽ പഞ്ചായത്ത് കമ്മററിയുടെ നേതൃത്വത്തിൽ വ്യാപകമായ നിക്ഷേപസമാഹരണം നട ത്തണം.

സന്നദ്ധപ്രവർത്തനവും സംഭാവനയും വികസ നപ്രവർത്തനത്തിൻെറ പ്രധാന സ്രോതസ്സായി മാറ ണം. പഞ്ചായത്തിൻെറ എല്ലാത്തരത്തിലുമുള്ള വിക സനപ്രവർത്തനങ്ങൾക്കും അദ്ധ്വാനമായോ, പണമാ യോ, ശേഖരിക്കാൻ കഴിയണം. എല്ലാം പഞ്ചായത്ത് നിർവ്വഹിക്കണം എന്ന ജനങ്ങളുടെ കാഴ്ച്ചപ്പാട് മാററാൻ ശ്രമിക്കണം. എങ്കിൽ മാത്രമേ ജനകീയപ്രസ്ഥാനത്തിൻെറ ആവേശം പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ.

✳

**മഹാത്മജി വിഭാവനം ചെയ്ത അധികാര വികേന്ദ്രീകരണം പഞ്ചായത്തുരാജ് സമ്പ്രദായത്തിലൂടെ കേരളത്തിലും നടപ്പാക്കിക്കഴിഞ്ഞിരിക്കുകയാണല്ലോ. ഇതിൻെറ ഭാഗമായി പല വികസന വകുപ്പുകളും ഇതേവരെ നേരിട്ടു നടപ്പാക്കിവരുന്ന പദ്ധതികൾ പുതിയതായി രൂപംകൊണ്ട സ്വയംഭരണസ്ഥാപനങ്ങൾക്കു കൈമാ ററം ചെയ്തുകഴിഞ്ഞു. വികസനപദ്ധതികൾ ഏതായാലും പൊതുജന ങ്കാലിത്തത്തോടെ നടപ്പാക്കിയാൽ മാത്രമേ അവ പൂർണ്ണമായും വിജയിക്കുക യും ഫലപ്രാപ്തിയിലെത്തുകയും ചെയ്യുകയുള്ളൂ.**

# ഉപസംഹാരം

*പഞ്ചായത്തിന്റെ ആവിർഭാവം മുതൽ നിലവിൽ വന്നിട്ടുള്ള ഭരണസമിതികൾ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായി വളരെ തുച്ഛമായ ഫണ്ടുകളും, വരുമാനമാർഗ്ഗങ്ങളും മാത്രം ലഭ്യമായിരുന്ന ഈ പഞ്ചായത്ത്, റോഡുകളുടെ നിർമ്മാണകാര്യങ്ങളിലും, കൃഷി വികസനപദ്ധതികളിലും, മററുപ്രധാനമേഖലകളിലും വളരെ കാര്യങ്ങൾ ചെയ്യുന്നതിന് ശ്രമിച്ചിട്ടുണ്ട്. 1995 - ൽ അധികാരത്തിൽ വന്ന പുതിയ പഞ്ചായത്ത് ഭരണസമിതി വികസനങ്ങളുടെ കാര്യത്തിൽ വമ്പിച്ച മുന്നേററം നടത്തിയിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും സാധിച്ചു. പഞ്ചായത്തീരാജ് വ്യവസ്ഥയനുസരിച്ച് ഗ്രാമ പഞ്ചായത്ത്കൾക്ക് കൂടുതൽ അധികാര മേഖലകൾ ഇതിനകം കൈവന്നിരിക്കയാണ്. സർക്കാരിന്റെ ജനകീയ പ്രസ്ഥാനവുമായി വളരെയധികം സഹകരിച്ച് ഈ പ്രസ്ഥാനത്തെ വൻവിജയമാക്കുന്നതിന് പ്രതിജ്ഞബദ്ധതയോടെ പ്രവർത്തിക്കുന്നതോടൊപ്പം വിവിധ പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ശ്രമിച്ചുവരികയാണ്. സാമ്പത്തികമായി പഞ്ചായത്ത് സ്വയം പര്യാപ്തമാകുകയും, അധികാരമേഖലകൾ ഭദ്രമാകുകയും ചെയ്യുന്നതനുസരിച്ച് അർപ്പണമനോഭാവത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി ശ്രമിക്കുമെന്ന് ഉറപ്പ് നല്കികൊണ്ട് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ വിഭാഗം ജനങ്ങളുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു..*

പാവന സ്മരണക്ക്



4274

Late K.R. റപ്പായി
മുൻ വൈസ്. പ്രസിഡന്റ്



**Fatima Shrine, Kottekad.**

ശ്രീ വടകുറുമ്പ ക്ഷേത്രം, തിരൂർ

